SYRO-MALABAR VISION
A NEWSLETTER PUBLISHED WITH THE APPROVAL OF THE SYRO-MALABAR SYNOD

# സീറോമലബാർ വിഷൻ

ഒക്ടോബർ 2021 | പുസ്തകം 01 | ലക്കം 09 | സീറോമലബാർ സിനഡിന്റെ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുന്ന വാർത്താപത്രം

## ഫ്രാൻസിസ് മാർപാപ്പയെ ഇന്ത്യയിലേക്ക് ക്ഷണിച്ച് പ്രധാനമന്ത്രി മോദി



റോം: കത്തോലിക്കാ സഭയുടെ പരമാധ്യക്ഷനും വത്തിക്കാൻ രാഷ്ട്രത്തലവനുമായ ഫ്രാൻസിസ് മാർപാപ്പയും ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയും തമ്മിലുള്ള കൂടിക്കാഴ്ച അവസാനിച്ചു. ഇരുവരും ഒരു മണിക്കൂറോളം സംസാരിച്ചു. കൂടിക്കാഴ്ചയ്ക്കു ശേഷം മോദി വത്തിക്കാനിൽ നിന്നും മടങ്ങി.

മാർപാപ്പയെ മോദി ഇന്ത്യയിലേക്ക് ക്ഷണിച്ചു. കൂടിക്കാഴ്ച്ചയെ കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ വത്തിക്കാൻ തന്നെ പുറത്തുവിടുമെന്നാണ് സൂചന.

വത്തിക്കാനിൽ മാർപാപ്പയെ സന്ദർശിക്കുന്ന അഞ്ചാമത്തെ ഇന്ത്യൻ പ്രധാനമന്ത്രിയാണ് നരേന്ദ്ര മോദി. നെഹ്റു, ഇന്ദിരാഗാന്ധി, ഐ.കെ. ഗുജ്റാൾ, എ.ബി. വാജ്പേയി എന്നിവരാണ് മുമ്പ് മാർപാപ്പയെ സന്ദർശിച്ച ഇന്ത്യൻ പ്രധാനമന്ത്രിമാർ. 1999ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പയാണ് ഒടുവിൽ ഇന്ത്യ സന്ദർശിച്ചത്.




തീവ്രവാദികളിൽ നിന്നും മോചിതയായ സി. ഗ്ലോറിയ സിസിലിയ നർവയിസ് ഫ്രാൻസിസ് മാർപാപ്പയെ കണ്ട് ആശീർവാദം വാങ്ങുന്നു.

വാർത്ത 4–ാം പേജിൽ

## മാർപാപ്പയെ ഇന്ത്യയിലേക്ക് ക്ഷണിച്ചത് ചരിത്രപരമായ തീരുമാനം: കർദിനാൾ മാർ ജോർജ് ആലഞ്ചേരി

കൊച്ചി: വത്തിക്കാനിൽവച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുമായുള്ള കൂടിക്കാഴ്ചവേളയിൽ പാപ്പയെ ഇന്ത്യ സന്ദർശിക്കുവാൻ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി ക്ഷണിച്ചത് അഭിനന്ദനാർഹമാണ്. ലോകം ഉറ്റുനോക്കുന്ന ധാർമികതയുടെയും മാനവികതയുടെയും ശബ്ദമായ ഫ്രാൻസിസ് പാപ്പയ്ക്ക് സ്വാഗതമോതുവാനുള്ള തീരുമാനം ലോകരാഷ്ട്രങ്ങൾക്കിടയിൽ ഇന്ത്യയുടെ യശസ്സ് ഉയർത്തും. വത്തിക്കാനും ഭാരതവും തമ്മിലുള്ള നയതന്ത്ര ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്നതിനും ഭാരതത്തിലെ ഇതരമതങ്ങളും ക്രൈസ്തവസഭകളും തമ്മിലുള്ള ബന്ധങ്ങൾ പരിപോഷിപ്പിക്കുന്നതിനും



മാർപാപ്പയുടെ സന്ദർശനം ഉപകരിക്കും. ഭാരതീയർക്കെല്ലാം, വിശിഷ്യാ ക്രൈസ്തവർക്ക്, ഏറെ ആഹ്ലാദപ്രദമാണ് പ്രധാനമന്ത്രിയുടെ ഈ ക്ഷണം. മാർപാപ്പ യഥാസമയം ഭാരതം സന്ദർശിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. ബഹുസ്വരസമൂഹമായ ഭാരതത്തിൽ സാഹോദര്യവും സഹവർത്തിത്വവും പരിപോഷിപ്പിക്കാൻ മാർപാപ്പയുടെ സന്ദർശനം വഴിയൊരുക്കും. പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിക്ക് കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ഹൃദയപൂർവ്വകമായ അഭിനന്ദനങ്ങൾ അറിയിക്കുന്നതായി കർദിനാൾ മാർ ജോർജ് ആലഞ്ചേരി പ്രസ്താവിച്ചു.

## മെഴുകുതിരി പീഠം സമ്മാനിച്ച് മോദി, ഒലിവില ചില്ലയുടെ വെങ്കല ഫലകം സമ്മാനിച്ച് പാപ്പ!






വെള്ളിയിൽ നിർമിച്ച മെഴുകുതിരി പീഠവും കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട ഒരു ഗ്രന്ഥവുമാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്രാൻസിസ് പാപ്പയ്ക്ക് സമ്മാനിച്ചത്. ബൈബിളിൽ പ്രതീക്ഷയുടെ അടയാളമായ ഒലിവിലച്ചില്ല പതിച്ച വെങ്കല ഫലകമായിരുന്നു പാപ്പയുടെ സമ്മാനം. 'മരുഭൂമി ഫലപുഷ്ടിയുള്ളതാകും,' എന്ന തിരുവചനവും ഫലകത്തിൽ ആലേഖനം ചെയ്തിട്ടുണ്ട്.

## പ്രളയദുരന്തം: എല്ലാവരും ജാഗ്രതയോടെ ഉണർന്നു പ്രവർത്തിക്കേണ്ട സമയം; കർദിനാൾ മാർ ജോർജ് ആലഞ്ചേരി

കൊച്ചി: കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ കനത്ത മഴയെത്തുടർന്നുണ്ടായ ഉരുൾപൊട്ടലിലും വെള്ളപൊക്കത്തിലും നമ്മുടെ സഹോദരങ്ങൾക്ക് ജീവഹാനി സംഭവിക്കാൻ ഇടയായത് അത്യന്തം വേദനാജനകമാണ്. കുടുംബാംഗങ്ങൾ നഷ്ടപ്പെട്ടവരുടെ ദുഃഖത്തിൽ പങ്കുചേരുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. വീടും സ്വത്തുക്കളും നഷ്ടപ്പെട്ടവരോടും, പ്രളയ ദുരിതം അനുഭവിക്കുന്നവരോടും ചേർന്ന്നിൽക്കുവാനും അടിയന്തിര സഹായങ്ങൾ ചെയ്തുകൊണ്ട് അവരെ ആശ്വസിപ്പിക്കുവാനും എല്ലാവരോടും അഭ്യർത്ഥിക്കുന്നു. ദുരന്തമുഖത്തേക്ക് ഓടിയെത്തി സഹായിച്ച നല്ലവരായ നാട്ടുകാരും സർക്കാർ സംവിധാനങ്ങളും സന്നദ്ധ പ്രവർത്തകരും അഭിനന്ദനം അർഹിക്കുന്നു. അടുത്ത കാലത്തായി കേരളം പ്രകൃതി ദുരന്തങ്ങളുടെ നാടായി മാറുന്നത് ആശങ്ക ഉളവാക്കുന്നു. ഇത്തരം സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടാതിരിക്കാൻ ആവശ്യമായ നയതീരുമാനങ്ങളും പ്രവർത്തനപദ്ധതികളും രൂപപ്പെടുത്തുവാൻ ഉത്തരവാദിത്വപ്പെട്ടവർ അതീവ ജാഗ്രത കാണിക്കണം. പ്രകൃതി ദുരന്തങ്ങൾ നമ്മെ തളർത്തുകയല്ല മറിച്ച് അത്തരം സാഹചര്യങ്ങളെ ശാസ്ത്രീയ അടിത്തറയിൽ പ്രതിരോധിക്കാൻ പ്രേരിപ്പിക്കുകയാണ് ചെയ്യുന്നതെന്ന് പ്രസ്ഥാവനയിൽ കെസിബിസി പ്രസിഡണ്ടും സീറോമലബാർ സഭാ തലവനുമായ കർദിനാൾ മാർ ജോർജ് ആലഞ്ചേരി അഭിപ്രായപ്പെട്ടു.

## സീറോമലബാർസഭയുടെ കുർബാനതക്സയിൽ വരുത്തിയ മാറ്റങ്ങൾ: വിശദീകരണകുറിപ്പ്

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ വിശ്വാസപൈതൃകത്തിലും പൗരസ്ത്യസുറിയാനി പാരമ്പര്യത്തിലുമുള്ളതാണ് സീറോമലബാർ സഭയുടെ കുർബാന. നിലവിലുണ്ടായിരുന്ന നമ്മുടെ കുർബാനക്രമത്തിൽ 1599 ലെ ഉദയംപേരൂർ സൂനഹദോസ് സാരമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. അതിനുശേഷവും കാലാകാലങ്ങളിൽ ആവശ്യകമായ മാറ്റങ്ങൾ കുർബാനതക്സയിൽ വരുത്തിയിട്ടുണ്ട്. 1962 ൽ പുനരുദ്ധരിച്ചു മലയാളത്തിൽ പ്രസിദ്ധീകരിച്ച കുർബാനക്രമം 1968 ൽ ഏതാനും ഭേദഗതികളോടെ നവീകരിക്കുകയും പരീക്ഷണാർഥം ഉപയോഗിക്കാൻ പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള തിരുസംഘത്തിൽനിന്ന് അനുവാദം ലഭിക്കുകയും ചെയ്തു. നമ്മുടെ തക്സയിൽ വേണ്ട മാറ്റങ്ങൾ വരുത്തി കുർബാനക്രമം പ്രസിദ്ധീകരിക്കാൻ 1980 ൽ പൗരസ്ത്യതിരുസംഘം ആവശ്യപ്പെട്ടു. അതിന്റെ വെളിച്ചത്തിൽ രൂപപ്പെടുത്തിയ തക്സയ്ക്ക് 1985 ഡിസംബർ 19–ാം തീയതി പൗരസ്ത്യതിരുസംഘത്തിന്റെ അംഗീകാരം ലഭിക്കുകയും 1986 ഫെബ്രുവരി 8–ാം തീയതി ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ കോട്ടയത്ത് അൽഫോൻസാമ്മയെയും ചാവറയച്ചനെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കുന്ന കർമങ്ങളോടനുബന്ധിച്ചു റാസ കുർബാനയർപ്പിച്ച് ഔദ്യോഗികമായി ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. ആഘോഷപൂർവകമായ ക്രമത്തിനും സാധാരണക്രമത്തിനും 1989 ഏപ്രിൽ 3–ാം തീയതി പൗരസ്ത്യ തിരുസംഘത്തിന്റെ അംഗീകാരം ലഭിക്കുകയുണ്ടായി. അഞ്ചുവർഷത്തിനുള്ളിൽ ഈ കുർബാന തക്സയിൽ മാറ്റങ്ങൾ വരുത്തരുതെന്ന് നിർദേശവുമുണ്ടായിരുന്നു.

വിശുദ്ധ കുർബാന ഏകീകൃതരൂപത്തിൽ അർപ്പിക്കാനുള്ള 1999 ലെ സീറോമലബാർ സിനഡിന്റെ തീരുമാനം ഇപ്രകാരമായിരുന്നു: 'വിശുദ്ധ കുർബാനയുടെ ആരംഭംമുതൽ അനാഫൊറവരെയുള്ള ഭാഗം ജനാഭിമുഖമായും, അനാഫൊറമുതൽ വിശുദ്ധ കുർബാനസ്വീകരണം ഉൾപ്പെടെയുള്ള ഭാഗം അൾത്താരാഭിമുഖമായും, വിശുദ്ധ കുർബാനസ്വീകരണത്തിനുശേഷമുള്ള ഭാഗം ജനാഭിമുഖമായും നടത്തേണ്ടതാണ്' (VII Synod,

(ശേഷം 5 –ാം പേജിൽ)

സീറോമലബാർ വിഷൻ

എഡിറ്റോറിയൽ

## സോഷ്യൽ മീഡിയയിലെ സമകാലീന ആശയവിനിമയ രീതികൾ

ഏറ്റവും ജനകീയമായ സോഷ്യൽ മീഡിയകളിലൂടെ നമ്മെ തന്നെ ആവിഷ്കരിക്കുന്ന സമൂഹത്തിലാണ് നാം ജീവിക്കുന്നത്. കോവിഡിന്റെ പശ്ചാത്തലത്തിൽ സോഷ്യൽ മീഡിയയുടെ ഉപയോഗം പതിൻമടങ്ങ് വർദ്ധിച്ചിരിക്കുന്നു. സജീവമായ രാഷ്ട്രീയ-സാംസ്ക്കാരിക ചർച്ചകളും സെലിബ്രിറ്റി ഗോസിപ്പുകളും മററനവധി വിഷയങ്ങളുമായി സോഷ്യൽ മീഡിയ, ഉപഭോക്താക്കളുടെ സമയം കവർന്നെടുക്കുന്നു. ഡിജിറ്റൽ വിദ്യാഭ്യാസ രീതികളും മതപരമായ സംവാദങ്ങളും ഓൺലൈൻ വി. കുർബാനകളും ധ്യാനങ്ങളും സർവ്വസാധാരണമായി.

സ്റ്റാറ്റിസ്റ്റ റിസേർച്ച് ഡിപ്പാർട്ടുമെന്റിന്റെ 2021 സെപ്റ്റംബർ 10ലെ കണക്കനുസരിച്ച് ലോകത്തിൽ ഇപ്പോൾ 2.89 ബില്യൺ സജീവ ഉപയോക്താക്കളാണ് ഫെയ്സ് ബുക്കിനുള്ളത്. കഴിഞ്ഞ 30 ദിവസത്തിനുള്ളിൽ ഫെയ്സ്ബുക്കിൽ ലോഗിൻ ചെയ്തവരെയാണ് സജീവ ഉപയോക്താക്കൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത്. 2021-ന്റെ ആദ്യ പാദത്തിൽ, ഓരോ മാസവും 3.51 ബില്യൺ ആളുകൾ കമ്പനിയുടെ പ്രധാന ഉൽപ്പന്നങ്ങളിലൊന്നെങ്കിലും (ഫേസ്ബുക്ക്, വാട്ട്സ്ആപ്പ്, ഇൻസ്റ്റാഗ്രാം അല്ലെങ്കിൽ മെസഞ്ചർ) ഉപയോഗിക്കുന്നുണ്ടെന്ന് മെറ്റാ എന്നപേരിൽ പുതുനാമം സ്വീകരിച്ച കമ്പനി വെളിപ്പെടുത്തിയിട്ടുണ്ട്.

കടുത്ത വിദ്വേഷം, അക്രമചിന്ത തുടങ്ങിയ ആശയങ്ങൾ കംപ്യൂട്ടർ അൽഗൊരിതത്തിലൂടെ ഫെയ്സ് ബുക്കിന്റെ  ഉള്ളടക്കങ്ങളിലേക്കു നയിക്കുന്നുവെന്ന വെളിപ്പെടുത്തലുമായാണ് മുൻ ഫെയ്സ് ബുക്ക് ജീവനക്കാരി സോഫി ഷാങ് യുകെ പാർലമെന്റിൽ ജോയിന്റ് കമ്മിറ്റിയുടെ മുമ്പാകെ കഴിഞ്ഞ ദിവസം ഫെയ്സ് ബുക്കിനെതിരെ മൊഴി നല്കിയത്. ഫെയിസ് ബുക്കിൽനിന്നു പുറത്താക്കപ്പെട്ട വിസിൽ ബ്ലോവർമാർ (ഫ്രാൻസസ് ഹോഗൻ, സോഫി ഷാങ്) സൂചിപ്പിക്കുന്നതനുസരിച്ച് പലവിധ താൽപര്യങ്ങൾക്കായി ധാരാളം വ്യാജ അക്കൗണ്ടുകൾ ഫെയ്സ് ബുക്കിലുണ്ട്.

വിശ്വാസയോഗ്യമല്ലാത്തതും എന്നാൽ ആകർഷണം തോന്നുന്നതുമായ തമാശകൾ സോഷ്യൽ മീഡിയയിൽ ഷെയർ ചെയ്യുന്നതിലൂടെ ആത്മസംതൃപ്തി അനുഭവിക്കുന്നവരാണല്ലോ ബഹുഭൂരിപക്ഷവും. സോഷ്യൽ മീഡിയലൂടെ പങ്കുവെക്കപ്പെടുന്ന കാര്യങ്ങൾക്ക് പതിവിലേറെ വേഗതയുണ്ട്. വിവരങ്ങൾ ശേഖരിച്ചശേഷം നടത്തുന്ന വസ്തുതാവിശകലനവും ഭാഷയുടെ കൃത്യത വരുത്തലുമെല്ലാം പത്രത്തിന്റെയും ചാനൽ വാർത്താവതരണത്തിന്റെയും തയ്യാറെടുപ്പുകളിലുണ്ട്. എന്നാൽ നേരെ മറിച്ച്, സോഷ്യൽ മീഡിയയിൽ ഷെയറു ചെയ്യപ്പെടുന്ന വിഷയങ്ങൾ ഇത്തരത്തിലുള്ള തയ്യാറെടുപ്പുകൾ നടത്താത്ത 'റോ സ്റ്റോറി'കളാണെന്ന വസ്തുത പലപ്പോഴും നാം തിരിച്ചറിയാറില്ല. സാഹചര്യത്തിൽ നിന്ന് വ്യത്യസ്ഥമായി തെറ്റിദ്ധാരണകൾക്ക് കാരണമായി തീരാവുന്ന ഫോർവേഡു മെസേജുകൾ ഇങ്ങനെയാണ് രൂപപ്പെടുന്നത്.  യാഥാർത്ഥ്യത്തിലേക്ക് കുറേ ദൂരമുണ്ടെങ്കിലും  തെറ്റിദ്ധാരണാജനകമായ വാർത്തകൾ അതേപോലെതന്നെ വിശ്വസിക്കാനാണ് പൊതുവേ ഏവരും താത്പര്യപ്പെടുന്നത്. ക്രോസ് വേരിഫിക്കേഷൻ, ഫാക്റ്റ് ചെക്കിങ്ങ് എന്നിവ ദൈനംദിന ജീവിതക്രമമായി മാറേണ്ടിയിരിക്കുന്നു.

'ലോകമേ തറവാട്' എന്ന വിശാലമായ കാഴ്ചപ്പാടുകളിലേക്കാണ് ഓൺലൈൻ മീഡിയ നമ്മെ സ്വാഗതം ചെയ്യുന്നത്. സങ്കുചിതമായ വിഭാഗീയ ചിന്തകളോടെ സോഷ്യൽ മീഡിയയിൽ സജീവമായ കുറേയേറെപ്പേർ ഓൺലൈൻ സാമാന്യമര്യാദകളോട് എന്നും അസ്വസ്ഥത പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണല്ലോ. സൈബർ അക്രമങ്ങൾ, ഡിജിറ്റൽ മോഷണങ്ങൾ തുടങ്ങിയവ ഇത്തരത്തിൽ രൂപപ്പെടുന്ന ചിലകാര്യങ്ങളാണ്. സെൻസേഷന്റെ ചുവയുള്ളതുകൊണ്ടു മാത്രം ചുറ്റിനടക്കുന്ന തെറ്റായ വിവരങ്ങളിൽനിന്ന് ക്രിയാത്മകമായ അകലം പാലിക്കേണ്ടവരാണ് നാം.

പാരമ്പര്യ ശൈലിയിൽനിന്നും തികച്ചും വ്യത്യസ്ഥമായുള്ള  ഓൺലൈൻ വി. കുർബാനകൾ, സോഷ്യൽ മീഡിയ ധ്യാനപ്രസംഗങ്ങൾ എന്നിവയിൽ 'സേക്രഡ് സ്പേസ്', 'സേക്രഡ് ടൈം' എന്നീ അനുഭവങ്ങൾ പരിമിതമായി മാത്രമേ ലഭ്യമാകുന്നുള്ളൂ. ഇത്തരം പുതിയ ഓൺലൈൻ രീതികളിൽ സജീവമാകുമ്പോൾ നമ്മുടെ ഭക്താനുഷ്ഠാനങ്ങളിൽ സംഭവിക്കുന്ന മാറ്റങ്ങളെക്കു റിച്ചും നാം മനസ്സിലാക്കേണ്ടതുണ്ട്.  സോഷ്യൽ മീഡിയയിലൂടെ ആശയവിനിമയം നടത്തുമ്പോൾ അതിന്റെ പ്രവർത്തനരീതിയും ആവിഷ്ക്കാര ശൈലിയും കൃത്യമായി മനസ്സിലാക്കി പ്രവർത്തിക്കാൻ നമുക്കു കഴിയണം. വിദ്വേഷവും പരസ്പര സ്പർദ്ധയും ഉടലെടുക്കുന്ന ആശയങ്ങളും അവയെ അവതരിപ്പിക്കുന്ന ശൈലികളും ക്രിസ്തീയതയുടെ ചെറുത്തു നില്പ് എന്ന രീതിയിൽ ഉപയോഗിക്കാതിരിക്കാൻ നാം ബാധ്യസ്ഥരാണ്. ധാർമ്മിക മൂല്യങ്ങൾക്കെതിരായുള്ള ആശയ വിനിമയ ശൈലികൾ സോഷ്യൽ മീഡിയയിൽ ഉപയോഗിക്കുമ്പോൾ അതേ നാണയത്തിൽ തിരിച്ചടിക്കാനുള്ള പ്രതിലോമചിന്തകൾക്ക് വശംവദരാകരുത്. കാലാകാലങ്ങളായി നാം പിൻതുടരുന്നുകൊണ്ടിരിക്കുന്ന  വിശ്വാസരീതികളും ആചാരാനുഷ്ഠാനങ്ങളും ഡിജിറ്റൽ ലോകത്തിൽ വ്യക്തതയോടുകൂടി അടയാളപ്പെടുത്താൻ നമുക്ക് സാധിക്കട്ടെ.



**ഫാ. അലക്സ് ഓണംപള്ളി**
ചീഫ് എഡിറ്റർ, സീറോമലബാർ വിഷൻ

# ബിഷപ്പുമാരുടെ സിനഡിന് വത്തിക്കാനിൽ തുടക്കമിട്ട് ഫ്രാൻസിസ് മാർപാപ്പ



റോം: ഒക്ടോബർ 9-ാം തീയതി സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ ഫ്രാൻസിസ് മാർപാപ്പ മുഖ്യകാർമ്മികനായി അർപ്പിക്കപ്പെട്ട വിശുദ്ധ കുർബാനയോടെ മെത്രാന്മാരുടെ സിനഡിനു തുടക്കമായി. കർദിനാൾമാരും ബിഷപ്പുമാരും ഉൾപ്പെടെ നിരവധി വൈദികർ സഹകാർമ്മികരായിരുന്ന ആരാധനയിൽ ലോകമെമ്പാടുനിന്നുമുള്ള വിശ്വാസി സമൂഹം പങ്കെടുത്തു.

രണ്ട് വർഷത്തെ സിനഡൽ പ്രക്രിയക്കാണ് തുടക്കമായിട്ടുള്ളത്. ഒരേ വഴിയിൽ ഒരുമിച്ച് നടക്കുകയെന്നതാകണം സിനഡിന്റെ ആത്യന്തിക ലക്ഷ്യമെന്ന് വചന സന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു. യേശുവിന്റെ മാതൃക പിന്തുടർന്ന് വിവേചനം ആധാരമാക്കിയുള്ള ശ്രവണവും സംവാദവുമാകണം സിനഡ് പ്രക്രിയ.

വഴിയിൽ കണ്ടുമുട്ടുന്നവരുമായി ആശയസംവേദനത്തിന് സന്നദ്ധനായിരുന്ന യേശുവിനെ സുവിശേഷങ്ങളിൽ നാം കാണുന്നു. അവരുടെ ചോദ്യങ്ങൾ യേശു സശ്രദ്ധം കേട്ടു. യേശുവിനെപ്പോലെ സംവാദത്തിൽ തുറവിയുള്ളവരാകാനാണ് നമ്മളും വിളിക്കപ്പെട്ടിരിക്കുന്നത്. ദൈവത്തോട് ആഭിമുഖ്യമുള്ള തുറന്ന മനസ്സ് വളർത്തണം. പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും സമയം കണ്ടെത്തണം. പരിശുദ്ധാത്മാവ് പറയുന്നത് ശ്രദ്ധിക്കാനാവുകയെന്നതും സുപ്രധാനമാണ്. മറ്റുള്ളവരുടെ നേരെ തുറന്ന മനസ്സും ധൈര്യവും ഇതിന് അനിവാര്യമാണ്. അപരന്റെ സാന്നിധ്യവും അനുഭവങ്ങളും നൽകുന്ന വെല്ലുവിളി ഏറ്റെടുക്കാനുള്ള സന്നദ്ധതയും ആവശ്യമാണ്.

മനുഷ്യരുമായുള്ള യഥാർത്ഥ കണ്ടുമുട്ടൽ മറ്റുള്ളവരെ ശ്രദ്ധിക്കുന്നതിലൂടെ മാത്രമേ സംഭവിക്കുകയുള്ളൂവെന്ന് ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു. യേശു കേൾക്കുന്നത് കേവലം ചെവികളാൽ മാത്രമല്ല, ഹൃദയത്തോടെയാണ്. ഹൃദയത്തോടെ കേൾക്കുന്നതിൽ നമ്മൾ യേശുവിനെ പിന്തുടരുമ്പോൾ, വിധിക്കപ്പെടുന്നതിനു പകരമായി തങ്ങളെ കേൾക്കുന്നുണ്ടെന്ന ബോധ്യം ആളുകളിൽ വളരും. തങ്ങളുടെ സ്വന്തം അനുഭവങ്ങളും ആത്മീയ യാത്രയും വിവരിക്കാൻ അവർക്ക് സ്വാതന്ത്ര്യം കൈവരും.

മറ്റുള്ളവർ സ്വയം പ്രകടിപ്പിക്കാൻ തയ്യാറാകുമ്പോൾ അവരെ കേൾക്കാനുള്ള സന്നദ്ധത നമുക്കുണ്ടോ എന്ന് സ്വയം ചോദിക്കണം - മാർപ്പാപ്പ പറഞ്ഞു. ഓരോ സഭയുടെയും ചോദ്യങ്ങളും ആശങ്കകളും പ്രതീക്ഷകളും മനസിലാക്കാനും നമ്മുടെ ചുറ്റുമുള്ള ലോകം അവതരിപ്പിക്കുന്ന വെല്ലുവിളികൾ പങ്കിടാനും പരിശുദ്ധാത്മാവ് നമ്മോട് ആവശ്യപ്പെടുന്നുണ്ട്. 'സ്വരം അകത്തേക്കു കടക്കാത്തതാകരുത് നമ്മുടെ ഹൃദയങ്ങൾ; നിശ്ചയദാർഢ്യങ്ങളുടെ കോട്ടയാൽ ബന്ധിതമാകുകയുമരുത് പകരം, നമുക്ക് പരസ്പരം ശ്രദ്ധിക്കാം.'

അവസാനിപ്പിക്കാനുള്ളതല്ല ആശയ സംവാദവും പരസ്പര ശ്രവണവും - ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു. പക്ഷേ വിവേചനത്തിലേക്ക് നയിക്കണം അതെല്ലാം. 'നാം സംഭാഷണത്തിൽ ഏർപ്പെടുമ്പോഴെല്ലാം, വെല്ലുവിളി നേരിടാനും യാത്രയിൽ മുന്നേറാനും സ്വയം അനുവദിക്കുക കൂടിയാകണം. അകത്തേക്ക് നോക്കാനും ദൈവം നമുക്ക് വെളിപ്പെടുത്തുന്നതെന്താണെന്ന് കണ്ടെത്താനും ആ വെളിച്ചത്തിൽ ആശയങ്ങൾ വിവേചിച്ചറിയാനും അതുവഴി ഹൃദയങ്ങളെ കൂടുതൽ മൂല്യവത്താക്കാനും യേശു സഹായിക്കും. ആരാധനയിലും പ്രാർത്ഥനയിലും ദൈവവചനവുമായുള്ള സംഭാഷണത്തിലും നടക്കുന്ന ആത്മീയ വിവേചനത്തിന്റെ ഒരു യാത്രയാണ് സിനഡ്.'

സൂനഹദോസിന്റെ ഈ ദിവസങ്ങളിൽ നമുക്ക് ഒരുമിച്ച് ഒരു നല്ല യാത്ര നടത്താം - മാർപ്പാപ്പ പറഞ്ഞു. സുവിശേഷത്തിലെ സമ്പന്നനായ മനുഷ്യനെപ്പോലെ, നമ്മെ ശൂന്യമാക്കാം. ദൈവം നമ്മോട് എന്താണ് പറയാൻ ആഗ്രഹിക്കുന്നതെന്നറിയാൻ ശ്രമിക്കാം. നമ്മൾ എത്തിച്ചേരേണ്ട ലക്ഷ്യത്തെക്കുറിച്ചും സ്വയം ചോദിച്ചുകൊണ്ടിരിക്കാം. നമ്മൾ 'സുവിശേഷത്തെ സ്നേഹിക്കുന്നവരും ആത്മാവിന്റെ ആശ്ചര്യങ്ങൾക്ക് തുറന്നുകൊടുക്കുന്നവരുമായ' തീർഥാടകരാകണം. കണ്ടുമുട്ടലിന്റെയും ശ്രവണത്തിന്റെയും വിവേചനത്തിന്റെയും കൃപ നിറഞ്ഞ അവസരങ്ങൾ നഷ്ടപ്പെടുത്താതിരിക്കാം.

# വനസംരക്ഷണനിയമം: മാറ്റങ്ങൾ സ്വീകാര്യമെന്നു കത്തോലിക്ക കോൺഗ്രസ്

മുക്കം (കോഴിക്കോട്): നിലവിലുള്ള വനസംരക്ഷണനിയമത്തിൽ മാറ്റങ്ങൾ കൊണ്ടുവരുന്നതിനു കേന്ദ്ര സർക്കാർ മുന്നോട്ടുവച്ച നിർദേശങ്ങൾ നടപ്പാക്കാൻ പിന്തുണ നല്കുന്നതായി കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി രൂപീകരിച്ച കർഷക കൗൺസിലിന്റെ പ്രഥമ യോഗം. നാടിന്റെ വികസനത്തെയും കർഷക സമൂഹത്തിൻറെ നിലനില്പിനെയും സാരമായി ബാധിക്കുന്ന നിലവിലുള്ള കർശന വനനിയമ വ്യവസ്ഥകളിൽ മാറ്റം അനിവാര്യമാണ്.

നാടിന്റെ പച്ചപ്പിനെ പോലും ഇല്ലാതാക്കുന്നതാണ് നിലവിലുള്ള വനനിയമത്തിലെ പല ഭാഗങ്ങളും. ഇവയിൽ മാറ്റം വേണം. കപട പരിസ്ഥിതിവാദികളായവരുടെ ഇടപെടൽ മൂലം ഭേദഗതി നിർദ്ദേശങ്ങൾ ജനവിരുദ്ധമായി മാറാതിരിക്കാൻ ജാഗ്രത വേണമെന്നും ഭരണാധികാരികൾ ജനപക്ഷ നിലപാടുകൾക്കൊപ്പം നിലനില്ക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

കൃഷിയിടങ്ങളിലേക്കു കടന്നുകയറി ജനങ്ങൾക്കും കൃഷിക്കും ശല്യമാകുന്ന വന്യമൃഗങ്ങളെ നിയന്ത്രിക്കുന്ന നടപടി വേണം. വ്യാപക കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ കൊല്ലുന്നതിനും ഇവയെ പ്രാദേശിക ഭരണകൂടങ്ങളുടെയും വനം വകുപ്പ് ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ പരസ്യമായി ലേലം ചെയ്തു വില്ക്കുന്നതിനും ഉത്തരവ് ഉണ്ടാകണമെന്നും യോഗം ആവശ്യപ്പെട്ടു.

ഓൺലൈൻ പ്ലാറ്റ്ഫോമിൽ ചേർന്ന യോഗത്തിൽ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി പ്രസിഡൻറ് അഡ്വ. ബിജു പറയന്നിലം അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി രാജീവ് ജോസഫ് ആമുഖ പ്രഭാഷണം നടത്തി. വൈസ് പ്രസിഡണ്ട് ജോസുകുട്ടി ഒഴുകയിൽ വിഷയാവതരണം നടത്തി. കർഷക കൗൺസിൽ കോ-ഓർഡിനേറ്റർ ബേബി പെരുമാലിൽ, ഗ്ലോബൽ സമിതി ഭാരവാഹികളായ ചാർളി പാലക്കുടി, ബിനോയി തോമസ്, ജോമി ഡൊമിനിക്, ഐപ്പച്ചൻ തടിക്കാട്ട്, ജോസ് വട്ടുകുളം, ചാക്കോച്ചൻ കാരാമയിൽ, ജോമി മാത്യു ജോസ് കുട്ടി മാടപ്പള്ളി, വർഗീസ് ആൻറണി തുടങ്ങിയവർ പ്രസംഗിച്ചു.

# പ്രോലൈഫ് സംസ്കാരമാണ് സമൂഹത്തെ നന്മകളിൽ നിലനിർത്തുന്നത് - കെസിബിസി പ്രോലൈഫ് സമിതി

കൊച്ചി: മനുഷ്യജീവന്റെ സമഗ്ര സംരക്ഷണം ലക്ഷ്യമാക്കിയുള്ള പ്രവർത്തങ്ങളാണ് സഭയെ നന്മയിലേയ്ക്ക് നയിക്കുന്നതെന്ന് കെസിബിസി പ്രോലൈഫ് സമിതിയുടെയും ഫാമിലി കമ്മീഷന്റെയും ചെയർമാൻ റൈറ്റ് റവ ഡോ. പോൾ ആന്റണി മുല്ലശ്ശേരി പറഞ്ഞു.

മയക്കുമരുന്നുകളുടെ സ്വാധീനത്തിലും ലോകത്തിന്റെ മാസ്മരികതയിലും യുവതലമുറയും വിദ്യാർത്ഥികളും അകപ്പെടാതെ ജാഗ്രത പാലിക്കണമെന്ന പാലാ മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിന്റെ ആഹ്വാനം, കുടുംബങ്ങളുടെ സുരക്ഷ ആഗ്രഹിക്കുകയും അനുധാവനം ചെയ്യുകയും ചെയ്യുന്ന സഭയുടെ പൊതു കാഴ്ചപ്പാടാണെന്നും കെസിബിസി പ്രോലൈഫ് സമിതിയുടെ സംസ്ഥാന നേതൃസമ്മേളനം പാലാരിവട്ടം പിഒസിയിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രസംഗിച്ചു. നമ്മുടെ സമൂഹത്തിലെ മുഴുവൻ കുടുംബങ്ങളുടെയും വ്യക്തികളുടെയും ക്ഷേമവും പുരോഗതിയും ഉറപ്പുവരുത്തുന്നതാണ് പ്രോലൈഫ് സംസ്കാരമെന്ന് അദ്ദേഹം പറഞ്ഞു. കെസിബിസി പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന വിവിധ ശുശ്രൂഷകളെ അദ്ദേഹം പ്രകീർത്തിച്ചു. പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന പ്രേക്ഷിതർ സഭയ്ക്കും സമൂഹത്തിനും അനുഗ്രഹമാണെന്നും അദ്ദേഹം പറഞ്ഞു. പ്രസിഡന്റ് സാബു ജോസ് അധ്യക്ഷത വഹിച്ചു. ഒരു ലക്ഷത്തോളം സമർപ്പിത പ്രേക്ഷിത പ്രോലൈഫ് കുടുംബങ്ങൾ സമൂഹത്തിൽ വരുംകാലങ്ങളിൽ സാമൂഹ്യസേവന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുമെന്ന് അദ്ദേഹം പറഞ്ഞു.

കുടുംബങ്ങളുടെ കെട്ടുറപ്പും, കുഞ്ഞുങ്ങളുടെ സംരക്ഷണവും നിരവധി വെല്ലുവിളികളെ അഭിമുഖീകരിക്കുന്ന ഇക്കാലഘട്ടത്തിൽ ജീവന്റെ സംരക്ഷണ ശുശ്രൂഷകൾക്ക് വലിയ പ്രാധാന്യമുണ്ടെന്നു അനുഗ്രഹപ്രഭാഷണം നടത്തിയ വൈസ് ചെയർമാൻ മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ പറഞ്ഞു.



ട്രഷറർ ടോമി പ്ലാത്തോട്ടം ഫിനാൻഷ്യൽ റിപ്പോർട്ടും ജനറൽ സെക്രട്ടറി അഡ്വ. ജോസി സേവ്യർ പ്രവർത്തനറിപ്പോർട്ടും അവതരിപ്പിച്ചു. കെസിബിസി ഡപ്യൂട്ടി സെക്രട്ടറി ഫാ. ജേക്കബ് പാലക്കാപ്പള്ളി, പ്രോലൈഫ് സമിതി ഡയറക്ടർ ഫാ. പോൾസൺ സിമേതി, ആനിമേറ്റർ സിസ്റ്റർ മേരി ജോർജ്, വൈസ് പ്രസിഡന്റ് ഉമ്മച്ചൻ ചക്കുപുരയ്ക്കൽ എന്നിവർ പ്രസംഗിച്ചു. ജയിംസ് ആഴ്ച്ചങ്ങാടൻ കെസിബിസി പ്രൊലൈഫ് സമിതി നയരേഖയും, ആനിമേറ്റർ ജോർജ് എഫ് സേവ്യർ വലിയകുടുംബങ്ങൾ-അനുധാവനം-പോളിസിയും, വരാപ്പുഴ അതിരൂപത പ്രസിഡന്റ് ജോൺസൺ സി. ഏബ്രാഹം കുടുംബവർഷസമാപന പദ്ധതികളും, സെക്രട്ടറി മാർട്ടിൻ ജെ ന്യൂനസ് കുടുംബ ക്ഷേമ പ്രവർത്തനപരിപാടികളും അവതരിപ്പിച്ചു.

32 രൂപതകളിൽ നിന്നുള്ള ഡയറക്ടർമാരും പ്രതിനിധികളും നേതൃസമ്മേളനത്തിൽ പങ്കെടുത്തു. കുടുംബപ്രേഷിത ശുശ്രൂഷകൾ, ജീവന്റെ സംരക്ഷണ പ്രവർത്തനം എന്നിവയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു. കെസിബിസി പ്രോലൈഫ് സമിതിയുടെ നയരേഖയും കർമപദ്ധതികൾക്കും രൂപം നൽകി.

# ഈസ്റ്റേൺ ജേർണൽ ഓഫ് ഡയലോഗ് ആൻഡ് കൾച്ചർ യു.ജി.സി. അംഗീകാരം

കാലിക്കറ്റ്: 'ഈസ്റ്റേൺ ജേർണൽ ഓഫ് ഡയലോഗ് ആൻഡ് കൾച്ചർ' എന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്രിസ്റ്റ്യൻ ചെയർ പ്രസിദ്ധീകരണത്തിന് യു.ജി.സി.യുടെ ഔദ്യോഗിക അംഗീകാരം ലഭിച്ചു. വിവിധ വിദേശ യൂണിവേഴ്സിറ്റികളുടെ ഔദ്യോഗിക ലിസ്റ്റിലും ഈസ്റ്റേൺ ജേർണൽ ചേർക്കപ്പെട്ടിട്ടുണ്ട്. ദൈവശാസ്ത്രം, തത്വശാസ്ത്രം, മതാന്തരപഠനങ്ങൾ, സാംസ്കാരികാനുരൂപണം എന്നിവയോടൊപ്പം ചരിത്രം, സാമൂഹികശാസ്ത്രം, മന:ശാസ്ത്രം, നരവംശശാസ്ത്രം, സാഹിത്യം തുടങ്ങി മതവിജ്ഞാനീയമേഖലയുമായി ബന്ധമുള്ള ഹ്യുമാനിറ്റീസ് വിഷയങ്ങളെല്ലാം തന്നെ ജേർണൽ പഠനത്തിലും ഗവേഷണത്തിലും ഉൾപ്പെടുത്തുന്നു. വർഷത്തിൽ രണ്ടു പ്രാവശ്യം ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുന്ന ജേർണൽ 2008ലാണ് ആരംഭിച്ചത്. റവ. ഡോ. പോൾ പുളിക്കൻ ചീഫ് എഡിറ്ററും മാർട്ടിൻ തച്ചിൽ മാനേജിംഗ് എഡിറ്ററുമായ ഈ അംഗീകൃത ജേർണലിന് വിദേശ യൂണിവേഴ്സിറ്റികളിൽ നിന്നുള്ള വിദഗ്ദർ അടങ്ങിയ എഡിറ്റോറിയൽ ബോർഡ് മാർഗനിർദേശം നല്കുന്നു.

# സാൻഡ്രാ സബത്തീനി വാഴ്ത്തപ്പെട്ടവരുടെ ഗണത്തിൽ



റോം: പാവപ്പെട്ടവരുടെയും ലഹരിക്ക് അടിമകളായവരുടെയും ഇടയിൽ പ്രേഷിതശുശ്രൂഷ ചെയ്ത് 22-ാം വയസിൽ മരിച്ച ഇറ്റലിയിലെ സാൻഡ്രാ സബത്തീനിയെ കത്തോലിക്കാസഭ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്കുയർത്തി. ജോൺ ഇരുപത്തിമൂന്നാമൻ പാപ്പായുടെ പേരിലുള്ള സന്നദ്ധസംഘടനയുടെ വോളൻറിയറായിരുന്നു.

വടക്കൻ ഇറ്റലിയിൽ 1961ൽ ജനിച്ച സാൻഡ്രാ ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായും പ്രവർത്തിച്ചു. മെഡിക്കൽ പഠനം പൂർത്തിയാക്കി ആഫ്രിക്കയിൽ സേവനം ചെയ്യാൻ ആഗ്രഹിച്ചു.

1984 മേയ് രണ്ടിനു കാറപകടത്തിലായിരുന്നു മരണം. ഇറ്റലി റിമിനിയിലെ സാൻ ഫ്രാൻചെസ്കോ കത്തീഡ്രലിൽ കഴിഞ്ഞ 24നു കർദിനാൾ മാർചെലോ സെമെരാറോയാണു വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചത്.

# ഇന്ധന വില വർധന ജനങ്ങളോടുള്ള വെല്ലുവിളി, സുപ്രീം കോടതി ഇടപെടണം: കത്തോലിക്ക കോൺഗ്രസ്

കൊച്ചി: അതീവ രൂക്ഷമായ ഇന്ധന വില വർധന ജനങ്ങളോടുള്ള വെല്ലുവിളിയാണെന്നും രാജ്യം ഒന്നടങ്കം പ്രതിഷേധിക്കണമെന്നും കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി. വിപണിയിൽ ക്രൂഡ് ഓയിൽ വില കുറയുമ്പോഴും പെട്രോൾ, ഡീസൽ വില ദിവസവും വർധിച്ചു കൊണ്ടിരിക്കുന്നു. രാഷ്ട്രീയ പാർട്ടികൾ ഇത് കണ്ടില്ലയെന്നു നടിക്കുന്നത് അത്യന്തം പ്രതിഷേധാർഹമാണ്. ഇന്ധന വിലവർധനവിനെതിരെ നടപടി എടുക്കാതെ കേന്ദ്ര സർക്കാർ കോർപറേറ്റുകളെ സംരക്ഷിക്കുന്നതിൽ സുപ്രീം കോടതി ഇടപെടണം. ജന വിരുദ്ധ നടപടികളുമായി മുൻപോട്ടു പോകുന്ന കേന്ദ്ര പെട്രോളിയം മന്ത്രാലയം പിരിച്ചു വിടാൻ തയ്യാറാകണമെന്നും കത്തോലിക്ക കോൺഗ്രസ് ആവശ്യപ്പെട്ടു.

സംസ്ഥാന സർക്കാർ നികുതി കുറച്ച് വില നിയന്ത്രിക്കാൻ തയാറാകാത്തതും പ്രതിഷേധാർഹമാണ്. പ്രതിപക്ഷത്തിന്റെ ഭാഗത്തു നിന്നും കാര്യമായ പ്രതിഷേധങ്ങൾ ഇല്ല. രാഷ്ട്രീയ പാർട്ടികൾ പുലർത്തുന്ന നിസംഗതയും അവഗണനയും അവസാനിപ്പിച്ചില്ലെങ്കിൽ പൊതു ജനം ബഹിഷ്കരിക്കുകയും തടയുകയും ചെയ്യേണ്ടിവരുമെന്ന് കത്തോലിക്ക കോൺഗ്രസ് പറഞ്ഞു. ഗ്ലോബൽ, രൂപതാതലങ്ങളിൽ ശക്തമായ സമര പരിപാടികൾ ആരംഭിക്കുവാൻ കത്തോലിക്ക കോൺഗ്രസ് നേതൃ സമ്മേളനം തീരുമാനിച്ചു.

കത്തോലിക്ക കോൺഗ്രസ് ഡയറക്ടർ ഫാ. ജിയോ കടവി സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് അഡ്വ ബിജു പറയന്നിലം അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ, ഭാരവാഹികളായ ഡോ. ജോബി കാക്കശ്ശേരി, ഡോ. ജോസുകുട്ടി ഒഴുകയിൽ, ടെസ്സി ബിജു, ബേബി നെട്ടനാനി, മാത്യു കല്ലടിക്കോട്, രാജേഷ് ജോൺ, തോമസ് പീടികയിൽ, ബെന്നി ആന്റണി, വർക്കി നിരപ്പേൽ, ജോസകുട്ടി മാടപ്പള്ളി, ഐപ്പച്ചൻ തടിക്കാട്ട്, വർഗീസ് ആന്റണി, ബേബി പെരുമാലിൽ, ബാബു കദളിമറ്റം എന്നിവർ പ്രസംഗിച്ചു.

# വിശുദ്ധഗ്രന്ഥ വായനകളുടെ ശരിയായ വ്യാഖ്യാനം കാലഘട്ടത്തിന്റെ ആവശ്യം:

## മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി

കാക്കനാട്: സീറോമലബാർ ആരാധനക്രമ വായനകളുടെ രണ്ടാമത്തെ ഗണം അടിസ്ഥാനപ്പെടുത്തി ആരാധനക്രമ കമ്മീഷൻ തയ്യാറാക്കിയ "വചനവിളക്ക്" എന്ന ഗ്രന്ഥം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു



സീറോമലബാർസഭാ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി കോട്ടയം അതിരൂപതാ മെത്രാപ്പോലീത്താ മാർ മാത്യു മൂലക്കാട്ടിനു നൽകി പ്രകാശനം ചെയ്തു. വിശുദ്ധഗ്രന്ഥ വായനകളുടെ ശരിയായ വ്യാഖ്യാനം കാലഘട്ടത്തിന്റെ ആവശ്യവും ക്രൈസ്തവവിശ്വാസത്തെ ശരിയായ രീതിയിൽ വളർത്തിയെടുക്കാൻ സഹായിക്കുമെന്നും മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പ്രസ്താവിച്ചു.

2021 ജനുവരി മാസത്തിലെ സീറോമലബാർ സിനഡിന്റെ തീരുമാനം അനുസരിച്ച് പ്രസിദ്ധീകരിച്ച ആരാധനക്രമ വായനകളുടെ രണ്ടാം ഗണത്തെ അടിസ്ഥാനപ്പെടുത്തിയാണ് "വചനവിളക്ക്" എന്ന വിശുദ്ധ ഗ്രന്ഥ പ്രഘോഷണസഹായി, ആരാധനക്രമ കമ്മീഷൻ തയ്യാറാക്കിയിരിക്കുന്നത്. പ്രമുഖ ആരാധനക്രമ, ബൈബിൾ പണ്ഡിതരാണ് ഇതിന്റെ രചനയിൽ സഹകാരികളായിരിക്കുന്നത്. സീറോമലബാർ സഭയിലെ പൗരസ്ത്യ സുറിയാനി ആരാധനക്രമ കലണ്ടർ അനുസരിച്ചുള്ള ഒമ്പതു കാലങ്ങളിലെയും വായനകളുടെ പരസ്പരബന്ധത്തെക്കുറിച്ചുള്ള വിശകലനവും വ്യാഖ്യാനവുമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളുടെ പിൻബലത്തോടും അജപാലന ആഭിമുഖ്യത്തോടുംകൂടെയാണ് വിശുദ്ധഗ്രന്ഥവായനകളുടെ വ്യാഖ്യാനം തയാറാക്കിയിരിക്കുന്നത്.

സീറോമലബാർ കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, ലിറ്റർജി കമ്മീഷൻ സെക്രട്ടറി ഫാ. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ, ഫാ. തോമസ് ആദോപ്പിള്ളിൽ, ഫാ. തോമസ് മേൽവെട്ടം, ഓഫീസ് സെക്രട്ടറി സി. നിർമൽ എം.എസ്.ജെ., തുടങ്ങിയവർ പ്രകാശന ചടങ്ങിൽ സംബന്ധിച്ചു. പ്രസ്തുത പുസ്തകത്തിന്റെ കോപ്പികൾ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ലഭ്യമാണ്. ഫോൺ: 9446477924.

# ചെറുപുഷ്പ മിഷൻ ലീഗ് ഭാരതസഭയുടെ പുണ്യമാണ് - മാർ ലോറൻസ് മുക്കുഴി



തലശ്ശേരി: ചെറുപുഷ്പ മിഷൻ ലീഗ് ഭാരതസഭയുടെ പുണ്യമാണെന്ന് മാർ ലോറൻസ് മുക്കുഴി പിതാവ് അഭിപ്രായപ്പെട്ടു. ചെറുപുഷ്പ മിഷൻ ലീഗിന്റെ ഒരു വർഷം നീണ്ടു നിൽക്കുന്ന പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം തലശ്ശേരി അതിരൂപതയിലെ സന്ദേശ ഭവനിൽ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ദേശീയ പ്രസിഡന്റ് ബിനോയി പള്ളിപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ തലശ്ശേരി അതിരൂപതയുടെ അധ്യഷനും, സീറോമലബാർ വൊക്കേഷൻ കമ്മീഷനംഗവുമായ അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് മുഖ്യ പ്രഭാഷണം നടത്തി.

മിഷൻ ലീഗ് ദേശീയ രക്ഷാധികാരിയും സീറോമലബാർ വൊക്കേഷൻ കമ്മീഷനംഗവുമായ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ, കേരള സംസ്ഥാന രക്ഷാധികാരിയും തിരുവല്ല അതിരൂപതാധ്യക്ഷനുമായ അഭിവന്ദ്യ തോമസ് മാർ കുറിലോസ്, തലശ്ശേരി അതിരൂപത മുൻ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം, തലശ്ശേരി അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ജോസഫ് പാമ്പ്ലാനി, അതിരൂപത പാസ്റ്ററൽ കോർഡിനേറ്റർ ഫാ. ഫിലിപ്പ് കവിയിൽ എന്നിവർ അനുഗ്രഹ പ്രഭാഷണം നടത്തി.

ചെറുപുഷ്പ മിഷൻ ലീഗ് പ്രഥമ ദേശീയ പ്രസിഡന്റും മുൻ സുപ്രീം കോടതി ജഡ്ജിയുമായ ജസ്റ്റീസ് കുര്യൻ ജോസഫ് ജൂബിലി സന്ദേശം നൽകി. സീറോമലബാർ വൊക്കേഷൻ കമ്മീഷൻ സെക്രട്ടറി റവ. ഡോ. സെബാസ്റ്റ്യൻ മുട്ടംതൊട്ടിൽ, ദേശീയ ഡയറക്ടർ റവ. ഡോ. ജയിംസ് പുന്നപ്ലാക്കൽ, അന്തർ ദേശീയ അഡ്ഹോക്ക് കമ്മിറ്റി പ്രസിഡന്റ് ഡേവീസ് വല്ലൂരാൻ, വൈസ് ഡയറക്ടർ ഫാ. ആന്റണി തെക്കേമുറി എന്നിവർ സന്ദേശം നൽകി.

കേരള സംസ്ഥാന ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ, കർണ്ണാടക സംസ്ഥാന ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുല്ലുകാട്ട്, കേരള സംസ്ഥാന പ്രസിഡന്റ് ബേബി പ്ലാശ്ശേരി, തമിഴ്നാട് സംസ്ഥാന പ്രസിഡന്റ് ജ്ഞാനദാസ്, തലശ്ശേരി അതിരൂപതാ പ്രസിഡന്റ് സുനിൽ കല്ലിടുക്കിൽ, ഷംഷാബാദ് രൂപതാ ഡയറക്ടർ ഫാ. ലിയോ വെമ്പിൽ, സീറോമലബാർ ഗ്രേറ്റ് ബ്രിട്ടൻ രൂപതാ ഡയറക്ടർ ഫാ. മാത്യു മുളയോലിൽ, മിസ്സിസാഗാ രൂപതാ ഡയറക്ടർ സി. ജെസിലിൻ CMC, ഖത്തർ മിഷൻ ലീഗ് കോ-ഓർഡിനേറ്റർ അഭിലാഷ് ടോം, ഏലിക്കുട്ടി എടാട്ട് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

ദേശീയ വൈസ് ഡയറക്ടർ ഫാ. ജോസഫ് മറ്റം ആമുഖ പ്രസംഗവും, തലശ്ശേരി അതിരൂപതാ ഡയറക്ടർ ഫാ. വിപിൻ വടക്കേപറമ്പിൽ സ്വാഗതവും ദേശീയ ജനറൽ ഓർഗനൈസർ ജോൺ കൊച്ചു ചെറുനിലത്ത് നന്ദിയും പറഞ്ഞു. പരിപാടിക്ക് മുന്നോടിയായി നടന്ന ദിവ്യബലിയിൽ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ മുഖ്യ കാർമ്മികൻ ആയിരുന്നു.

ദേശീയ ജനറൽ സെക്രട്ടറി സുജി പുല്ലുകാട്ട്, ദേശീയ എക്സിക്യൂട്ടീവ് അംഗം ബെന്നി മുത്തനാട്ട്, തലശ്ശേരി അതിരൂപതാ ഭാരവാഹികളായ ജയ്സൺ പുളിച്ചമാക്കൽ, സുനിൽ ചെന്നിക്കര, സി. റോഷ്നി FCC, ഷേർളി സിബി, എലിക്കുട്ടി എടാട്ട് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# ജസ്റ്റിസ് സോഫി തോമസ് ചുമതലയേറ്റു



എറണാകുളം: കേരള ഹൈക്കോടതി ജഡ്ജിയായി ജസ്റ്റിസ് സോഫി തോമസ് ചുമതലയേറ്റു. സീറോമലബാർ സഭാംഗമായ ജസ്റ്റിസ് സോഫി തോമസ് കോതമംഗലം രൂപതയിലെ വാഴക്കുളം ഇടവകാംഗമാണ്.

# 'സ്വയം പരിത്യജിച്ചു നിന്റെ പിന്നാലേ' എന്ന പുസ്തകം പ്രകാശനം ചെയ്തു



കാക്കനാട്: റവ. ഡോ. മൈക്കിൾ വട്ടപ്പലം രചിച്ച പൗരസ്ത്യ സന്യാസ കാനോൻ നിയമം സംബന്ധിച്ച 'സ്വയം പരിത്യജിച്ചു നിന്റെ പിന്നാലേ' എന്ന ഗ്രന്ഥത്തിന്റെ പ്രകാശന കർമം, സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റ് റവ. ഡോ. സുജൻ അമൃതത്തിന് നൽകികൊണ്ട് നിർവഹിക്കുന്നു.

# തീവ്രവാദികളിൽ നിന്നും മോചിതയായ സി. ഗ്ലോറിയ സിസിലിയ നർവയിസ് ഫ്രാൻസിസ് മാർപാപ്പയെ കണ്ട് ആശീർവാദം വാങ്ങി

വത്തിക്കാൻ: ഇസ്ലാമിക തീവ്രവാദികളിൽ നിന്നും മോചിതയായ സി. ഗ്ലോറിയ സിസിലിയ നർവയിസ് വത്തിക്കാനിൽ എത്തി ഫ്രാൻസിസ് മാർപാപ്പയെ കണ്ടു. ആഗോള സഭാ സിനഡിന് തുടക്കം കുറിച്ചു കൊണ്ട് സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ വിശുദ്ധ കുർബാന അർപ്പിച്ച ശേഷം പരിശുദ്ധ പിതാവ് സിസ്റ്റർ ഗ്ലോറിയയ്ക്ക് ആശിർവാദം നൽകി.

ആഫ്രിക്കൻ രാജ്യമായ മാലിയിൽ വെച്ച് നാലര വർഷം മുമ്പ് 2017 ഫെബ്രുവരിയിലാണ് കൊളംബിയൻ സ്വദേശിനിയായ കത്തോലിക്ക കന്യാസ്ത്രീ സി. ഗ്ലോറിയ സിസിലിയ നർവയിസിനെ ഇസ്ലാമിക തീവ്രവാദികൾ തട്ടിക്കൊണ്ടു പോയത്. മാലിയുടെ തലസ്ഥാനമായ ബമാകോയിൽ നിന്ന് 400 കിലോമീറ്റർ അകലെ കൊട്ടിയാലയിൽ മിഷണറിയായി ശുശ്രൂഷ ചെയ്തു വരികയായിരുന്നു ഫ്രാൻസിസ്കൻ സന്യാസ സമൂഹാംഗമായിരുന്ന സിസ്റ്റർ.

മാലി പ്രസിഡണ്ടിന്റെ ഔദ്യോഗിക ടിറ്റർ അക്കൗണ്ടിലൂടെയാണ് സിസ്റ്റർ മോചിപ്പിക്കപ്പെട്ട വിവരം ആദ്യം പുറം ലോകം അറിഞ്ഞത്. ഇന്റലിജൻസ് ഏജൻസികളുടെ നാലു വർഷത്തോളം നീണ്ട പരിശ്രമമാണ് മോചനം സാധ്യമാക്കിയതെന്നും പ്രസിഡണ്ടിന്റെ ഓഫീസ് വിശദീകരിക്കുന്നു. സിസ്റ്ററിന്റെ ധൈര്യത്തെയും അവർ പ്രത്യേകം പ്രകീർത്തിച്ചു. ബമാക്കോ ആർച്ച്ബിഷപ് ജീൻ സെർ ബോയും മോചന വിവരം സ്ഥിരീകരിച്ചിരുന്നു.

# സീറോമലബാർസഭയുടെ കുർബാനതക്സയിൽ വരുത്തിയ മാറ്റങ്ങൾ

(1 – ാം പേജിൽ നിന്ന് തുടർച്ച)

14 þ20 November, 1999). ഈ തീരുമാനത്തിന് 1999 ഡിസംബർ 17-ാം തീയതി ചില നിർദേശങ്ങളോടുകൂടെ പൗരസ്ത്യതിരുസംഘത്തിന്റെ അംഗീകാരം ലഭിക്കുകയും ഇത് 2000 ജൂലൈ 3-ാം തീയതി നടപ്പിലാക്കുകയും ചെയ്തു. എല്ലാ രൂപതകളിലും ഈ തീരുമാനം നടപ്പിലാക്കാൻ ശ്രമിക്കണമെന്ന് 2009 ആഗസ്റ്റിലെ സിനഡ് ഓർമിപ്പിച്ചു.

ഈശോയുടെ മനുഷ്യാവതാരവും പരസ്യജീവിതവും വചനശുശ്രൂഷാവേളയിൽ അനുസ്മരിക്കുന്നു. അവതരിച്ച വചനമായ മിശിഹാ തന്റെ ശുശ്രൂഷ നിർവഹിച്ചത് ജനങ്ങൾക്കിടയിലാണ് (യോഹ 1:14). അതിനാൽ, വചനശുശ്രൂഷാവേളയിൽ കാർമികൻ ജനാഭിമുഖമായി നില്ക്കുന്നത് ദൈവശാസ്ത്രപരമായി അർഥമുള്ളതാണ്.

കൂദാശഭാഗത്തിന്റെ (അനാഫൊറയുടെ) ആരംഭംമുതൽ പരിശുദ്ധകുർബാനസ്വീകരണം ഉൾപ്പെടെയുള്ള ഭാഗത്തു കാർമികൻ ബലിപീഠത്തിനഭിമുഖമായി നില്ക്കുന്നു. 'അങ്ങേയ്ക്കും ഞങ്ങൾക്കും ലോകംമുഴുവനുംവേണ്ടി അങ്ങു സമർപ്പിക്കുന്ന ഈ ബലി...' എന്നും 'അങ്ങയുടെ പൗരോഹിത്യത്തെ മിശിഹാ സ്വർഗരാജ്യത്തിൽ മഹത്ത്വപ്പെടുത്തട്ടെ...' എന്നും പ്രാർഥിക്കുന്ന ഈ ഭൂമിയിലെ തീർഥാടക സമൂഹത്തെ മിശിഹായൊടൊപ്പം ഒരു സഭാസമൂഹമായി സ്വർഗരാജ്യത്തിലേക്ക് കാർമികൻ നയിക്കുന്നുവെന്ന് ബലിപീഠത്തിനഭിമുഖമായ ബലിയർപ്പണം സൂചിപ്പിക്കുന്നു; ദൈവാരാധനയിലൂടെയും പ്രാർഥനയിലൂടെയും മിശിഹായുടെ മഹത്ത്വപൂർണമായ ആഗമനം പ്രതീക്ഷിച്ച് കിഴക്കോട്ടുതിരിഞ്ഞു (മത്താ 24:27, വെളി 22:16) പ്രാർഥിക്കുന്നതിനെയും ഇത് അർഥമാക്കുന്നു. കിഴക്കോട്ട് തിരിയുകയെന്നാൽ കർത്താവിങ്കലേക്ക് തിരിയുക എന്നാണർഥമാക്കുന്നത്. അതിനാൽ, കാർമികൻ ജനങ്ങൾക്കുവേണ്ടി കുർബാനയർപ്പിക്കുന്നു എന്നുമാത്രമല്ല, കാർമികനും ജനങ്ങളും ഒന്നുചേർന്നു മിശിഹായൊടൊപ്പം ഒരു സഭാസമൂഹമായി ദൈവത്തിനു കുർബാനയർപ്പിക്കുന്നു എന്ന അർഥവും ബലിപീഠത്തിനഭിമുഖമായി നില്ക്കുന്നതു ദ്യോതിപ്പിക്കുന്നു.

വിശുദ്ധ കുർബാനസ്വീകരണത്തിനു ശേഷമുള്ള ഭാഗം ജനാഭിമുഖമായി നടത്തുന്നു. അർപ്പണഭാഗം കഴിഞ്ഞതുകൊണ്ടാണ് ഈ സമാപനഭാഗം ജനാഭിമുഖമായി നടത്തുന്നത്. ഈശോ സ്വർഗാരോഹണ സമയത്ത് ശിഷ്യന്മാരെ അനുഗ്രഹിച്ചതിനെയും (ലൂക്കാ 24: 51) സ്വർഗത്തിൽ പിതാവിന്റെ പക്കൽ ഉപവിഷ്ഠനായി ഇപ്പോഴും സഭയെ അനുഗ്രഹിക്കുന്നതിനെയും സമാപനാശീർവാദം (ഹൂത്താമ്മ) അനുസ്മരിപ്പിക്കുന്നു.

2013 ആഗസ്റ്റ് മാസത്തിലെ സിനഡ് വിശുദ്ധ കുർബാനയുടെ നവീകരണവുമായി മുന്നോട്ടുപോകാൻ ലിറ്റർജി കമ്മീഷനോടു നിർദേശിച്ചു. 2014 ജനുവരിയിലെ സിനഡ് എല്ലാ മെത്രാന്മാരോടും നവീകരണം സംബന്ധിച്ച നിർദേശങ്ങൾ ലിറ്റർജി കമ്മീഷനെ അറിയിക്കാൻ ആവശ്യപ്പെട്ടു. രൂപതകളിൽനിന്നും ലഭിച്ച എല്ലാ നിർദ്ദേശങ്ങളും പഠിച്ച് അവയിൽ പൊതുവായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളവ കണ്ടെത്തി അവ സിനഡിൽ അവതരിപ്പിക്കാൻ ലിറ്റർജി കമ്മീഷൻ ചെയർമാൻ മാർ തോമസ് ഇലവനാൽ, ലിറ്റർജി കമ്മീഷൻ അംഗങ്ങളായ മാർ പോളി കണ്ണൂക്കാടൻ, മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, കൂടാതെ, ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം, മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ സെബാസ്റ്റ്യൻ അടയന്ത്രത്ത്, മാർ ജോർജ് പുന്നക്കോട്ടിൽ, മാർ തോമസ് ചക്യാത്ത് എന്നിവരടങ്ങിയ മെത്രാന്മാരുടെ ഒരു സ്പെഷ്യൽ കമ്മിറ്റിയെ സിനഡ് തിരഞ്ഞെടുത്തു.

പൊതുവായി കണ്ടെത്തിയ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചതിന്റെ അടിസ്ഥാനത്തിൽ തക്സയിൽ ഭേദഗതി വരുത്തേണ്ട ഭാഗങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ലിറ്റർജി കമ്മീഷൻ ഒരു ഡ്രാഫ്റ്റ് തയ്യാറാക്കുകയും 2015 ആഗസ്റ്റിലെ സിനഡിൽ അത് അവതരിപ്പിക്കുകയും ചെയ്തു.

കുർബാനതക്സയുടെ നവീകരണത്തെ സംബന്ധിച്ച് എല്ലാ രൂപതകളിലെയും വൈദികരുടെ പ്രതിനിധികളും സന്ന്യസ്ത, അല്മായ പ്രതിനിധികളും ദൈവശാസ്ത്ര, ആരാധനക്രമപണ്ഡിതരും ഉൾക്കൊള്ളുന്ന സീറോമലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റി ചർച്ചചെയ്ത് അഭിപ്രായങ്ങൾ സമർപ്പിക്കുകയുണ്ടായി. 2017 ജനുവരിയിലെ സിനഡ് ആവശ്യപ്പെട്ടതനുസരിച്ച് സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റി വീണ്ടും ചർച്ചചെയ്ത് അഭിപ്രായങ്ങൾ സമാഹരിച്ചു. ഇതിന്റെയെല്ലാം വെളിച്ചത്തിൽ ഒരു ഡ്രാഫ്റ്റ് 2017 ആഗസ്റ്റിലെ സിനഡിൽ അവതരിപ്പിച്ചു. സിനഡിൽനിന്നു ലഭിച്ച നിർദേശങ്ങളുടെ വെളിച്ചത്തിൽ മെത്രാന്മാരുടെ സ്പെഷ്യൽ കമ്മറ്റി, ഡ്രാഫ്റ്റിൽ വേണ്ട മാറ്റങ്ങൾ വരുത്തി. ഇങ്ങനെ നവീകരിച്ച ഡ്രാഫ്റ്റ് 2019 ജനുവരിയിലെ സിനഡിൽ അവതരിപ്പിച്ചു പഠനവിധേയമാക്കി. സിനഡിൽനിന്നു ലഭിച്ച നിർദേശങ്ങൾകൂടി ഉൾപ്പെടുത്തി സ്പെഷ്യൽ കമ്മറ്റി ഡ്രാഫ്റ്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തി. വീണ്ടും എന്തെങ്കിലും നിർദേശങ്ങളുണ്ടെങ്കിൽ, അവ നല്കാനായി ഈ ഡ്രാഫ്റ്റ് എല്ലാ മെത്രാന്മാർക്കും അയച്ചുകൊടുത്തു. ലഭിച്ച നിർദേശങ്ങളുടെ വെളിച്ചത്തിൽ മെത്രാന്മാരുടെ സ്പെഷ്യൽ കമ്മറ്റി ആവശ്യമായ തിരുത്തലുകൾ ഡ്രാഫ്റ്റിൽ വരുത്തുകയുണ്ടായി.

ഇതുവരെയുള്ള പഠനങ്ങളുടെയും നിർദേശങ്ങളുടെയും വെളിച്ചത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയ ഡ്രാഫ്റ്റ് 2020 ജനുവരിയിലെ സിനഡിൽ അവതരിപ്പിച്ചു. സിനഡ് ചില ഭേദഗതികളോടെ ഡ്രാഫ്റ്റ് അംഗീകരിക്കുകയും പരിശുദ്ധ സിംഹാസനത്തിൽനിന്നുള്ള അംഗീകാരത്തിനായി കുർബാനതക്സ അയയ്ക്കാൻ നിർദേശിക്കുകയും ചെയ്തു. വീണ്ടും മെത്രാന്മാരുടെ സ്പെഷ്യൽ കമ്മറ്റി മേജർ ആർച്ചുബിഷപ്പ് മാർ ജോർജ് ആലഞ്ചേരിയുടെ അധ്യക്ഷതയിൽ കൂടി കുർബാനതക്സ അന്തിമമായി പരിശോധിച്ചു. അതിനുശേഷം, 2020 ജൂലൈ 10-ാം തീയതി പരിശുദ്ധസിംഹാസനത്തിന്റെ അംഗീകാരത്തിനായി കുർബാനതക്സ മേജർ ആർച്ചുബിഷപ്പ് അയച്ചുകൊടുത്തു. ഇതിനു മറുപടിയായി, പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കോൺഗ്രിഗേഷൻ കുർബാനതക്സ അംഗീകരിച്ചു കല്പന പുറപ്പെടുവിച്ചു (Prot. N. 248/2004, June 9, 2021). ഏകീകൃതരൂപത്തിൽ കുർബാന അർപ്പിക്കാനുള്ള 1999 ലെ സിനഡുതീരുമാനവും നവീകരിച്ച കുർബാനക്രമവും താമസംവിനാ നടപ്പിലാക്കണമെന്ന് സീറോമലബാർ സഭാസമൂഹത്തോട് ആഹ്വാനം ചെയ്തുകൊണ്ട് ഫ്രാൻസിസ് മാർപാപ്പ 2021 ജൂലൈ 3-ാം തീയതി മേജർ ആർച്ചുബിഷപ്പിനു കത്തയച്ചു. നവീകരിച്ച കുർബാനക്രമവും വിശുദ്ധകുർബാനയുടെ ഏകീകൃതരൂപത്തിലുള്ള അർപ്പണവും 2021 നവംബർ 28 (മംഗളവാർത്തക്കാലം ആരംഭം) മുതൽ നടപ്പിലാക്കാൻ, 2021 ആഗസ്റ്റ് 16 മുതൽ 27 വരെ നടന്ന XXIXt-ാം സിനഡിന്റെ രണ്ടാം സെഷനിൽ തീരുമാനിച്ചു. നവീകരിച്ച കുർബാനക്രമം നടപ്പിലാവുന്നതോടുകൂടി സഭയിൽ കൂടുതൽ ഐക്യവും നന്മയും ഉണ്ടാകും.

## പൊതുനിർദ്ദേശങ്ങളിൽ വരുത്തിയ ഭേദഗതികൾ

1. സീറോമലബാർ സഭയിൽ വിശുദ്ധ കുർബാനയർപ്പണക്രമം ഇപ്രകാരമാണ്: കാർമികൻ കുർബാനയുടെ ആരംഭംമുതൽ മദ്ബഹാപ്രവേശനപ്രാർഥനവരെയുള്ള ഭാഗം ജനാഭിമുഖമായും, കൂദാശക്രമ (അനാഫൊറ) ഭാഗത്തിന്റെ ആരംഭംമുതൽ വിശുദ്ധകുർബാനസ്വീകരണം ഉൾപ്പെടെയുള്ള ഭാഗം ആരാധനാസമൂഹം നില്ക്കുന്ന അതേദിശയിൽത്തന്നെ ബലിപീഠത്തിന് അഭിമുഖമായും, വിശുദ്ധകുർബാനസ്വീകരണത്തിനുശേഷമുള്ള ഭാഗം ജനാഭിമുഖമായും അർപ്പിക്കുന്നു (പൊതുനിർദേശങ്ങൾ, നമ്പർ 7).

2. ഇതുവരെയുള്ള തക്സയിൽ മാർ അദ്ദായിയുടെയും മാർ മാറിയുടെയും അനാഫൊറ മാത്രമേ ചേർത്തിരുന്നുള്ളൂ. നവീകരിച്ച തക്സയിൽ മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും കൂദാശക്രമങ്ങളും കൂട്ടിച്ചേർത്തിരിക്കുന്നു.

3. അനാഫൊറയ്ക്ക് 'കൃതജ്ഞതാസ്തോത്രപ്രാർത്ഥന' എന്ന പേര് നൽകിയിരിക്കുന്നു. മാർ അദ്ദായിയുടെയും മാർ മാറിയുടെയും അനാഫൊറ 'ഒന്നാമത്തെ കൂദാശക്രമം' എന്നും മാർ തെയദോറിന്റേത് 'മൂന്നാമത്തെ കൂദാശക്രമം' എന്നും ചേർത്തിരിക്കുന്നു.

4. തക്സയിൽ 'വലത്ത്', 'ഇടത്ത്' എന്ന പ്രയോഗം പുനർനിർണയിച്ചിരിക്കുന്നു. ബലിപീഠത്തിലേക്ക് നോക്കിനിൽക്കുന്ന ആരാധനസമൂഹത്തിന്റെ 'വലത്ത്', 'ഇടത്ത്' എന്ന അർഥത്തിലാണ് ഈ കുർബാനപുസ്തകത്തിലെ (തക്സയിലെ) ക്രമവിധികളിൽ 'വലത്ത്', 'ഇടത്ത് ' എന്ന പ്രയോഗങ്ങൾ മനസ്സിലാക്കേണ്ടത് (പൊതുനിർദേശങ്ങൾ, നമ്പർ 8).

5. സർവാധിപനാം..., സുവിശേഷപ്രദക്ഷിണം, സ്ഥാപനവിവരണം, റൂഹാക്ഷണം, തിരുവോസ്തി ഉയർത്തൽ എന്നീ സന്ദർഭങ്ങളിൽ മണിയടിക്കാവുന്നതാണ്. വിഭജനശുശ്രൂഷയ്ക്കുമുമ്പായി കാർമികൻ തിരുവോസ്തി ഉയർത്തുന്നവേളയിൽ ധൂപിക്കുകയും ചെയ്യാവുന്നതാണ് (പൊതുനിർദേശങ്ങൾ, നമ്പർ 19 ).

6. നിർദിഷ്ടപ്രാർഥനകൾ ചൊല്ലി അപ്പവും വീഞ്ഞും ബേസ്ഗസ്സയിൽ ഒരുക്കാനും ഒരുക്കിയവ ബലിപീഠത്തിലേക്ക് സംവഹിക്കാനും മ്ശംശാനപ്പട്ടമെങ്കിലും ഉള്ളവർക്കേ അനുവാദമുള്ളൂ. എന്നാൽ, പ്രാർഥനകൾ ചൊല്ലി അപ്പവും വീഞ്ഞും പ്രതിഷ്ഠിക്കുന്നത് ആർച്ചുഡീക്കനോ സഹകാർമികനോ കാർമികനോ ആയിരിക്കണം (പൊതുനിർദേശങ്ങൾ, നമ്പർ 20).

7. കാർമ്മികൻ സമൂഹത്തെ കുരിശടയാളത്തിൽ ആശീർവദിക്കുമ്പോൾ സമൂഹം തങ്ങളുടെമേൽ കുരിശടയാളം വരക്കുന്നു (പൊതുനിർദേശങ്ങൾ, നമ്പർ 22 ).

8. ഒന്നാം പ്രണാമജപം (ഗ്ഹാന്ത) കാർമികൻ കുനിഞ്ഞുനിന്ന് കരങ്ങൾ കൂപ്പിപ്പിടിച്ചു ചൊല്ലുന്നു. മറ്റു ഗ്ഹാന്തകൾ കുനിഞ്ഞുനിന്ന് കരങ്ങൾ കൂപ്പിപ്പിടിച്ചുകൊണ്ടോ ഇരുകരങ്ങളും മുകളിലേക്കു തുറന്നുപിടിച്ചുകൊണ്ടോ ചൊല്ലാവുന്നതാണ് (പൊതുനിർദേശങ്ങൾ, നമ്പർ 25 ).

9. ദിവ്യകാരുണ്യ സ്വീകരണത്തിന് മുമ്പുള്ള 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ....' കാർമ്മികനും സമൂഹത്തിനും കൈകൾ ഉയർത്തി ചൊല്ലാവുന്നതാണ് (പൊതുനിർദേശങ്ങൾ, നമ്പർ 26).

## ആഘോഷപൂർവകമായ കുർബാനയ്ക്കും സാധാരണകുർബാനയ്ക്കുമുള്ള പ്രത്യേക നിർദ്ദേശങ്ങളിൽ വരുത്തിയ ഭേദഗതികൾ

10. സാധാരണകുർബാനയിൽ കാർമ്മികൻ പ്രാർത്ഥനാഭ്യർത്ഥന ഒരു പ്രാവശ്യം നടത്തിയാലും മതി (പ്രത്യേക നിർദ്ദേശങ്ങൾ, നമ്പർ 15).

11. വലത്തുകൈ നീട്ടി കമഴ്ത്തിപ്പിടിച്ചുകൊണ്ടു സമാപനപ്രാർഥന (ഹൂത്താമ്മ) ചൊല്ലാവുന്നതാണ്. എന്നാൽ, ജനങ്ങളുടെമേൽ കുരിശടയാളം വരച്ചുകൊണ്ടാണ് സമാപനാശീർവാദം നല്കേണ്ടത് (പ്രത്യേകനിർദേശങ്ങൾ, നമ്പർ 18).

## കുർബാനയുടെ പ്രാർത്ഥനകളിൽ വരുത്തിയ പ്രധാനഭേദഗതികൾ

12. കുർബാനയുടെ പൊതുക്രമഭാഗത്തും പൊപ്രിയഭാഗത്തും വരുന്ന പ്രാർത്ഥനകളിലും ഗീതങ്ങളിലും കർമക്രമ വിശദീകരണങ്ങളിലും ഭാഷാപരമായ തിരുത്തലുകളും മാറ്റങ്ങളും വരുത്തിയിട്ടുണ്ട്. കാർമികനു പ്രാർത്ഥനകൾ ഭക്തിപൂർവകവും അർഥപൂർണവുമായി ചൊല്ലാൻ സഹായിക്കുന്നതിനുവേണ്ടി കുർബാനതക്സയിലെ പൊതുക്രമത്തിലുള്ള എല്ലാ പ്രാർഥനകളും ഒരേ പേജിൽ വരത്തക്കവിധവും, പ്രാർഥനകളുടെ അർഥം വ്യക്തമാകുന്ന രീതിയിലും വരികൾ നിജപ്പെടുത്തിയിരിക്കുന്നു. അതുപോലെതന്നെ, കാർമികൻ കൈവിരിച്ചു പിടിച്ചുകൊണ്ടു ചൊല്ലുന്ന പ്രാർഥനകളെല്ലാം ഒരേ പേജിൽത്തന്നെ വരത്തക്കവിധത്തിലും ക്രമപ്പെടുത്തിയിരിക്കുന്നു.

13. 'അത്യുന്നതമാം...' എന്ന ഗീതത്തിന്റെ പ്രത്യുത്തരം 'ഭൂമിയിലെങ്ങും' എന്നത് 'ഭൂമിയിലെന്നും' എന്നാക്കി (ഗദ്യരൂപത്തിലുള്ളതുപോലെയാക്കി). എന്നേക്കുമുള്ള ശാന്തിയും സമാധാനവുമാണ് ഇവിടെ ആശംസിക്കുന്നത്. സുറിയാനി ഭാഷയിലും കാലത്തെ സൂചിപ്പിക്കുന്ന പദം തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്.

**14. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...' എന്ന പ്രാർത്ഥനയിലെ ഭേദഗതികൾ**

- കാനോനയോടുകൂടി ആരംഭിക്കുന്ന 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥനാരൂപം മാത്രം തക്സയിൽ ചേർത്തിരിക്കുന്നു.
- 'പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി' എന്ന് തുടങ്ങിയുള്ള ഭാഗം ഐച്ഛികമാക്കിയിരിക്കുന്നു.
- 'ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നത് പോലെ' എന്നത് 'ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ' എന്നാക്കിയിരിക്കുന്നു .
- 'ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ' എന്നത് 'ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ' എന്ന് മാറ്റിയിട്ടുണ്ട്. 'ഉൾപ്പെടുത്തരുതേ' എന്നുപറയുമ്പോൾ ദൈവമാണ് നമ്മെ 'പ്രലോഭന'ത്തിൽ ഉൾപ്പെടുത്തുന്നത് എന്ന് സംശയം ഉണ്ടാകാം. മറിച് പ്രലോഭനങ്ങൾ ഉണ്ടായാലും അവയിൽ 'വീഴാൻ ഇടയാകരുതേ' എന്നാണ് പ്രാർത്ഥനയിലെ ഈ ഭേദഗതികൊണ്ട് വിവക്ഷിക്കുന്നത്.

15. തിരുനാളുകൾ പ്രാധാന്യമനുസരിച്ച് മൂന്ന് ഗണങ്ങളായി തിരിച്ചിരിക്കുന്നു: കർത്താവിന്റെ (മാറാനായ) തിരുനാളുകൾ, പ്രധാനപ്പെട്ട തിരുനാളുകൾ, സാധാരണത്തിരുനാളുകൾ.

- കർത്താവിന്റെ തിരുനാളുകളും രക്ഷാചരിത്രത്തിലെ പ്രധാനസംഭവങ്ങൾ അനുസ്മരിപ്പിക്കുന്ന തിരുനാളുകളും ഒന്നാം ഗണത്തിൽ പെടുത്തിയിരിക്കുന്നു.
- പ്രധാനപ്പെട്ട തിരുനാളുകളെ പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാളുകൾ എന്നും ഓർമത്തിരുനാളുകളെന്നും രണ്ടായി തിരിച്ചിരിക്കുന്നു.
- സാധാരണതിരുനാളുകളെ 'പൗരസ്ത്യ പാരമ്പര്യമനു

(ശേഷം 6 – ാം പേജിൽ)

# സീറോമലബാർസഭയുടെ കുർബാനതക്സയിൽ വരുത്തിയ മാറ്റങ്ങൾ

(5 – ാം പേജിൽ നിന്ന് തുടർച്ച)

സരിച്ചുള്ളവ', 'സാർവത്രികമായവ' എന്നിങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നു.

16. കർത്താവിന്റെ തിരുനാളുകളിലും പ്രധാനതിരുനാളുകളിലും കാർമ്മികൻ ചൊല്ലുന്ന 'ഞങ്ങളുടെ കർത്താവായ ദൈവമേ' എന്ന് തുടങ്ങുന്ന പ്രാരംഭ പ്രാർത്ഥനയിൽ 'വിശ്വാസം ഏറ്റുപറയുകയും ചെയ്യുന്നവരെ' എന്നുള്ളത് 'ഏറ്റുപറയുകയും ചെയ്യുന്ന ഞങ്ങളെ' എന്നാക്കിമാറ്റി. അതുപോലെതന്നെ, 'ഈ പരിഹാര രഹസ്യങ്ങൾ ഞങ്ങൾ വിശുദ്ധിയോടെ പരികർമ്മം ചെയ്യട്ടെ' എന്നും മാറ്റിയിട്ടുണ്ട്. അപ്രകാരം ഈ പ്രാർത്ഥനയെ കൂടുതൽ വ്യക്തിപരമാക്കിയിരിക്കുന്നു.

17. കുർബാന തക്സയിൽ ഉപയോഗിച്ചിരിക്കുന്ന സങ്കീർത്തനങ്ങൾ പ്ശീത്ത (ബൈബിളിന്റെ സുറിയാനി പരിഭാഷ) യിൽനിന്നുള്ള സങ്കീർത്തനങ്ങളുടെ സീറോമലബാർ സിനഡ് അംഗീകരിച്ച മലയാളവിവർത്തനമാണ്. 15–ാം സങ്കീർത്തനത്തിന്റെ രണ്ടു ഗീതരൂപങ്ങൾ കൊടുത്തിട്ടുണ്ട് (1. 'ആരുവസിക്കും നാഥാ, നിൻ...' 2. 'നിൻ ഗേഹത്തിൽ വാഴുന്നതിനോ... ').

18. ഞായറാഴ്ചകൾക്കും സാധാരണതിരുനാളുകൾക്കും വേണ്ടിയുള്ള ഓനീസാ ദ്കങ്കേയക്ക് മുമ്പുള്ള പ്രാർഥനയിൽ 'അങ്ങു സ്നേഹപൂർവ്വം സ്ഥാപിച്ച പവിത്രീകരിക്കുന്ന മദ്ബഹയുടെ മുമ്പിൽ' എന്നത് 'അങ്ങു സ്നേഹപൂർവം സ്ഥാപിച്ചതും പവിത്രീകരിക്കുന്നതുമായ മദ്ബഹയുടെ മുമ്പിൽ' എന്നു മാറ്റിയിരിക്കുന്നു.

19. 'സർവാധിപനാം...' എന്ന ഗീതത്തിന്റെ സമയത്ത് മദ്ബഹ ധൂപിച്ചശേഷം ദൈവാലയത്തിന്റെ പ്രധാനകവാടം വരെ ധൂപാർപ്പണം നടത്തുന്നത് ഉചിതമായിരിക്കുമെന്ന നിർദേശം കർമവിധിയിൽ കൂട്ടിച്ചേർത്തിരിക്കുന്നു. ദൈവാലയം മുഴുവനെയും സമൂഹത്തെയും ധൂപിക്കുന്നതിനെയാണ് ഇത് അർഥമാക്കുന്നത്.

20. 'സർവാധിപനാം കർത്താവേ, നിന്നെ വണങ്ങി നമിക്കുന്നു' എന്നത് 'സർവാധിപനാം കർത്താവേ, നിൻ സ്തുതി ഞങ്ങൾ പാടുന്നു' എന്ന് പദ്യരൂപത്തിൽ തിരുത്തിയിട്ടുണ്ട്. കാരണം, 'വണക്കം' എന്ന പദം വിശുദ്ധർക്കും 'സ്തുതി', 'ആരാധന' എന്നീ പദങ്ങൾ ദൈവത്തിനുമാണ് ഉപയോഗിക്കുന്നത്. കൂടാതെ, ഈ മാറ്റം 'സകലത്തിന്റെയും നാഥാ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു' എന്ന ഗദ്യരൂപത്തോടു കൂടുതൽ വിശ്വസ്തവുമാണ്.

21. 'പരിപാവനനാം...' എന്ന ഗീതത്തിൽ 'നിൻ കൃപ ഞങ്ങൾക്കേകണമേ' എന്നത് 'കാരുണ്യം നീ ചൊരിയണമേ' എന്നാക്കിയിരിക്കുന്നു. 'പരിശുദ്ധനായ ദൈവമേ...' എന്ന ഗദ്യരൂപത്തിൽ 'ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ' എന്നത് 'ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നാക്കി. കാരണം, 'റഹ്മേ' എന്ന സുറിയാനിപദം സൂചിപ്പിക്കുന്നത് കർത്താവിന്റെ 'കരുണ'യെയാണ്. 'കൃപ'യെ സൂചിപ്പിക്കുന്ന 'തൈബൂസ' എന്ന പദം ത്രിശുദ്ധ കീർത്തനഭാഗത്ത് സുറിയാനി തക്സയിൽ ഉപയോഗിച്ചിട്ടില്ല. അന്ധനായ ബർതിമേയൂസിന്റെ അപേക്ഷയിൽ 'ദാവീദിന്റെ പുത്രാ, എന്നിൽ കരുണയുണ്ടാകണമേ' എന്നാണ് സുറിയാനി ബൈബിളിൽ കാണുന്നത് (മർക്കോ 10:48).

22. വിശുദ്ധഗ്രന്ഥവായനകൾക്കുമുമ്പ് ശുശ്രൂഷി കാർമികന്റെ ആശീർവാദം യാചിക്കുമ്പോൾ 'ഗുരോ, ആശീർവദിക്കണമേ' എന്നത് 'കർത്താവേ, ആശീർവദിക്കണമേ' എന്നാക്കിയിരിക്കുന്നു. കാരണം, ഇതാണ് മൂലരൂപത്തോടു കൂടുതൽ വിശ്വസ്തത പുലർത്തുന്നത്. കാർമികൻ കർത്താവിനെ പ്രതിനിധാനം ചെയ്യുന്നു എന്നും കർത്താവിന്റെ ആശീർവാദമാണ് ഇവിടെ യാചിക്കുന്നതെന്നും ഈ ഭേദഗതി കൂടുതൽ വ്യക്തമാക്കുന്നു.

'ദൈവം നിന്നെ അനുഗ്രഹിക്കട്ടെ' എന്ന കാർമികന്റെ ആശീർവാദത്തിലെ 'നിന്നെ' എന്ന പദം ഒഴിവാക്കി 'ദൈവം അനുഗ്രഹിക്കട്ടെ' എന്നാക്കിയിരിക്കുന്നു.

23. 'പ്രകീർത്തനം ആലപിക്കാനായി നിങ്ങൾ എഴുന്നേല്ക്കുവിൻ' എന്ന ശുശ്രൂഷിയുടെ ആഹ്വാനം ഐച്ഛികമാക്കിയതിനാൽ ബ്രാക്കറ്റിലാണ് കൊടുത്തിരിക്കുന്നത്. ഇരുന്നശേഷം പ്രകീർത്തനത്തിനായി വീണ്ടും എഴുന്നേല്ക്കുകയും ഉടൻതന്നെ ലേഖനവായനയുടെ സമയത്തു ഇരിക്കുകയും ചെയ്യുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനാണ് ഈ ആഹ്വാനം ഐച്ഛികമാക്കിയിരിക്കുന്നത്.

'അംബരമനവരതം...' എന്ന പ്രകീർത്തനം കാർമികനും ശുശ്രൂഷിയും സമൂഹവും പാടുന്നത്, അഞ്ചു ഖണ്ഡങ്ങൾക്കുപകരം നാലായി കുറച്ചിരിക്കുന്നു.

24. 'സർവജ്ഞനായ ഭരണകർത്താവും...' എന്ന പ്രാർഥന ഐച്ഛികമാക്കി ബ്രാക്കറ്റിലാണ് ചേർത്തിരിക്കുന്നത്. കാരണം, ഈ പ്രാർഥനയുടെ, 'അങ്ങയുടെ സ്വഭാവത്തിനൊത്തവിധം... എന്നേക്കും' എന്നഭാഗം തൊട്ടുമുമ്പുള്ള 'വിശുദ്ധരിൽ സംപ്രീതനായി' എന്ന പ്രാർഥനയുടെ ആവർത്തനമാണ്. 'അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം...' എന്ന പ്രാർഥനയാണ് വിശുദ്ധഗ്രന്ഥ വായനകളോട് കൂടുതൽ ചേർ ന്നുപോകുന്നത്.

25. റാസയിൽ ഹല്ലേലുയ്യാഗീതത്തിന്റെ (സൂമാറ) സ്ഥാനം ലേഖനവായനയ്ക്കുശേഷം ഉടനെയായിരുന്നു. എന്നാൽ, റാസയുടെ പുതിയക്രമത്തിൽ, ഹല്ലേലുയ്യാഗീതം പാടുന്നത് സുവിശേഷവായനയ്ക്കു മുമ്പുള്ള തുർഗാമയെത്തുടർന്നാക്കിയിരിക്കുന്നു. തന്മൂലം, റാസയിൽ സുവിശേഷപ്രദക്ഷിണം ആഘോഷപൂർവകമായി ബേമ്മയിലേക്കു നടത്താൻ സാധിക്കും.

26. കാറോസൂസകളുടെ പൊതുവായ പ്രത്യുത്തരം, 'കർത്താവേ ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ' എന്നതിനുപകരം 'കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ' എന്നാക്കിയിരിക്കുന്നു. കാരണം, 'റഹ്മേ' എന്ന സുറിയാനിപദം സൂചിപ്പിക്കുന്നത് കർത്താവിന്റെ കരുണയെയാണ്.

27. പിറവിക്കാലത്തെ കാറോസൂസയിൽ ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു' എന്നും പള്ളിക്കൂദാശക്കാലത്തെ കാറോസൂസയിൽ 'നിന്റെ മഹത്ത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ' എന്നും മരിച്ചവർക്കുവേണ്ടിയുള്ള കാറോസൂസയിൽ 'കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു' എന്നുമുള്ള പ്രത്യുത്തരം നിലനിറുത്തിയിട്ടുണ്ട്. പൊതുക്രമത്തിലെ കാറോസൂസയുടെ രണ്ടാംഭാഗത്തെ പ്രത്യുത്തരവും അതുപോലെ നിലനിറുത്തിയിരിക്കുന്നു.

28. ഓനീസാ ദ്റാസേയുടെ രണ്ടാംഭാഗത്തെ രണ്ടാംപാദത്തിലെ, 'വിജയം വരിച്ച നീതിമാന്മാരുടെയും മകുടം ചൂടിയ രക്തസാക്ഷികളുടെയും സ്മരണയോടുകൂടെ നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ഓർമ വിശുദ്ധ ബലിപീഠത്തിങ്കൽ ഉണ്ടാകട്ടെ' എന്നതു, 'നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ഓർമയോടുകൂടെ വിജയം വരിച്ച നീതിമാന്മാരുടെയും മകുടം ചൂടിയ രക്തസാക്ഷികളുടെയും സ്മരണ വിശുദ്ധ ബലിപീഠത്തിങ്കലുണ്ടാകട്ടെ' എന്നാക്കിയിരിക്കുന്നു. ഈ മാറ്റത്തിലൂടെ തോമാശ്ലീഹായുടെ ഓർമയ്ക്ക് കൂടുതൽ പ്രാധാന്യം കൈവരുന്നതോടൊപ്പം സുറിയാനിമൂലത്തോടു കൂടുതൽ വിശ്വസ്തത പുലർത്താനും സാധിക്കുന്നു.

29. വിശ്വാസപ്രമാണം കഴിഞ്ഞ് ശുശ്രൂഷി ചൊല്ലുന്ന കാറോസൂസ പ്രാർഥനയിൽ 'പാത്രിയാർക്കീസുമാരും മെത്രാന്മാരുമായ നമ്മുടെ പിതാക്കന്മാർ' എന്നത്, 'പാത്രിയാർക്കീസുമാരും മേജർ ആർച്ചുബിഷപ്പുമാരും മെത്രാപ്പോലീത്തമാരും മെത്രാന്മാരുമായ നമ്മുടെ പിതാക്കന്മാർ' എന്നു തിരുത്തിയിരിക്കുന്നു. മേജർ ആർക്കിഎപ്പിസ്കോപ്പൽ പദവിയുള്ള നമ്മുടെ സഭയിൽ ഈ മാറ്റം കൂടുതൽ പ്രസക്തമാണ്.

30. നമ്മുടെ കുർബാനയിൽ മൂന്നു കൂദാശക്രമങ്ങളാണ് (അനാഫൊറ) ഉള്ളത്: ഒന്നാമത്തെ കൂദാശക്രമം (മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശക്രമം) ഓശാനഞായർ കഴിഞ്ഞുള്ള തിങ്കൾ മുതൽ പള്ളിക്കൂദാശക്കാലം അവസാനം വരെ ഉപയോഗിക്കുന്നു; രണ്ടാമത്തെ കൂദാശക്രമം (മാർ തെയദോറിന്റെ കൂദാശക്രമം) മംഗളവാർത്തക്കാലം ഒന്നാം ഞായർമുതൽ ഓശാനഞായർ ഉൾപ്പെടെയുള്ള ദിവസങ്ങളിലും മൂന്നാമത്തെ കൂദാശക്രമം (മാർ നെസ്തോറിയസിന്റെ കൂദാശക്രമം) ദനഹാ, വിശുദ്ധ യോഹന്നാൻ മാംദാനയുടെ വെള്ളി, ഗ്രീക്ക് മല്പാൻമാരുടെ ഓർമ, മൂന്നുനോമ്പിലെ ബുധൻ, പെസഹാവ്യാഴം എന്നീ അഞ്ച് ദിവസങ്ങളിലും ഉപയോഗിക്കുന്നു. എന്നാൽ, നിർദിഷ്ട ദിവസങ്ങളിൽ മാത്രമല്ല മറ്റുദിവസങ്ങളിലും ഈ മൂന്നു കൂദാശക്രമങ്ങൾ ഉപയോഗിക്കാവുന്നതാണ്.

31. സമാധാനം നല്കുന്നതിനു മുമ്പുള്ള ശുശ്രൂഷിയുടെ ആഹ്വാനത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. 'നിങ്ങൾ സമാധാനം ആശംസിക്കുവിൻ' എന്ന ആഹ്വാനം 'നിങ്ങൾ സമാധാനം നല്കുവിൻ' എന്നാക്കിയിരിക്കുന്നു.

'മിശിഹായാണ് നമ്മുടെ സമാധാനം' (എഫേ 2:14) എന്ന് ഏറ്റുപറഞ്ഞുകൊണ്ടു ബലിപീഠത്തിൽനിന്നു സ്വീകരിച്ച സമാധാനം കാർമികൻ ശുശ്രൂഷിക്കു നല്കുന്നു; 'ആശംസിക്കുക' അല്ല ചെയ്യുന്നത്. ശുശ്രൂഷികളുടെ കരങ്ങളിൽനിന്ന് സമൂഹത്തിലുള്ളവർ സമാധാനം സ്വീകരിക്കുകയും ഒരാൾ മറ്റൊരാൾക്കു പങ്കുവയ്ക്കുകയും ചെയ്യുന്നു. അങ്ങനെ, കർത്താവിൽനിന്നു സ്വീകരിച്ച സമാധാനത്തിൽ എല്ലാവരും പങ്കുചേരുന്നു.

32. മൂന്നാം പ്രണാമജപത്തിന്റെ ആരംഭത്തിൽ 'കർത്താവായ ദൈവമേ, സ്വർഗീയഗണങ്ങളോടുകൂടെ' എന്നത് 'കർത്താവായ ദൈവമേ, ഈ സ്വർഗീയഗണങ്ങളോടുകൂടെ' എന്നാക്കിയിരിക്കുന്നു. കാരണം, 'പരിശുദ്ധൻ' എന്ന ഗീതത്തിൽ, സ്വർഗത്തിൽ ദൈവത്തെ മാലാഖമാർ ഒന്നുചേർന്ന് ഉദ്ഘോഷിക്കുന്നതിനെ അനുസ്മരിക്കുന്നു. ഇതേ സ്വർഗീയഗണങ്ങളോടുകൂടെയാണ് ആരാധനസമൂഹമായ ഭൂവാസികൾ ദൈവത്തിനു കൃതജ്ഞതയർപ്പിക്കുന്നതെന്ന് 'ഈ' എന്ന പദം കൂട്ടിച്ചേർത്തതിലൂടെ അർഥമാക്കുന്നു. മാർ അദ്ദായി-മാർ മാറിയുടെയും, മാർ തിയദോറിന്റെയും മാർ നെസ്തോറിയസിന്റെയും കൂദാശക്രമങ്ങളുടെ സുറിയാനി മൂലരൂപത്തിലും ഇങ്ങനെതന്നെയാണ് കാണുന്നത്.

33. നിലവിൽ ഉപയോഗത്തിലിരിക്കുന്ന മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശ ക്രമത്തിലെ മൂന്നാം പ്രണാമജപത്തിലുള്ള 'അങ്ങയിൽ മറഞ്ഞിരിക്കുന്ന ആത്മജാതനും...' എന്നുതുടങ്ങി '...നിയമത്തിനു വിധേയനാവുകയും' എന്നുവരെയുള്ള ഭാഗം മാർ നെസ്തോറിയസിന്റെ കൂദാശക്രമത്തിൽനിന്നു കൂട്ടിച്ചേർത്തതാണ്. തന്മൂലം, നവീകരിച്ച തക്സയിൽ ഈ ഭാഗം ഒഴിവാക്കിയിരിക്കുന്നു. ഒന്നാമത്തെ കൂദാശക്രമത്തിലെ മൂന്നാം പ്രണാമജപത്തിൽ കർത്താവിന്റെ രക്ഷാകരസംഭവങ്ങൾ ഓരോന്നും എടുത്തുപറയാതെ രക്ഷാകരരഹസ്യങ്ങളുട ഫലമായി നമുക്കു ലഭിച്ച അനുഗ്രഹങ്ങളെപ്രതി നന്ദി പറയുകയും പെസഹാരഹസ്യത്തെ മുഴുവനായി അനുസ്മരിക്കുകയും അനുഷ്ഠിക്കുകയുമാണു ചെയ്യുന്നത്. ഇപ്രകാരം, ഒന്നാമത്തെ കൂദാശക്രമത്തിലെ മൂന്നാം പ്രണാമജപത്തിന്റെ തനതാത്മകതയും സവിശേഷതകളും കൂടുതൽ വ്യക്തമാകുന്നു.

34. മൂന്നാം പ്രണാമജപത്തിന്റെ ആദ്യഭാഗത്തു വരുത്തിയ മറ്റു ഭേദഗതികൾ:

- 'അങ്ങയുടെ പ്രിയപുത്രൻ ഞങ്ങളോടു കല്പിച്ചതുപോലെ, എളിയവരും ബലഹീനരും ആകുലരുമായ ഈ ദാസർ അവിടത്തെ നാമത്തിൽ ഒരുമിച്ചുകൂടി ഞങ്ങളുടെ രക്ഷയുടെ സ്മാരകമായ ഈ രഹസ്യം തിരുസന്നിധിയിൽ അർപ്പിക്കുന്നു' എന്നാക്കിയിരിക്കുന്നു.
- 'നീ ഞങ്ങളോടു കല്പിച്ചതുപോലെ' എന്നുള്ളത് 'അങ്ങയുടെ പ്രിയപുത്രൻ ഞങ്ങളോടു കല്പിച്ചതുപോലെ' എന്നാക്കിയിരിക്കുന്നു. കാരണം, ഈ പ്രാർഥനയും തുടർന്നുള്ള ഭാഗവും പിതാവായ ദൈവത്തെയാണ് അഭിസംബോധന ചെയ്യുന്നത്.
- 'എളിയവരും ബലഹീനരും ആകുലരുമായ ഈ ദാസർ അവിടത്തെ നാമത്തിൽ ഒരുമിച്ചുകൂടി ഞങ്ങളുടെ രക്ഷയുടെ സ്മാരകമായ ഈ രഹസ്യം തിരുസന്നിധിയിൽ അർപ്പിക്കുന്നു' എന്നതിലെ 'എളിയവരും ബലഹീനരും ആകുലരുമായ ഈ ദാസർ ഒരുമിച്ചുകൂടി' എന്ന ഭാഗം 1989ലെ തക്സയിലെ മൂന്നാം പ്രണാമജപത്തിന്റെ രണ്ടാംഭാഗത്തുനിന്നും എടുത്തതാണ്.

35. 'പുതിയ ഉടമ്പടിയിലെ എന്റെ രക്തമാകുന്നു' എന്ന സ്ഥാപനവിവരണത്തിലെ ഭാഗം സുറിയാനിമൂലത്തോടു കൂടുതൽ വിശ്വസ്തമാകാനായി 'പുതിയ ഉടമ്പടിയുടെ എന്റെ രക്തമാകുന്നു' എന്നാക്കിയിരിക്കുന്നു.

36. **മധ്യസ്ഥപ്രാർഥനയിൽ വന്നിരിക്കുന്ന ഭേദഗതികൾ:**

- മധ്യസ്ഥപ്രാർഥനയുടെ ആരംഭത്തിൽ മാർപാപ്പായ്ക്കുള്ള വിശേഷണം 'പ്രധാനാചാര്യനും സാർവത്രികസഭയുടെ തലവനും ഭരണാധികാരിയുമായ റോമായിലെ' എന്നതുമാറ്റി 'സാർവത്രികസഭയുടെ പിതാവും തലവനുമായ' എന്നാക്കിയിരിക്കുന്നു.
- മധ്യസ്ഥപ്രാർഥനയിൽ 'വേണ്ടിയും' എന്ന പദപ്രയോഗം അത്യാവശ്യമായ ഇടങ്ങളിൽ മാത്രമാക്കി കുറച്ചിരിക്കുന്നു.
- മധ്യസ്ഥപ്രാർഥനയിൽ 'പുരോഹിതന്മാർ' എന്നതിനുശേഷം 'മ്ശംശാനമാർ' എന്നതു കൂടി ചേർത്തിരിക്കുന്നു. കാരണം, മെത്രാന്മാർ, പുരോഹിതന്മാർ എന്നിവരോടൊപ്പം മ്ശംശാനമാരും ശുശ്രൂഷാപൗരോഹിത്യത്തിൽ പങ്കുചേരുന്നവരാണ്.
- സമൂഹബലിയിൽ മധ്യസ്ഥപ്രാർഥനയുടെ അവസാനഭാഗത്ത് '...ഈ ജനത്തിനും അയോഗ്യനായ എനിക്കും വേണ്ടി...' എന്നതിനുപകരം '...ഈ ജനത്തിനും അയോഗ്യരായ ഞങ്ങൾക്കും വേണ്ടി...' എന്നു മാറ്റി ചൊല്ലാവുന്നതാണ് (സമൂഹബലിക്കുള്ള പ്രത്യേക നിർദേശങ്ങൾ, നമ്പർ 7).
- സമൂഹബലിയിൽ കാർമികന്റെ സഹായാഭ്യർഥനയിൽ 'എന്റെ സഹോദരരേ, ഈ കുർബാന എന്റെ കരങ്ങൾ വഴി പൂർത്തിയാകുവാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർഥിക്കുവിൻ' എന്നതിനുപകരം 'എന്റെ സഹോദരരേ, ഈ

(ശേഷം 7 – ാം പേജിൽ)

# സീറോമലബാർസഭയുടെ കുർബാനതക്സയിൽ വരുത്തിയ മാറ്റങ്ങൾ

(6 – ാം പേജിൽ നിന്ന് തുടർച്ച)

കുർബാന എന്റെ കരങ്ങൾ വഴി പൂർത്തിയാകാൻ നിങ്ങൾ പ്രാർഥിക്കുവിൻ' എന്നു മാറ്റിചൊല്ലാവുന്നതാണ്. (സമൂഹബലിക്കുള്ള പ്രത്യേകനിർദേശങ്ങൾ, നമ്പർ 6). സമൂഹബലിയിൽ 'എനിക്കുവേണ്ടി' എന്ന് പ്രത്യേകം പറയുന്നില്ല. കാരണം, പ്രാർഥന ചോദിക്കുന്നതും സമൂഹം പ്രാർഥിക്കുന്നതും കാർമികനുവേണ്ടി മാത്രമല്ല, സഹകാർമികർക്കുംകൂടി വേണ്ടിയാണ്. എന്നാൽ, മിശിഹായുടെ പ്രതിനിധിയായ കാർമികന്റെ കരങ്ങളിലൂടെയാണ് ദിവ്യരഹസ്യങ്ങൾ അനുഷ്ഠിക്കപ്പെടുന്നത് എന്നതുകൊണ്ട് 'ഈ കുർബാന എന്റെ കരങ്ങൾവഴി പൂർത്തിയാകാൻ' എന്നാണ് സമൂഹബലിയിലും ചൊല്ലുന്നത്.

**37. നാലാം പ്രണാമജപത്തിന്റെ ഏതാനും ഭാഗങ്ങൾ ഐച്ഛികമായി കൊടുത്തിരിക്കുന്നു:**

• 'ഈ ഓർമയാചരണത്തിൽ ദൈവമാതാവായ കന്യകാമറിയത്തിന്റെയും അങ്ങയുടെ തിരുസന്നിധിയിൽ സംപ്രീതി കണ്ടെത്തിയ നീതിമാന്മാരും വിശുദ്ധരുമായ പിതാക്കന്മാരുടെയും പാവനസ്മരണ, അങ്ങയുടെ അവർണനീയവും സമൃദ്ധവുമായ കൃപയാൽ സംജാതമാക്കണമേ' എന്ന ഭാഗം ഐച്ഛികമാക്കിയിരിക്കുന്നു. കാരണം, ദൈവമാതാവായ കന്യകാമറിയത്തെയും നീതിമാന്മാരെയും മകുടം ചൂടിയ രക്തസാക്ഷികളെയും ഓനീസാ ദ്റാസേയുടെ വ്യതിയാന വിധേയമല്ലാത്ത രണ്ടാം ഭാഗത്ത് അനുസ്മരിച്ചിരുന്നു.

• 'പ്രവാചകന്മാർ, ശ്ലീഹന്മാർ, രക്തസാക്ഷികൾ, വന്ദകന്മാർ, വേദപാരംഗതന്മാർ, മെത്രാന്മാർ, പുരോഹിതന്മാർ, മ്ശംശാനമാർ എന്നിവർക്കും' എന്ന ഭാഗവും ഐച്ഛികമാക്കിയിരിക്കുന്നു. കാരണം, പ്രവാചകന്മാരെയും ശ്ലീഹന്മാരെയും രക്തസാക്ഷികളെയും വന്ദകരെയും മെത്രാന്മാരെയും പുരോഹിതരെയും മ്ശംശാനമാരെയും അനുസ്മരിച്ചുകൊണ്ടുള്ള പ്രാർഥനകൾ കുർബാനയിൽ വിവിധഭാഗങ്ങളിലുണ്ട്.

• 'എളിയവരും ബലഹീനരും ക്ലേശിതരുമായ ഈ ദാസരും അങ്ങു നല്കിയ മാതൃക പരമ്പരാഗതമായി സ്വീകരിച്ച് അങ്ങയുടെ നാമത്തിൽ ഒരുമിച്ചുകൂടി ഇപ്പോൾ തിരുസന്നിധിയിൽ നില്ക്കുന്നു' എന്നതും ഐച്ഛികമാണ്. കാരണം, ഈ ആശയം ഉൾക്കൊള്ളുന്ന പ്രാർഥന, നവീകരിച്ച തക്സയിൽ, മൂന്നാം പ്രണാമജപത്തിന്റെ ആദ്യഭാഗത്തു കാണാം: 'എളിയവരും ബലഹീനരും ആകുലരുമായ ഈ ദാസർ അവിടത്തെ നാമത്തിൽ ഒരുമിച്ചുകൂടി ഞങ്ങളുടെ രക്ഷയുടെ സ്മാരകമായ ഈ രഹസ്യം തിരുസന്നിധിയിൽ അർപ്പിക്കുന്നു.'

• നാലാം പ്രണാമജപത്തിലെ 'ഞങ്ങളുടെ കർത്താവും ദൈവവുമായ മിശിഹാ വന്ന് ജീവദായകമായ സുവിശേഷംവഴി... എല്ലാ മനുഷ്യരും അറിയട്ടെ' എന്നുവരെയുള്ള പ്രാർഥനാഭാഗം 'ഞങ്ങളുടെ കർത്താവും ദൈവവുമായ മിശിഹാ വന്ന് ജീവദായകമായ സുവിശേഷംവഴി പ്രവാചകന്മാർ, ശ്ലീഹന്മാർ, രക്തസാക്ഷികൾ, വന്ദകന്മാർ, വേദപാരംഗതന്മാർ, മെത്രാന്മാർ, പുരോഹിതന്മാർ, മ്ശംശാനമാർ എന്നിവർക്കും വിശുദ്ധ മാമോദീസായുടെ സജീവവും ജീവദായകവുമായ അടയാളത്താൽ മുദ്രിതരും + പരിശുദ്ധ കത്തോലിക്കാസഭയുടെ സന്താനങ്ങളുമായ എല്ലാവർക്കും വേണ്ടിയുള്ള നൈർമല്യവും വിശുദ്ധിയും ഞങ്ങളെ പഠിപ്പിച്ചെന്നും എല്ലാമനുഷ്യരും അറിയട്ടെ' എന്നാക്കിയിട്ടുണ്ട്.

38. 'നിങ്ങൾ നിശ്ശബ്ദരായി ആദരപൂർവം പ്രാർഥിക്കുവിൻ. സമാധാനം നമ്മോടുകൂടെ.' എന്ന ശുശ്രൂഷിയുടെ ആഹ്വാനം 'കർത്താവേ, നിന്റെ പരിശുദ്ധാത്മാവ് എഴുന്നള്ളി വരട്ടെ' എന്ന പുരോഹിതന്റെ പ്രാർഥനയ്ക്കു മുമ്പാക്കിയിരിക്കുന്നു. സമൂഹം ഈ ആഹ്വാനം ശ്രവിച്ചു കൂടുതൽ ശ്രദ്ധയോടും ഭക്തിയോടുംകൂടെപങ്കെടുക്കാനും ഭംഗംവരാതെ റൂഹാക്ഷണപ്രാർഥന ചൊല്ലാനും വേണ്ടിയാണിത്.

39. അനുരഞ്ജനശുശ്രൂഷയിലെ ധൂപാശീർവാദപ്രാർഥനയ്ക്കുശേഷം കാർമികൻ ചൊല്ലുന്ന പ്രാർഥനകളുടെ അവസാനഭാഗത്ത് മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ശുശ്രൂഷിയുടെ മേലുള്ള പ്രാർഥന 'ഈ ശുശ്രൂഷിയെ സുഗന്ധപൂരിതനാക്കണമേ' എന്നത് 'ഈ ശുശ്രൂഷിയെ വിശുദ്ധിയുടെ പരിമളത്താൽ പൂരിതനാക്കണമേ' എന്നാക്കിയിരിക്കുന്നു. അതുപോലെ, ജനങ്ങളുടെ മേലുള്ള പ്രാർഥനയും 'ഈ ജനത്തെ വിശുദ്ധിയുടെ പരിമളത്താൽ പൂരിതരാക്കണമേ' എന്നാക്കിയിരിക്കുന്നു. ബലിപീഠത്തിന്മേലുള്ള പ്രാർഥനയിൽ 'തിരുശ്ശരീരരക്തങ്ങളെ സുഗന്ധപൂരിതമാക്കണമേ' എന്നത് ഒരേ ശൈലിയിലാക്കാൻ 'പരിമളപൂരിതമാക്കണമേ' എന്നും മാറ്റിയിരിക്കുന്നു.

ഈ പ്രാർഥനകൾക്കു പകരം ആഘോഷപൂർവകമായ കുർബാനയിലും സാധാരണകുർബാനയിലും ചൊല്ലാവുന്ന പ്രാർഥനയിൽ, 'ഞങ്ങളുടെ കടങ്ങളും പാപങ്ങളും മോചിച്ച്' എന്നുകൂടി ചേർത്തിരിക്കുന്നു.

40. കർത്താവിന്റെ തിരുനാളുകളിലും പ്രധാനതിരുനാളുകളിലും ഞായറാഴ്ചകളിലും ചൊല്ലുന്ന സമൂഹത്തിന്റെ കൃതജ്ഞതാപ്രാർഥനകളുടെ (തെശ്ബോഹ്ത്ത) ഗീതരൂപങ്ങൾ പൊതുക്രമത്തിൽ പുതുതായി ചേർത്തിട്ടുണ്ട്. അതുപോലെ, സാധാരണദിവസങ്ങൾക്കുള്ള ഗീതം അനുബന്ധം രണ്ടിൽ നിന്നെടുത്ത് പ്രാർഥനയ്ക്കു മുമ്പായി കൊടുത്തിരിക്കുന്നു.

41. കുർബാനയിലെ ഏതാനും ഗീതങ്ങളും പ്രാർഥനകളും സുറിയാനിഭാഷയിൽത്തന്നെ തക്സയുടെ അനുബന്ധം മൂന്നിൽ കൊടുത്തിരിക്കുന്നു.

42. കുർബാനയുടെ റാസതക്സയിൽ നവീകരിച്ച പ്രോപ്രിയഭാഗവും ഉൾപ്പെടുത്തിയിട്ടുണ്ട്. 'സുപ്പെലെമെന്തും മിസ്തേരിയോരും' എന്ന ഗ്രന്ഥത്തിൽനിന്നുള്ള പ്രാർഥനകളോടൊപ്പം പുതുതായി രൂപപ്പെടുത്തിയ പ്രാരംഭപ്രാർഥന, കാറോസൂസ, കുർബാനസ്വീകരണത്തിനുശേഷമുള്ള കൃതജ്ഞതാപ്രാർഥനകൾ, ഹൂത്താമ്മ എന്നിവയും പ്രോപ്രിയായിൽ ചേർത്തിരിക്കുന്നു.

43. 'സുപ്പെലെമെന്തും മിസ്തേരിയോരും' എന്ന ഗ്രന്ഥത്തിൽ നല്കപ്പെട്ട മർമീസയിൽനിന്ന് അനുയോജ്യമായ സങ്കീർത്തനഭാഗങ്ങൾ പ്രോപ്രിയായിൽ തിരഞ്ഞെടുത്തിരിക്കുന്നു. മദ്ബഹഗീതം, പ്രകീർത്തനം (ശൂറായ), ഹല്ലേലൂയ്യാഗീതം (സുമാറ), ദിവ്യരഹസ്യഗീതം (ഓനീസാ ദ്റാസേ), ദിവ്യകാരുണ്യഗീതം (ഓനീസാ ദ്‌വേമ്മ), അനുഗീതം (ഓനീസാ ദ്‌വാത്തേ) എന്നീ ഗീതങ്ങളെല്ലാം 'സുപ്പെലെമെന്തും മിസ്തേരിയോരും' എന്ന ഉറവിടഗ്രന്ഥത്തോടു വിശ്വസ്തത പുലർത്തുന്നു.

44. 'കർത്താവിന്റെ സജീവമായ സ്ലീവായാൽ നിങ്ങളെല്ലാവരും മുദ്രിതരും എല്ലാ വിപത്തുകളിൽ നിന്നും സംരക്ഷിതരുമാകട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും' എന്നു ചൊല്ലിക്കൊണ്ട് ആശീർവദിക്കുന്ന വിധത്തിലാണ് പ്രോപ്രിയായിലെ ഹൂത്താമ്മ പ്രാർഥനകളെല്ലാംതന്നെ (സ്വർഗാരോഹണത്തിരുനാളിന്റെ ഒഴികെ) കൊടുത്തിരിക്കുന്നത്. 'ഹൂത്താമ്മ' എന്ന വാക്കിനർഥം 'മുദ്രവയ്ക്കൽ' എന്നാണ്. കാർമികൻ സമൂഹത്തെ കുരിശാകൃതിയിൽ ആശീർവദിച്ചു കൊണ്ട് സ്ലീവായാൽ മുദ്രിതരാക്കുകയും കർത്താവിന്റെ സംരക്ഷണത്തിനു ഭരമേല്പിക്കുകയും ചെയ്യുന്നു.

45. ആരാധനക്രമ കാലങ്ങളനുസരിച്ചുള്ള പ്രോപ്രിയ പ്രാർഥനകൾക്കുശേഷമാണ് (മംഗളവാർത്ത കാലംമുതൽ പള്ളിക്കൂദാശവരെ) കർത്താവിന്റെ തിരുനാളുകൾ, പ്രധാനതിരുനാളുകൾ, വിശുദ്ധരുടെ തിരുനാളുകൾ, നമ്മുടെ സഭയിലെ നാലു വിശുദ്ധരുടെ തിരുനാളുകൾ, മൂന്നുനോമ്പ്, മരിച്ചവരുടെ ഓർമ മുതലായ ദിവസങ്ങളുടെ പ്രാർഥനകൾ യഥാക്രമം തക്സായിൽ ചേർത്തിരിക്കുന്നത്.

**മാർ തോമസ് ഇലവനാൽ**
ചെയർമാൻ, ആരാധനക്രമകമ്മീഷൻ

**ഫാ. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ**
സെക്രട്ടറി, ആരാധനക്രമകമ്മീഷൻ

## കാലാവസ്ഥവ്യതിയാനത്തെ നേരിടുന്നതിന് ഐക്യദാർഢ്യം അനിവാര്യം: ഫ്രാൻസിസ് പാപ്പായുടെ ട്വിറ്റർ സന്ദേശം




റോം: കാലാവസ്ഥ വ്യതിയാനത്തെ നേരിടുന്നതിന് ആഗോളകൂട്ടുത്തരവാദിത്വം അനിവാര്യമെന്ന് മാർപ്പാപ്പാ. #Faiths4COP26 എന്ന ഹാഷ്ടാഗോടുകൂടി, ഒക്ടോബർ 29–ന്, വെള്ളിയാഴ്ച നല്കിയ ട്വിറ്റർ സന്ദേശത്തിലാണ് ഫ്രാൻസിസ് പാപ്പാ ഈ ആവശ്യകത ചൂണ്ടിക്കാട്ടിയിരിക്കുന്നത്. പാപ്പായുടെ ട്വിറ്റർ സന്ദേശം ഇപ്രകാരമാണ്: 'ആഗോള കൂട്ടുത്തരവാദിത്വം, നീതിയിലും പൊതുവായ ഭാഗധേയം പങ്കുവയ്ക്കുന്നതിലും ലോകത്തെ സംബന്ധിച്ച ദൈവിക പദ്ധതിയിൽ മാനവകുടുംബത്തിന്റെ ഐക്യത്തെക്കുറിച്ചുള്ള അവബോധത്തിലും അധിഷ്ഠിതമായ ഐക്യദാർഢ്യം എന്നിവയിലൂടെ മാത്രമേ കാലാവസ്ഥ മാറ്റത്തെ നേരിടാൻ കഴിയൂ.'

വിവിധഭാഷകളിലായി 4 കോടിയിലേറെ വരുന്ന ട്വിറ്റർ അനുയായികളുള്ള പാപ്പാ കുറിക്കുന്ന ട്വിറ്റർ സന്ദേശങ്ങൾ അറബി, ലത്തീൻ, ജർമ്മൻ, ഇറ്റാലിയൻ, ഇംഗ്ലീഷ്, സ്പാനിഷ്, പോളിഷ്, പോർച്ചുഗീസ്, ഫ്രഞ്ച് എന്നിങ്ങനെ 9 ഭാഷകളിൽ ലഭ്യമാണ്.

## പാലക്കാട് രൂപത ഐഎഎസ് കോച്ചിംഗ് ആരംഭിച്ചു

പാലക്കാട്: രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റാർസ് സിവിൽ സർവ്വീസ് അക്കാദമിയ്ക്കു കേരള സർക്കാരിന്റെ അംഗീകാരം ലഭിച്ചു. സ്റ്റാർസ് ഐഎഎസ് അക്കാദമിയിൽ 7 മാസത്തെ പരിശീലന കോഴ്സിലേക്കുള്ള അഡ്മിഷൻ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. സിവിൽ സർവീസ് സ്വപ്നം കാണുന്നവർക്കു ഇനി കുറഞ്ഞ ചെലവിൽ ഗവൺമെൻറ് അംഗീകൃത അക്കാദമിയിൽ പഠിക്കുവാനുള്ള അവസരമാണ് ഇതോടെ ലഭ്യമായിരിക്കുന്നത്. സംസ്ഥാന / കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലേക്ക് വരുന്ന ഒഴിവുകളിൽ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിലേക്കായി, പി.എസ്.സി, യു.പി.എസ്.സി., ബാങ്കിങ്ങ് സർവ്വീസ് റിക്രൂട്ട്മെന്റ് ബോർഡ്, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ്, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ മുതലായ ഏജൻസികളാൽ നടത്തപ്പെടുന്ന മത്സര പരീക്ഷകളിൽ മികച്ച വിജയം കരസ്ഥമാക്കുവാൻ ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കും വിധമുള്ള പരിശീലനം നഗര–ഗ്രാമ വ്യത്യാസമെന്യേ, ചുരുങ്ങിയ ചെലവിൽ ഏവർക്കും പ്രദാനം ചെയ്യുക എന്നതാണ് ഈ അഫിലിയേഷൻ വഴി ഗവൺമെന്റ് ലക്ഷ്യമിടുന്നത്. വിവിധ മേഖലകളിൽ സ്വാധീനം ചെലുത്താൻ കഴിയുന്ന സിവിൽ സർവീസുകാരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ക്രമീകരിച്ചിട്ടുള്ള ഈ കോഴ്സിൽ പങ്കുചേരുന്നവർക്ക് കെ.എ.എസ് (Kerala Administrative Service), സെൻട്രൽ യൂണിവേഴ്സിറ്റി പ്രവേശനപ്പരീക്ഷകൾ, പി.എസ്.സി തുടങ്ങിയ പരീക്ഷകൾക്ക് ഒരുങ്ങികൊണ്ടിരിക്കുന്നവർക്ക് ഏറെ ഗുണം ചെയ്യുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

സാമൂഹിക പ്രതിബദ്ധതയും കറന്റ് അഫയേഴ്സ് നോളജും അപഗ്രഥനാശേഷിയും വളർത്തിയെടുക്കാൻ സഹായമായ വിധത്തിലാണ് കോഴ്സ്. +2, ഡിഗ്രി പഠിക്കുന്നവർക്കും ജോലി ചെയ്യുന്നവർക്കും ഈ കോഴ്സിൽ പങ്കെടുക്കാൻ അവസരമുണ്ട്. ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലുമായി ക്രമീകരിച്ചിരിക്കുന്ന ക്ലാസുകൾ ഓൺലൈനായും ഓഫ്ലൈനായും നടത്തപ്പെടും. വിവിധ മേഖലകളിലെ പരിചയസമ്പന്നരായ വ്യക്തികളാണ് കോച്ചിംഗ് നയിക്കുന്നത്. സാധാരണക്കാരായ ആളുകൾക്ക് പോലും താങ്ങാവുന്ന രീതിയിൽ കുറഞ്ഞ ഫീസിൽ പഠനം ലഭ്യമാക്കുന്നതും സ്റ്റാർസിന്റെ പ്രത്യേകതയാണ്.

## ജൂബിലി നിറവിൽ മാർ ജോർജ് ഞരളക്കാട്ട് പിതാവ്

**തലശ്ശേരി** അതിരൂപത



തലശ്ശേരി: മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ ജൂബിലി ആഘോഷം തലശ്ശേരി സാൻജോസ് മെട്രോപോളിറ്റൻ ഹാളിൽ നടന്നു. ഒക്ടോബർ 30ന് രാവിലെ പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ ദിവ്യബലിയും തുടർന്ന് പൊതുസമ്മേളനവും നടന്നു. മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, മുഖ്യമന്ത്രി പിണറായി വിജയൻ, മലബാർ റീജിയണിലെ മെത്രാന്മാർ, വിവിധ രാഷ്ട്രീയ നേതാക്കൾ തുടങ്ങിയവർ പൊതുസമ്മേളനത്തിൽ പങ്കെടുത്തു.

**കോട്ടയം** അതിരൂപത

## കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് കോട്ടയം അതിരൂപതാതല പ്രവർത്തനോദ്ഘാടനം



കോട്ടയം: കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ കോട്ടയം അതിരൂപതാതല പ്രവർത്തനോദ്ഘാടനം തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ നടന്നു. ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം നിർവ്വഹിച്ചു. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് അതിരൂപത പ്രസിഡന്റ് സുജി തോമസ് പുല്ലുകാട്ട് അധ്യക്ഷത വഹിച്ചു. കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസി സെക്രട്ടറി ഫാ. തോമസ് എടത്തിപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. ടീച്ചേഴ്സ് ഗിൽഡ് ജനറൽ സെക്രട്ടറി ബിബീഷ് ജോസ് ഓലിക്കമുറിയിൽ, സംസ്ഥാന സെക്രട്ടറി റ്റോം കരികുളത്തിൽ എന്നിവർ സംസാരിച്ചു.

സംസ്ഥാന സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട റ്റോം കരികുളത്തിൽ, തെക്കൻമേഖല പ്രസിഡൻറ് സ്റ്റീഫൻസൺ എബ്രഹാം, വൈസ് പ്രസിഡൻറ് ഉഷ മേരി ജോൺ എന്നിവരെ ചടങ്ങിൽ ആദരിച്ചു. ജസ്റ്റിൻ തോമസ് ക്ലാസെടുത്തു.

## മണ്ഡ്യ രൂപത മാതൃവേദി വാർഷികം

**MANDYA** EPARCHY

മണ്ഡ്യ: മണ്ഡ്യരൂപത മാതൃവേദിയുടെ ഏഴാം വാർഷികം ഒക്ടോബർ 2ന് രാമമൂർത്തിനഗർ സെൻറ് മേരീസ് പള്ളിയിൽ നടന്നു. രാവിലെ 9.30ന് ജപമാലയോടുകൂടി വാർഷികത്തിന് തുടക്കമായി. തുടർന്ന് നടന്ന ദിവ്യബലിക്ക് രൂപതാധ്യക്ഷൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് മുഖ്യ കാർമ്മികത്വം വഹിച്ചു.

ഉച്ചയ്ക്ക് 12ന് നടന്ന പൊതുസമ്മേളനം എടയന്ത്രത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. മാതൃവേദി പ്രസിഡന്റ് റീന പ്രിൻസ് അധ്യക്ഷത വഹിച്ചു. മാതൃവേദി ഡയറക്ടർ ഫാ. ഡോണി വാഴവേലിക്കകത്ത്, മണ്ഡ്യ രൂപത പ്രോട്ടോ സിഞ്ചെലൂസ് റവ. ഡോ. മാത്യു കോയിക്കര, ചാൻസലർ റവ. ഡോ. ജോമോൻ കോലേരി, പ്രൊക്യുറേറ്റർ ഫാ. സജി പരിയപ്പനാൽ എന്നിവർ സംസാരിച്ചു. മാതൃവേദി സെക്രട്ടറി ജിഷാ മാത്യു റിപ്പോർട്ട് അവതരിപ്പിച്ചു. ഇടവക വികാരി ഫാ. ഫ്രാൻസിസ് കിഴക്കേമ്യാലിൽ, സെനറ്റ് മെമ്പർ മോളി പീറ്റർ, വൈസ് പ്രസിഡന്റ് ലിയോമ്മ ആൽബർട്ട്, സെനറ്റ് മെമ്പർ ആൻസി ആൽബർട്ട്, കോർഡിനേറ്റർ സിസ്റ്റർ ജാൻസി തുടങ്ങിയവർ നേതൃത്വം നൽകി.





**മിസ്സിസ്സാഗ** രൂപത

## Eparchial Day Celebrations

Mississauga: The Syro-Malabar Catholic Eparchy of Mississauga celebrated Eparchial Day on September 19, 2021, at St. Alphonsa Syro-Malabar Catholic Forane Church, Edmonton. The event commemorated the sixth anniversary of the Eparchy in conjunction with the sixth anniversary of the episcopal ordination of Bishop Mar Jose Kalluvelil. Following the Pontifical Holy Qurbana celebrated by Mar Jose Kalluvelil, the event began at 11:45 AM. It was live streamed through YouTube.

A prayer song by Tezza Maria Paul and Ann Ria Paul commenced the Eparchial Day programs. Afterwards, Fr. Thomas Thaicheril, Forane Vicar expressed words of welcome. Following the lighting of the lamp, Mar Jose Kalluvelil, delivered presidential address. Esha Tony, Sebastian Paikada, and Shiju Stephen shared felicitations. There was a cake cutting in honour of sixth



anniversary of Bishop's episcopal ordination. Fr. Boby Joy Muttathuvalayil, Director of Western Regional Pastoral Center in Edmonton presented the vote of thanks. The meeting concluded with the Canadian national anthem and a blessing by Mar Jose Kalluvelil.

## എമർജൻസി കിറ്റുകളുടെ വിതരണം

**എറണാകുളം – അങ്കമാലി** അതിരൂപത

ആലങ്ങാട്: എറണാകുളം - അങ്കമാലി അതിരൂപതയുടെ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയയുടെ നേതൃത്വത്തിൽ ആലങ്ങാട് പഞ്ചായത്തിലെ തിരഞ്ഞെടുത്ത പത്ത് വാർഡുകളിൽ എമർജൻസി കിറ്റുകൾ വിതരണം ചെയ്തു. കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് സഹൃദയ നടപ്പിലാക്കുന്ന നവജീവൻ ദുരന്ത ആഘാത ലഘൂകരണ പദ്ധതിയുടെ ഭാഗമായാണ് കിറ്റു വിതരണം നടത്തിയത്.



നവജീവൻ പദ്ധതിയുടെ ഭാഗമായി 30 പേരടങ്ങുന്ന സന്നദ്ധ സേവകരുടെ സംഘം രൂപീകരിച്ചാണ് പത്തു വാർഡുകളിലെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ആലങ്ങാട് പഞ്ചായത്ത് ഓഫീസിൽ നടന്ന ചടങ്ങ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. എം. മനാഫ് ഉദ്ഘാടനം ചെയ്തു. സഹൃദയ ഡയറക്ടർ ഫാ. ജോസഫ് കൊളുത്തുവെള്ളിൽ അദ്ധ്യക്ഷത വഹിച്ചു.

കോവിഡ് കാലത്ത് അക്ഷീണം പ്രവർത്തിക്കുന്ന ആശ വർക്കർമാർക്കും, അംഗനവാടി ടീച്ചർമാർക്കും ഹൈജീൻ കിറ്റുകൾ വിതരണം ചെയ്തു. ആലങ്ങാട് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലത പുരുഷൻ, സഹൃദയ പ്രോജക്ട് കോർഡിനേറ്റർ ഷിംജോ ദേവസ്യ, അനന്തു ഷാജി, അനൂപ് ആന്റണി എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## ‘പാഥേയം’ പദ്ധതിയിൽ പങ്കാളികളായി കൊരട്ടി ഫൊറോന വിശ്വാസ പരിശീലന വിഭാഗം

കൊരട്ടി: വിശക്കുന്നവർക്ക് സൗജന്യമായി ആഹാരം നൽകുന്ന ‘പാഥേയം’ പദ്ധതിയിലേയ്ക്ക് ഈ അദ്ധ്യയന വർഷത്തെ എല്ലാ ഞായറാഴ്ചകളിലും കൊരട്ടി ഫൊറോനയിലെ വിശ്വാസ പരിശീലന വിഭാഗം പൊതിച്ചോർ ലഭ്യമാക്കുന്നു. ഒരു വർഷത്തോളമായി കൊരട്ടി ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ‘പാഥേയ’ത്തിലേക്കും അങ്കമാലി ടൗണിൽ പ്രവർത്തിക്കുന്ന ‘പാഥേയ’ത്തിലേക്കുമാണ് ഫൊറോനയിലെ വിവിധ പള്ളികളിൽ നിന്ന് വിശ്വാസ പരിശീലന വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സൗജന്യമായി പൊതിച്ചോറുകൾ എത്തിക്കുന്നത്.

എറണാകുളം - അങ്കമാലി അതിരൂപത വിശ്വാസ പരിശീലന വിഭാഗം ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. കൊരട്ടി ഫൊറോന വികാരി ഫാ. ജോസ് ഇടശ്ശേരി അധ്യക്ഷത വഹിച്ചു. ഫൊറോന പ്രൊമോട്ടർ മാർട്ടിൻ പതപ്പിള്ളി, ഫൊറോന ഡ




യറക്ടർ ഫാ. ടോം മുള്ളൻചിറ, അതിരൂപത സെക്രട്ടറി സിസ്റ്റർ കിരൺ ജോസ്, വിൻസൺ ഡൊമിനിക്, ബൈജു പതിപ്പറമ്പൻ, പോളി തെക്കിനിയൻ, അന്നനാട് ഹെഡ് മാസ്റ്റർ ആന്റോ പുതുശേരി, അതിരൂപത സി എം എൽ പ്രസിഡന്റ് തോമസ് ഇടശ്ശേരി, സി എം എൽ റീജിയണൽ ഓർഗനൈസർ പോളി ഊക്കൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**സീറോമലബാർ വിഷനിലേക്ക് രൂപതാ / സമർപ്പിതസമൂഹ വാർത്തകൾ അയക്കാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന ഐഡിയിലേക്ക് മെയിൽ അയക്കുകയോ, നമ്പറിലേക്ക് വാട്ട്സാപ്പ് മെസേജ് അയക്കുകയോ ചെയ്യാവുന്നതാണ്.**

**email: syromalabarvision@gmail.com | whatsapp: +91 8089552280**

**സീറോമലബാർ വിഷൻ**

# ദുരിതബാധിത മേഖലകൾ സന്ദർശിച്ചും ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചും മാർ ജോസ് പുളിക്കൽ

കാഞ്ഞിരപ്പള്ളി
രൂപത

കാഞ്ഞിരപ്പള്ളി: രൂപത പരിധിയിലെ ദുരിതബാധിത മേഖലകളിൽ ഭവനങ്ങൾ ഉൾപ്പെടെ സന്ദർശിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഏകോപനത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരികയാണ് കാഞ്ഞിരപ്പള്ളി രൂപത ബിഷപ്പ് മാർ ജോസ് പുളിക്കൽ. വേദനിക്കുന്ന സഹോദരങ്ങൾക്ക് ആശ്വാസമേകുവാൻ എല്ലാവരോടും പിതാവ് ആഹ്വാനം ചെയ്തു. രൂപത സംവിധാനങ്ങളെല്ലാം ഉണർന്നു പ്രവർത്തിക്കുന്നതിനെ അദ്ദേഹം അഭിനന്ദിച്ചു.

പ്രളയദുരിതം മുന്നിൽക്കണ്ട് തുടക്കത്തിൽ തന്നെ മാർ ജോസ് പുളിക്കലിന്റെ അധ്യക്ഷതയിൽ വികാരി ജനറാൾമാരായ ഫാ. ജോസഫ് വെള്ളമറ്റം, ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ, ഫാ. കുര്യൻ താമരശ്ശേരി, അജപാലന സാമൂഹ്യസേവന വിഭാഗം ഡയറക്ടർമാർ എന്നിവർ അടിയന്തിര യോഗം ചേർന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനുള്ള ക്രമീകരണങ്ങൾ വിലയിരുത്തി.

ഗതാഗത തടസ്സമുണ്ടായി വഴിയിൽ കുടുങ്ങിയ ബസ് യാത്രക്കാർക്കും, അയ്യപ്പഭക്തർക്കും, കുട്ടിക്കാനം മരിയൻ കോളജിലും, കൂവപ്പള്ളി അമൽ ജ്യോതി എഞ്ചിനീയറിംഗ് കോളജിലും, വിവിധ പള്ളികളിലും, സന്യാസ ഭവനങ്ങളിലും ഭക്ഷണവും താമസവും ഒരുക്കി. രൂപതാ യുവദീപ്തി - എസ് എം വൈ എമ്മിന്റെ നേതൃത്വത്തിൽ ഹെൽപ്പ് ഡെസ്ക്കും ആരംഭിച്ചു. വൈദികരുടെയും സന്യസ്തരുടെയും നേതൃത്വത്തിൽ പ്രളയബാധിത ഭവനങ്ങളും പരിസരവും ശുചീകരിക്കുന്നതുൾപ്പെടെ നിരവധി ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടർന്നു വരികയാണ്.



രൂപതയുടെ സാമൂഹ്യസേവന വിഭാഗങ്ങളായ മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി, പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റി എന്നിവയിലൂടെ ആവശ്യമായ സ്ഥലങ്ങളിൽ ഭക്ഷ്യവസ്തുക്കൾ എത്തിക്കാനുള്ള സജ്ജീകരണങ്ങളും ഉറപ്പുവരുത്തി.

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ അടിയന്തിര സാഹചര്യത്തെ നേരിടാൻ പ്രത്യേക ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. രൂപതയിലെ സംഘടനകളും അജപാലന, സാമൂഹ്യസേവന വിഭാഗങ്ങളും വഴിയാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. വീടും സ്ഥലവും നഷ്ടപ്പെട്ടവരും അപകടസാധ്യത മേഖലകളിലുള്ളവരും വിവിധ പള്ളികളോടനുബന്ധിച്ച് കഴിയുന്നുണ്ട്.

# ആഗോള മെത്രാൻ സിനഡിന്റെ കാഞ്ഞിരപ്പള്ളി രൂപതാതല പ്രവർത്തനങ്ങൾക്ക് തുടക്കം

കാഞ്ഞിരപ്പള്ളി: 2023 ഒക്ടോബറിൽ വത്തിക്കാനിൽ നടക്കുന്ന ആഗോള മെത്രാൻ സിനഡിന്റെ രൂപതാതല പ്രവർത്തനങ്ങൾ കാഞ്ഞിരപ്പള്ളി രൂപതയിൽ ആരംഭിച്ചു. ഇതിന് തുടക്കം കുറിച്ച് സെൻറ് ഡൊമിനിക്സ് കത്തീഡ്രലിൽ നടന്ന വിശുദ്ധ കുർബാനയ്ക്ക് കാഞ്ഞിരപ്പള്ളി രൂപത ബിഷപ്പ് മാർ ജോസ് പുളിക്കൽ മുഖ്യകാർമികത്വം വഹിച്ചു.



പരസ്പരം കേൾക്കുന്നവരും ഒന്നുചേർന്ന് പരിശുദ്ധാത്മാവിനെ ശ്രവിക്കുവാൻ തുറവിയുള്ളവരും ആകുമ്പോഴാണ് സഭാ കൂട്ടായ്മ ശക്തിപ്പെടുന്നതെന്ന് പിതാവ് കുർബാന മദ്ധ്യേ നൽകിയ സന്ദേശത്തിൽ പറഞ്ഞു. എല്ലാവരും കേൾക്കപ്പെടുകയും തുറവിയോടെ സംസാരിക്കുകയും ചെയ്യുമ്പോഴാണ് എല്ലാവർക്കും പങ്കാളിത്തമുള്ള സഭയുടെ പ്രേഷിതദൗത്യം ഊർജ്ജ്വസ്വലമായി തുടരുവാൻ കഴിയുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വികാരി ജനറാൾ ഫാ. ജോസഫ് വെള്ളമറ്റം, കത്തീഡ്രൽ വികാരി ആർച്ച് പ്രീസ്റ്റ് ഫാ. വർഗ്ഗീസ് പരിന്തിരിക്കൽ, ഫാ. ജോസഫ് ചക്കുംമൂട്ടിൽ, ഫാ. ജോബി തെക്കേടത്ത്, ഫാ. പയസ് കൊച്ചുപറമ്പിൽ, കൈക്കാരൻമാരായ പാപ്പച്ചൻ കരിമ്പനാൽ, ഔസേപ്പച്ചൻ മണ്ണംപ്ലാക്കൽ, സെബാസ്റ്റ്യൻ എളൂക്കുന്നേൽ, ജോസഫ് കരിപ്പാപറമ്പിൽ, കത്തീഡ്രൽ കുടുബക്കൂട്ടായ്മ ഭാരവാഹികൾ, പാരിഷ് കൗൺസിലംഗങ്ങൾ, വിശ്വാസ പരിശീലകർ എന്നിവർ സന്നിഹിതരായിരുന്നു.

രൂപതയിലെ ഇടവക, ഫൊറോന തലങ്ങളിലും സന്യാസ സമൂഹങ്ങൾ, സംഘടനകൾ എന്നീ മേഖലകളിലും സിനഡൽ രേഖ ചർച്ചചെയ്ത് രൂപീകരിക്കുന്ന ആശയങ്ങൾ രൂപതാതലത്തിൽ ക്രോഡീകരിച്ച് സീറോമലബാർ സഭാ ആസ്ഥാനത്തേയ്ക്ക് നൽകും. രൂപതാതല സിനഡൽ സമ്മേളനങ്ങൾ ഏകോപിപ്പിക്കുന്നതിന് വൈദികസമിതി സെക്രട്ടറിയായ റവ. ഡോ. തോമസ് പൂവത്താനിക്കുന്നേലിന്റെ നേതൃത്വത്തിൽ രൂപതാ വൈസ് ചാൻസലർ റവ. ഡോ. ജോസഫ് മരുതൂക്കുന്നേൽ, പാസ്റ്ററൽ ആനിമേഷൻ ഡയറക്ടർ റവ. ഫാ. സ്റ്റാൻലി പുള്ളോലിക്കൽ എന്നിവർ അംഗങ്ങളായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്.

രൂപതാതല പ്രവർത്തങ്ങൾ പൂർത്തിയായ ശേഷം, സിനഡിന്റെ വിവിധ ഭൂഖണ്ഡങ്ങളുടെ തലത്തിലുള്ള രണ്ടാംഘട്ടം 2023 മാർച്ചിൽ പൂർത്തിയാകും. 2023 ഒക്ടോബറിലാണ് സാർവ്വത്രികസഭ ആഗോള മെത്രാൻ സിനഡിലേയ്ക്ക് പ്രവേശിക്കുന്നത്.

സഭാംഗങ്ങളെല്ലാവരും കേൾക്കപ്പെടണമെന്നതും സിനഡൽ പ്രക്രിയയിൽ സഹകാരികളാകണം എന്നതുമാണ് സിനഡ് ലക്ഷ്യം വെയ്ക്കുന്നത്. പൊതുസമൂഹത്തെ കേൾക്കണമെന്നും സിനഡൽ രേഖ നിർദ്ദേശിക്കുന്നുണ്ട്.

ഹൊസൂർ
രൂപത

# ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തു

ചെന്നൈ: ഹൊസൂർ രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ എച്ച്ഐഡിഎസിന്റെ നേതൃത്വത്തിൽ നിർധന കുടുംബങ്ങൾക്ക് അവശ്യസാധനങ്ങൾ അടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു. ചെന്നൈ, തിരുവാളൂർ, കാഞ്ചീപുരം, ചെങ്കൽപെട്ട് ജില്ലകളിലെ 35 വില്ലേജുകളിലുള്ള 955 കുടുംബങ്ങൾക്കാണ് മെഡിക്കൽ കിറ്റുകളും ഭക്ഷ്യ കിറ്റുകളും വിതരണം ചെയ്തത്.



ഹൊസൂർ രൂപത ബിഷപ് മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ കിറ്റ് വിതരണം ഉദ്ഘാടനം ചെയ്തു. എച്ച് ഐ ഡി എസ് ഡയറക്ടർ ഫാ. ജോസഫ് അറയ്ക്കൽ, എം ആർ വിൽസൺ, സി സി ആന്റണി, മോൺ. ബിനോയ് പൊഴോലിപറമ്പിൽ, ഫാ. നിജോ പള്ളായി തുടങ്ങിയവർ നേതൃത്വം നൽകി.

ഫരീദാബാദ്
രൂപത

# 'സൽസ്വഭാവി ഉത്തമൻ' പുസ്തക പ്രകാശനം



ഫരീദാബാദ്: ഫിലിപ്പോസ് ജോൺ എഴുതിയ 'സൽസ്വഭാവി ഉത്തമൻ' എന്ന പുസ്തകം ഫരീദാബാദ് രൂപതാദ്ധ്യക്ഷൻ ആർച്ച്ബിഷപ്പ് മാർ കുര്യാക്കോസ് ഭരണികുളങ്ങര പ്രകാശനം ചെയ്തു. സെപ്റ്റംബർ 25 ശനിയാഴ്ച നടന്ന ചടങ്ങിൽ രാജ്യസഭ എം പി അൽഫോൺസ് കണ്ണന്താനത്തിന് നൽകിയാണ് പിതാവ് പ്രകാശനം നിർവഹിച്ചത്. മുൻ അംബാസഡർ കെ പി ഫാബിയൻ, റെയിൽവെ ബോർഡ് ഓഡിറ്റ് പ്രിൻസിപ്പൽ ഡയറക്ടർ സുബു റഹ്മാൻ, ശാലോം ഗ്രൂപ്പ് ഓഫ് സ്കൂൾസ് ചെയർ പേഴ്സൺ ഡോ. ലില്ലി ജോർജ് തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

സീറോമലബാർ വിഷൻ
EDITORIAL BOARD

PATRON
MAJOR ARCHBISHOP CARDINAL MAR GEORGE ALENCHERRY

ADVISORY BOARD
MAR JOSEPH PAMPLANY
CHAIRMAN, MEDIA COMMISSION
MAR SEBASTIAN VANIYAPURACKAL
EPISCOPAL MEMBER, MEDIA COMMISSION
MAR PAULY KANNOOKADAN
EPISCOPAL MEMBER, MEDIA COMMISSION

CHIEF EDITOR
FR. ALEX ONAMPALLY
SECRETARY, MEDIA COMMISSION

ASSOCIATE EDITOR
FR. ABRAHAM KAVILPURAYIDATHIL
PRO, VICE-CHANCELLOR

MANAGING EDITOR
FR. SEBY KOLANGARA
EXECUTIVE DIRECTOR, INTERNET MISSION

SUB EDITOR
MR. THEOPHINE

STAFF EDITOR
MRS. SUJAMOL JOSE

ONLINE EDITOR
MR. EBY THOMAS

CONSULTANTS
DR. KOCHURANI JOSEPH
DR. CHACKO KALAMPARAMBIL
DR. MARY REGINA F.
MR. SIJO AMBATT

DESIGN & LAYOUT
JOSEMON VAZHAYIL
MUMBAI

പാലാ രൂപത

## 'വിശുദ്ധ കുർബാനയുടെ വചനശുശ്രൂഷ – ഒരു വിശുദ്ധഗ്രന്ഥ വിശകലനം' പുസ്തക പ്രകാശനം

പാല: റവ. ഡോ. സൈറസ് വേലംപറമ്പിൽ രചിച്ച 'വിശുദ്ധ കുർബാനയുടെ വചനശുശ്രൂഷ – ഒരു വിശുദ്ധ ഗ്രന്ഥ വിശകലനം' എന്ന പുസ്തകത്തിന്റെ പ്രകാശനം ബിഷപ് എമരിറ്റസ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന് നൽകി മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിച്ചു.

ബിഷപ് മാർ ജേക്കബ് മുരിക്കൻ, വികാരി ജനറാൾ റവ. ഡോ. ജോസഫ് തടത്തിൽ, ഗ്രന്ഥകർത്താവ് റവ. ഡോ. സൈറസ് വേലംപറമ്പിൽ, ഫാ. ജെയിംസ് പനച്ചിലക്കൽ, റവ. ഫാ. ടോണി ചൊവ്വേലികുടിയിൽ, പോൾ കാരിക്കമുകേൽ, സി. എം. ജോർജ് വടക്കേകോലായിൽ, സാജോ പൂവത്താനി, കുര്യൻ ജോസഫ് മുതുകാട്ടുപറമ്പിൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു.



## വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ ഒരു സങ്കീർത്തനം പോലെ പെയ്തിറങ്ങിയ അനുഗ്രഹ വർഷം: മാർ ജേക്കബ് മുരിക്കൻ

രാമപുരം: പാവപ്പെട്ടവരുടെമേൽ ഒരു സങ്കീർത്തനംപോലെ പെയ്തിറങ്ങിയ അനുഗ്രഹ വർഷമായിരുന്നു വാഴ്ത്തപ്പെട്ട കുഞ്ഞച്ചനെന്ന് പാലാ രൂപതാ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ. രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോന പള്ളിയിൽ വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാൾ സമാപനത്തോടനുബന്ധിച്ച് റാസ കുർബാന അർപ്പിച്ച് സന്ദേശം നൽകുകയായിരുന്നു ബിഷപ്. ദളിതരെ അടിമത്തത്തിൽ നിന്നു മോചിപ്പിക്കുവാൻ മോശയെപ്പോലെ ദൈവം കുഞ്ഞച്ചനെ അയച്ചു. ദേവാലയത്തിലെ അൾത്താരയ്ക്കു മുമ്പിൽ അവരെ കൊണ്ടുവന്ന് കുഞ്ഞച്ചൻ ദിവ്യബലിയർപ്പിച്ച് സാഹോദര്യത്തിന്റെ വാതിലുകൾ അവർക്കുമുമ്പിൽ തുറന്നിട്ടുവെന്നും മാർ മുരിക്കൻ പറഞ്ഞു.





ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലി സ്മരണയിൽ അംഗങ്ങൾ കുഞ്ഞച്ചന്റെ കബറിടത്തിൽ പ്രത്യേക പ്രാർത്ഥന നടത്തി. ഉച്ചയ്ക്ക് ജപമാല പ്രദക്ഷിണവും തുടർന്ന് ഡിസി എം എസ് തീർത്ഥാടനവും നടന്നു.

SAGAR EPARCHY

## Youth Meet Organised in Sagar Eparchy

Sagar: Eparchial Youth Department organised sports and cultural meet for the youth at eparchean head quarters from 14th to 17th October. The meet was inaugurated by Mar James Athikalam, Bishop of Sagar Eparchy. There were 130 participants from four different zones. The purpose of this meet was to provide a platform where they play together, pray together, and come to know each other. The director of youth department Fr. Joshy and assistant director of the youth department Fr. Saul toiled hard with the cooperation and support of other fathers and sisters and other committee members to make this event very dynamic.



## Eparchial Day Celebrated

Sagar: Eparchial day was celebrated on 2nd October at St. Theresa's Cathedral Church, Sagar. All the priests, brothers and sisters serving in the eparchy were present for the function. Bishop Mar James Athikalam offered holy Qurbana. After the Eucharistic celebration, a small gathering was arranged to felicitate the Jubilarians and to bid farewell to Fr. Ouseph Akkarakaran, a priest from Jabalpur eparchy, who served in Sagar eparchy as spiritual father to seminarians and a confessor to the priests and sisters.



SHAMSHABAD EPARCHY

## നാലാമത് ഷംഷാബാദ് രൂപത സ്ഥാപക ദിനാഘോഷം

ഹൈദരാബാദ്: ഷംഷാബാദ് രൂപതയുടെ നാലാമത് സ്ഥാപകദിനം വിവിധ കർമ്മ പരിപാടികളോടെ ആഘോഷിച്ചു. വിവിധ റീജിയനുകളുടെ നേതൃത്വത്തിൽ അഖണ്ഡ ജപമാല, ഫാ. സേവ്യർ ഖാൻ വട്ടായിൽ നേതൃത്വം നൽകിയ അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിന്റെ ഓൺലൈൻ അഭിഷേകാഗ്നി കൺവെൻഷൻ, വിവിധ സംഘടനകളുടെ കലാപരിപാടികളോടെ ഓൺലൈൻ പൊതു സമ്മേളനം എന്നിവ രൂപത സ്ഥാപക ദിനത്തോടനുബന്ധിച്ച് നടന്നു.



രൂപതാ ബിഷപ് മാർ റാഫേൽ തട്ടിൽ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. രൂപതാ സ്ഥാപനത്തിന് മുൻപ് സഭാ മക്കളുടെ ആത്മീയ കാര്യങ്ങളിൽ സഹായിച്ച എല്ലാവരെയും, രൂപതയുടെ വളർച്ചയിൽ ആത്മീയമായും ശാരീരികമായും സാമ്പത്തികമായും സഹകരിച്ചവരെയും സഹായിക്കുന്നവരെയും നന്ദിയോടെ ഓർക്കുന്നു എന്നും പിതാവ് പറഞ്ഞു. തെലുങ്കാന കത്തോലിക്ക ബിഷപ്സ് കോൺഫറൻസ് പ്രസിഡന്റ് ബിഷപ് മോസസ് പ്രകാശം മുഖ്യാതിഥിയായിരുന്നു.


ഷംഷാബാദ് രൂപതാ കത്തീഡ്രലിൽ നടന്ന കൃതജ്ഞത ബലിയോടെ സ്ഥാപക ദിനാഘോഷങ്ങൾ സമാപിച്ചു. വികാരി ജനറൽ ഫാ. എബ്രഹാം പാലത്തിങ്കൽ, രൂപത ചാൻസലർ ഫാ. മെജോ കോരത്ത് എന്നിവരും വിവിധ സംഘടന ഡയറക്ടർമാരും ആഘോഷ പരിപാടികൾക്ക് നേതൃത്വം നൽകി.

### കൂരിയ വാർത്തകൾ

## നവീകരിച്ച കുർബാന തക്സയെയും ഏകീകൃത കുർബാന അർപ്പണത്തെയുംക്കുറിച്ച് വെബിനാർ

കാക്കനാട്: സീറോമലബാർ സഭയുടെ നവീകരിച്ച കുർബാന തക്സയെയും ഏകീകൃത വി. കുർബാന അർപ്പണ രീതിയെയും ക്കുറിച്ച് 2021 നവംബർ 7 മുതൽ 10 വരെയുള്ള തീയതികളിൽ വൈകിട്ട് 8. 30 മുതൽ 10 മണി വരെ ലിറ്റർജി കമ്മീഷന്റെ ആഭിമുഖ്യത്തിൽ വെബിനാർ സംഘടിപ്പിക്കുന്നു. വി. കുർബാനയുടെ ചരിത്രം, ദൈവശാസ്ത്രം, തക്സയിലെ പ്രധാന മാറ്റങ്ങൾ, കർമ്മ വിധികൾ തുടങ്ങിയവയാണ് പ്രധാന വിഷയങ്ങൾ. മലയാളത്തിലാണ് പ്രധാനമായും വെബിനാർ സംഘടിപ്പിച്ചിരിക്കുന്നത്. വി. കുർബാനയെകുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും ഈ വെബിനാറിൽ പങ്കുചേരാവുന്നതാണെന്ന് കമ്മീഷൻ സെക്രട്ടറി ഫാ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: syromalabarliturgy@gmail.com
Website: www.syromalabarliturgy.org



മാനന്തവാടി
രൂപത

# ആർച്ച്ബിഷപ് മാർ ജോർജ്ജ് ഞരളക്കാട്ടിന് സുവർണ്ണ ജൂബിലി ആശംസകളുമായി മാനന്തവാടി രൂപത

മാനന്തവാടി: സീറോമലബാർ സഭയുടെ തലശ്ശേരി അതിരൂപതാധ്യക്ഷനായ ആർച്ച്ബിഷപ് മാർ ജോർജ്ജ് ഞരളക്കാട്ടിന് മാനന്തവാടി രൂപതയുടെ പ്രതിനിധി സമ്മേളനം പൗരോഹിത്യ സുവർണ്ണ ജൂബിലി ആശംസകൾ നേർന്നു. വിശുദ്ധ കുർബാനയോടെ ആരംഭിച്ച ജൂബിലി ആഘോഷത്തിന്റെ ഭാഗമായി കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ദ്വാരക പാസ്റ്ററൽ സെന്ററിൽ പൊതുസമ്മേളനവും സ്നേഹവിരുന്നും നടന്നു.

മാനന്തവാടി, ഭദ്രാവതി, മണ്ഡ്യ രൂപതകളിലും തലശ്ശേരി അതിരൂപതയിലും വൈദികനായും, വികാരിജനറാളായും മെത്രാനായും മെത്രാപ്പോലീത്തയായും ജോർജ്ജ്






ഞരളക്കാട്ട് പിതാവ് ചെയ്ത സേവനങ്ങളെ മാനന്തവാടി രൂപതാ ബിഷപ് മാർ ജോസ് പൊരുന്നേടം അനുസ്മരിച്ചു. മാനന്തവാടി രൂപതയുടെ തുടക്കം മുതൽ അതിന്റെ ബാലാരിഷ്ടതകളിലെല്ലാം തീക്ഷ്ണതയോടെ രൂപതയെയും ദൈവജനത്തെയും ശുശ്രൂഷിച്ച വൈദികനായിരുന്നു ഞരളക്കാട്ട് പിതാവ് എന്നും മാർ ജോസ് പൊരുന്നേടം സൂചിപ്പിച്ചു.

സിഞ്ചല്ലൂസ് ഫാ. തോമസ് മണക്കുന്നേൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി സെബാസ്റ്റ്യൻ പാലംപറമ്പിൽ, ഫാ. ജെയിംസ് കുളത്തിനാൽ, ബ്രദർ ഫ്രാങ്കോ എം എം ബി, സി. ജാസ്മിൻ മരിയ സി എം സി, ഫാ. ജെയിംസ് പുത്തൻപറമ്പിൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

മാനന്തവാടി, ഭദ്രാവതി, മണ്ഡ്യ, തലശ്ശേരി രൂപതകളിലെ തന്റെ ശുശ്രൂഷാജീവിതം ദൈവികമായ പദ്ധതിയുടെ ഭാഗമായിരുന്നുവെന്നും ബുദ്ധിമുട്ടുകളും മറ്റും ദൈവകൃപയാലാണ് തനിക്ക് അതിജീവിക്കാനായത് എന്നും ആർച്ച്ബിഷപ് മറുപടി പ്രസംഗത്തിൽ പറഞ്ഞു. മണ്ഡ്യ രൂപ



തയുടെ രൂപീകരണത്തിലും വളർച്ചയിലും മാനന്തവാടി രൂപത വഹിച്ച പങ്കും ആർച്ച്ബിഷപ് അനുസ്മരിച്ചു.

സുവർണ്ണജൂബിലി സമ്മാനം നല്കിയ ശേഷം വികാരി ജനറാൾ ഫാ. പോൾ മുണ്ടോളിക്കൽ നടത്തിയ കൃതജ്ഞതാപ്രകാശനത്തോടെ യോഗം അവസാനിച്ചു.

ചങ്ങനാശേരി
അതിരൂപത

# ദുരന്ത മേഖലയിൽ കാരുണ്യ സ്പർശവുമായി ചങ്ങനാശേരി അതിരൂപത

ചങ്ങനാശേരി: കനത്ത മഴയും ഉരുൾപൊട്ടലും സംഹാരതാണ്ഡവമാടിയ കൂട്ടിക്കലും ഏന്തയാറിലും ചങ്ങനാശേരി അതിരൂപതയുടെ കാരുണ്യസ്പർശവുമായി ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടവും വൈദിക പ്രതിനിധികളുമെത്തി. ഉരുൾപൊട്ടലിനെ തുടർന്ന് വീടുകൾ നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവരെ സംഘം സന്ദർശിച്ചു. ഭക്ഷണ സാധനങ്ങളും ബെഡ്ഷീറ്റുകളും കിടക്കകളും മരുന്നുകളും ക്യാമ്പുകളിൽ വിതരണം ചെയ്തു. ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ഡോക്ടർമാരും നഴ്സുമാരും അടങ്ങുന്ന മെഡിക്കൽ ടീമും സംഘത്തിലുണ്ടായിരുന്നു.

ചങ്ങനാശേരി സോഷ്യൽ സർവീസ് സൊസൈറ്റി, ചാരിറ്റി വേൾഡ്, കുട്ടനാട്ടിൽ പുതുതായി ആരംഭിച്ച ക്രിസ് സൊസൈറ്റി, റേഡിയോ മീഡിയാ വില്ലേജ്, സി എം സി, എഫ് സി സി, എസ് എ ബി എസ് കോൺഗ്രിഗേഷനുകൾ എന്നിവരും ഉദാരമതികളും നൽകിയ ഭക്ഷ്യ വസ്തുക്കളും മരുന്നും മറ്റ് സാമഗ്രികളുമാണ് ക്യാമ്പുകളിൽ







എത്തിച്ചത്. വികാരി ജനറാൾ മോൺ. ജോസഫ് വാണിയപ്പുരയ്ക്കൽ, ചാൻസലർ റവ. ഡോ. ഐസക്ക് ആലഞ്ചേരി, ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, ചാരിറ്റി വേൾഡ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുന്നശേരി, ഫാ. ടോണി കൂലിപ്പറമ്പിൽ എന്നിവരും പിതാവിനൊപ്പം ഉണ്ടായിരുന്നു.

ഉരുൾപൊട്ടലിൽ മരണമടഞ്ഞ ഒട്ടലാങ്കൽ മാർട്ടിൻ, അമ്മ ക്ലാരമ്മ, ഭാര്യ സിനി, മക്കളായ സ്നേഹ, സോന, സാന്ദ്ര എന്നിവരെ സംസ്കരിച്ച കാവാലി സെന്റ് മേരീസ് പള്ളിയിലെ കബറിടത്തിലെത്തി ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടത്തിന്റെ മുഖ്യകാർമികത്വത്തിൽ പ്രാർഥനയും നടത്തി.

രാമനാഥപുരം
രൂപത

# എസ് എം വൈ എം നേതൃത്വ പരിശീലന ക്യാമ്പ്

രാമനാഥപുരം: എസ് എം വൈ എം രാമനാഥപുരം രൂപതയുടെ ആഭിമുഖ്യത്തിൽ യുവതീ യുവാക്കൾക്കായി നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. EGEIRO 2021 എന്ന പേരിൽ ഒക്ടോബർ 15, 16, 17 തീയതികളിലാണ് സാന്തോം പാസ്റ്ററൽ സെന്ററിൽ ക്യാമ്പ് നടത്തിയത്.





ഇരിങ്ങാലക്കുട
രൂപത

# പത്ത് മക്കളിൽ കൂടുതലുള്ള മാതാപിതാക്കൾക്ക് ഇരിങ്ങാലക്കുട രൂപതയുടെ ആദരം

ഇരിഞ്ഞാലക്കുട: പത്തു മക്കളിൽ കൂടുതലുള്ള മാതാപിതാക്കളെ ഇരിഞ്ഞാലക്കുട രൂപത ആദരിച്ചു. രൂപത കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ചടങ്ങ് ബിഷപ് മാർ പോളി കണ്ണൂക്കാടനാണ് ഉദ്ഘാടനം ചെയ്തത്. വലിയ കുടുംബങ്ങൾ സാമൂഹിക വളർച്ചയ്ക്കും നന്മയ്ക്കും കാരണമാകുന്നു എന്ന് പിതാവ് ഉദ്ഘാടന സന്ദേശത്തിൽ പറഞ്ഞു.

രൂപത കേന്ദ്രസമിതി പ്രസിഡന്റ് നൈജോ ആന്റോ അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. ജോജി പാലമറ്റത്ത് ആമുഖ പ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി ജസ്റ്റിൻ ആലപ്പാട്ട്, വൈസ് പ്രസിഡൻറ് ഷാജു പാറേക്കാടൻ, സെക്രട്ടറി റീന വർഗ്ഗീസ്, പ്രോഗ്രാം കൺവീനർ പി വി ബാബു, കെ എൽ ജോൺസൺ, പി വി ജോയ്, എന്നിവർ സംസാരിച്ചു. എക്സിക്യൂട്ടീവ് അംഗങ്ങളും ഫൊറോന പ്രസിഡണ്ടുമാരും പങ്കെടുത്തു. ചട







ങ്ങിൽ പങ്കെടുക്കാൻ സാധിക്കാതെ വീട്ടിൽ കഴിയുന്ന മാതാപിതാക്കളെ അവരുടെ ഇടവകയിൽ ചെന്നാണ് ആദരിക്കുന്നത്.

## ബൈബിൾ കയ്യെഴുത്തുപ്രതി മത്സരം

ഇരിഞ്ഞാലക്കുട: രൂപതയിലെ കുടുംബസമ്മേളന കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ ബൈബിൾ കയ്യെഴുത്തുപ്രതി മത്സരം ആരംഭിച്ചു. 115 പേർ അടങ്ങുന്ന മത്സരാർത്ഥികൾ 10 മാസം കൊണ്ട് ബൈബിൾ മുഴുവനായി എഴുതി തീർക്കും. മത്സരത്തിന് കല്ലേറ്റുംകര PACS ൽ തുടക്കമായി.

കോതമംഗലം
രൂപത

# പ്ലസ് വൺ കുട്ടികൾക്ക് REVIVE ഓൺലൈൻ പ്രോഗ്രാമുമായി കോതമംഗലം രൂപത

കോതമംഗലം: രൂപതയിലെ വിശ്വാസ പരിശീലന കേന്ദ്രമായ വിജ്ഞാനഭവനും ചെറുപുഷ്പ മിഷൻലീഗും ചേർന്ന് പ്ലസ് വൺ കുട്ടികൾക്കായി നാല് ദിന ഓൺലൈൻ പ്രോഗ്രാം സംഘടിപ്പിച്ചു. കെ സി വൈ എമ്മിന്റെയും ജീസസ് യൂത്തിന്റെയും, കാർലോ ടിവിയുടെയും സഹകരണത്തോടു കൂടിയാണ് REVIVE എന്ന പേരിൽ പരിപാടി സംഘടിപ്പിച്ചത്. രൂപതയിലെ എഴുന്നൂറോളം കുട്ടികൾ പ്രോഗ്രാമിൽ പങ്കെടുത്തു. ഇവരോടൊപ്പം നാൽപതോളം വൈദികരും മുപ്പത്തിലധികം സിസ്റ്റേഴ്സും 130 ലധികം യുവതീ യുവാക്കളും REVIVE ൽ പങ്കുചേർന്നു.

സൂം, ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമുകളിലായി ഒക്ടോബർ 14 മുതൽ 17 വരെയാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. കോതമംഗലം രൂപത ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഉദ്ഘാടനം നിർവഹിച്ചു. വിവിധ സെഷനുകളിലായി ചങ്ങനാശ്ശേരി രൂപത സഹായ മെത്രാൻ മാർ തോമസ് തറയിൽ, ഷംഷാബാദ് രൂപത ബിഷപ് മാർ റാഫേൽ തട്ടിൽ, ഫാ. ഡാനിയേൽ പൂവണ്ണത്തിൽ, സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് കുര്യൻ ജോസഫ്, സംഗീത സംവിധായകൻ അൽഫോൺസ്, ബേബി ജോൺ കലയന്താനി തുടങ്ങിയ പ്രമുഖർ സംസാരിച്ചു.




ADILABAD
EPARCHY

# Zonal Youth Meet-2021





Adilabad: A Zonal Youth Meet was conducted in Adilabad eparchy. All the youth were actively participated and the Zonal Youth Meet-2021 became a mega event. The presence and beautiful message of Mar Prince Antony Panengadan, Bishop of Adilabad eparchy, made the event more colorful and vibrant. All the fathers, sisters, and brothers took special interest and motivated the youth to participate in the Zonal Youth Meet 2021.

JAGDALPUR
EPARCHY

# Maria Sangh Conventions

Jagdalpur: The Maria Sangh of Jagdalpur Eparchy organized a one day convention for its members for the preparation of Golden Jubilee of the Eparchy. The convention was in Dantewada and Sukma zones on 2nd and 3rd October 2021 respectively.





The convention in Dantewada zone was held in St. Joseph's Church, Kirandul. 130 people were participated in the convention. The convention in Sukma zone was held in St. Antony's Church, Sukma and around 80 people were participated in it. The conventions were concluded with the Holy Eucharistic celebration by Mar Joseph Kollamparabil, the Bishop of Jagdalpur. The programme was well arranged under the guidance of Fr. Jins, the director of Maria Sangh.

ചങ്ങനാശേരി
അതിരൂപത




ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് ചങ്ങനാശേരി അതിരൂപതയുടെ നിവേദനം വികാരി ജനറാൾ മോൺ. ജോസഫ് വാണിയപുരയ്ക്കൽ ജസ്റ്റിസ് ജെ ബി കോശിക്കു സമർപ്പിക്കുന്നു. കമ്മീഷൻ സെക്രട്ടറി റിട്ട. ജഡ്ജി സി വി ഫ്രാൻസിസ്, അഡ്വ. ജോസഫ് മാത്യു, കമ്മീഷൻ അംഗം ഡോ. ക്രിസ്റ്റി ഫെർണാണ്ടസ്, ഫാ. ജയിംസ് കൊക്കാവയലിൽ എന്നിവർ സമീപം.

പാലക്കാട്
രൂപത

# കാർബൺ ക്രെഡിറ്റ് കർഷകന്റെ അവകാശം: യു എൻ ചർച്ചക്ക് പാലക്കാടൻ ആശയം

പാലക്കാട്: കാലാവസ്ഥാ വ്യതിയാനം കുറക്കുന്നതിനായി ആഗോളതലത്തിൽ രൂപീകരിച്ച പുത്തൻ ആശയങ്ങളുടെയും, പഠനങ്ങളുടെയും വിഭാഗത്തിൽ 'ഇക്കോറ്റർജിയോ' എന്ന സ്റ്റാർട്ടപ്പിന്റെ നവീന ആശയം ഇടം




നേടി. നെറ്റ് സിങ്ക് ക്രെഡിറ്റ് എന്ന പുതിയ ആശയമാണ് ഇവർ മുന്നോട്ടു വെച്ചത്. യു എൻ സമ്മേളനത്തിന്റെ 'ഇന്നവേഷൻ ആന്റ് റിസർച്ച്' വിഭാഗത്തിൽ അംഗീകരിക്കപ്പെട്ട അഞ്ച് ആശയങ്ങളിൽ ഒന്ന് നെറ്റ് സിങ്ക് ക്രെഡിറ്റാണ്.

കാലാവസ്ഥാ വ്യതിയാനം കുറയ്ക്കുക എന്ന ലക്ഷ്യവുമായി ഒക്ടോബർ 31 മുതൽ നവംബർ 12 വരെ യു കെയിലെ ഗ്ലാസ്കോവിൽ നടക്കുന്ന COP - 26 ചർച്ചയിലേക്കാണ് കാർബൺ ക്രെഡിറ്റിന്റെ അവകാശം കർഷകന് നല്കുന്ന ആശയം സ്വീകരിക്കപ്പെട്ടത്. കാർബൺ ആഗിരണ ശേഷി ഏറ്റവും കൂടുതൽ സംരക്ഷിക്കുന്ന കർഷകന് കാർബൺ മാർക്കറ്റിന്റെ ആനുകൂല്യം ലഭിക്കുന്ന പുതിയ ആശയം ചർച്ചയിൽ അവതരിപ്പിക്കും.

ഇതിന്റെ പ്രായോഗിക പഠനം അട്ടപ്പാടി ചിറ്റൂരിൽ നടന്നു. അട്ടപ്പാടിയിൽ കർഷകർ തീർത്ത അതിജീവന മതിലും, പാലക്കാട് രൂപതയിലെ കർഷക സംരക്ഷണ സമിതിയുമായി ചേർന്നുള്ള പ്രവർത്തനങ്ങളും പഠനത്തിന് സഹായിച്ചു. കർഷകർക്കു വേണ്ടി പ്രവർത്തിക്കുന്ന ഫാ. സജി വട്ടുകളത്തിൽ, ആരോഗ്യപുരം ഇടവകാംഗം ജെയ്സ് ജോസ്, പാലാ സ്വദേശികളായ ഡോ. മാനുവൽ തോമസ്, ഡോ. അഞ്ജു ലിസ് കുര്യൻ എന്നിവരാണ് ഈ പുത്തൻ ആശയത്തിനു പിന്നിൽ.

കർഷകന്റെ കൃഷി സ്ഥലത്തെ മണ്ണിന്റെയും മരങ്ങളുടെ



യും കാർബൺ ആഗിരണ ശേഷി ശാസ്ത്രീയമായി കണക്കാക്കി അതിൽ നിന്ന് ആ കർഷക കുടുംബം ഉപയോഗിക്കുന്ന വൈദ്യുതി, ഗ്യാസ്, മറ്റ് പെട്രോളിയം ഉല്പന്നങ്ങൾ എന്നിവ പുറംതള്ളുന്ന കാർബണിന്റെ അളവ് കുറച്ച് ബാക്കി വരുന്ന ആഗിരണ ശേഷിയെ വിനിമയ സാധ്യതയുള്ള ഉല്പന്നമായി മാർക്കറ്റിൽ അവതരിപ്പിക്കുന്ന ആശയമാണ് നെറ്റ് സിങ്ക് ക്രെഡിറ്റ്.

ആഗോള അംഗീകാരം ലഭിച്ചതോടെ അന്തർദേശീയ തലത്തിൽ വരെ ഈ ആശയവുമായി ബന്ധപ്പെട്ട ചർച്ചകളും ആരംഭിച്ചു. അമേരിക്കയിലെ ഐഎച്ച്എസ്മാർക്കെറ്റ് അനലിസ്റ്റുപോലുള്ള വൻകിട സ്ഥാപനങ്ങളും, ഒപിഐഎസ് പോലുള്ള കാർബൺ മാർക്കറ്റ് അതികായൻമാരും, ഇന്ത്യൻ സ്റ്റാർട്ടപ്പിന്റെ നവീന ആശയത്തിൽ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

OFM CAPUCHIN

# സെന്റ് ആന്റണീസ് മേഴ്സി ഹോം

കോതമംഗലം: ഫ്രാൻസിസ്കൻ കപ്പൂച്ചിൻ സഭയുടെ നേതൃത്വത്തിൽ കോതമംഗലം രൂപതയിലെ പുറപ്പുഴ ഇടവകയിൽ സെന്റ് ആന്റണീസ് മേഴ്സി ഹോം സ്ഥാപിതമായിട്ട് മൂന്നു വർഷം പിന്നിട്ടു. 18 വയസ്സിനു മുകളിൽ പ്രായമുള്ള ഭിന്നബുദ്ധിശേഷിയുള്ള പുരുഷന്മാർക്കായി കപ്പൂച്ചിൻ സഭ നടത്തുന്ന സ്ഥാപനമാണിത്. ഇരുപത് അന്തേവാസികളാണ് സെന്റ് ആന്റണീസ് മേഴ്സി ഹോമിലുള്ളത്. മൂന്ന് കപ്പൂച്ചിൻ വൈദികരും മറ്റു ശുശ്രൂഷകരും ഇവർക്കായി സേവനം ചെയ്യുന്നു.

മേഴ്സി ഹോമിനെ മറ്റ് സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നത് ഇവിടത്തെ അംഗങ്ങൾ അനുഭവിക്കുന്ന പരിപൂർണ്ണ സ്വാതന്ത്ര്യമാണ്. ആർക്കും എപ്പോൾ വേണമെങ്കിലും പുറത്തേക്കും അകത്തേക്കും പ്രവേശിക്കാവുന്ന ഭവനമാണിത്. ഗേറ്റുകൾ അടച്ചിടാത്ത മേഴ്സി ഹോമിൽ അന്തേവാസികളും ശുശ്രൂഷകരും ഒരുമിച്ചു വസിക്കുന്നു, ഒരുമിച്ച് പ്രാർത്ഥിക്കുന്നു, ഒരേ ഭക്ഷണം കഴിക്കുന്നു. ഒരുമിച്ച് വിനോദങ്ങളിൽ ഏർപ്പെടുകയും ഒരേ ജോലികളിൽ പങ്കുചേരുകയും ചെയ്യുന്നു.

സ്ഥിരവരുമാനം ഇല്ലാത്തതും ഫീസ് ഈടാക്കാത്തതുമായ ഈ സ്ഥാപനം ദൈവകരുണയുടെ നേർസാക്ഷ്യമായാണ് വളരുന്നത്. പൂർണമായും പൊതുജന സഹകരണത്തോടെയാണ് പ്രവർത്തനം. ഈ ഭവനത്തിലെ വൈദിക സഹോദരങ്ങൾ സമീപത്തുള്ള ഇടവകകളിലും സന്ന്യാസ ഭവനങ്ങളിലും അജപാലന ദൗത്യങ്ങളിൽ പങ്കുചേരുന്നു. കൂടാതെ ഓൺലൈൻ ശുശ്രൂഷകളായ മരിയൻ കിഡ്സ്, ഫ്രാൻസിസ്കൻ മെസഞ്ചർ, മെസഞ്ചർസ് ഓഫ് ഡിവൈൻ മേഴ്സി എന്നിവയിലൂടെ ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള പല പ്രായത്തിലുള്ള ആളുകൾക്കായും ശുശ്രൂഷകൾ നടത്തുന്നു.

# പാവനാത്മ പ്രോവിൻസിന്റെ എൽപിസോ ഓൺലൈൻ ക്യാമ്പുകൾ

കണ്ണൂർ: ഓൺലൈൻ പ്ലാറ്റ്ഫോമിന്റെ സഹായത്തോടെ സംസ്ഥാനത്തും പുറത്തുമുള്ള യുവജനങ്ങൾക്കും കൗമാരക്കാർക്കും വേണ്ടി വ്യത്യസ്തമായ ഒരു പ്രോഗ്രാമുമായി പാവനാത്മ സീറോമലബാർ കപ്പൂിൻ പ്രോവിൻസിലെ സഹോദരങ്ങൾ. കപ്പൂച്ചിൻ സഭാ വൈദികരായ ഫാ. ജോർജ് മണിമല, ഫാ. ബിതിൻ മാനുവൽ, അധ്യാപികയായ റോസ് തോമസ് എന്നിവരുടെ നേതൃത്വത്തിൽ സംസ്ഥാനത്തും പുറത്തുമുള്ള സമാന ചിന്താഗതിക്കാരായ ഒരു കൂട്ടം യുവാക്കളാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്.

കോഴിക്കോട് സെന്റ് ഫ്രാൻസിസ് സ്കൂൾ പ്രിൻസിപ്പൽ ഫാ. ജസ്റ്റിൻ കപ്പൂച്ചിൻ, സുപ്രീം കോടതി അഭിഭാഷക ദീപ ജോസഫ്, സൈബർസെൽ ഉദ്യോഗസ്ഥർ, ഡോക്ടർമാർ, എൻജിനീയർമാർ, ബിരുദധാരികൾ, വിദഗ്ധർ, എഴുത്തുകാർ, യോഗ പരിശീലകർ, വിവിധ രാജ്യങ്ങളിൽ നിന്നുള്ള യുഎൻ പ്രതിനിധികൾ തുടങ്ങിയവർ ഈ പ്രോഗ്രാമിൽ പങ്കെടുക്കുന്നു. ആത്മീയ, കലാ സാംസ്കാരിക മേഖലയിലുള്ള മറ്റു പ്രമുഖരും ഇവരോടൊപ്പം വേദി പങ്കിടുന്നു.

ഇതിനോടകം കേരളത്തിലും വിദേശരാജ്യങ്ങളിലുമായി നിരവധി പ്രോഗ്രാമുകൾ നടത്തി. covid-19 മഹാമാരിയുടെ പ്രതിസന്ധിക്കിടയിൽ യുവാക്കൾക്കും കൗമാരക്കാർക്കും ഈ ക്യാമ്പ് വലിയ പ്രചോദനമായി മാറുന്നുണ്ട്. ഇത്തരം പ്രോഗ്രാമുകളെ കുറിച്ച് കൂടുതൽ അറിയാൻ 7560899755, +91 99460 98797 എന്നീ വാട്സാപ് നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. ELPIZO ഇൻസ്റ്റാഗ്രാം പേജിലും വിവരങ്ങൾ ലഭ്യമാണ്.




CST FATHERS CONGREGATION

# അംഗീകാരങ്ങളുടെ നിറവിൽ ജോബിയച്ചന്റെ 'സുകൃത സൂക്തങ്ങൾ'

കണ്ണൂർ: ചെറുപുഷ്പ സന്ന്യാസ സഭാംഗമായ ഫാ. ജോബി കൊച്ചുപുരയിൽ ആദ്യാക്ഷരപ്രാസം ഉപയോഗിച്ച് രചിച്ച 'സുകൃത സൂക്തങ്ങൾ' എന്ന ഗ്രന്ഥം നിരവധി പുരസ്കാരങ്ങൾ നേടി ശ്രദ്ധേയമാകുന്നു. മലയാളത്തിലെ മുഴുനീള ആദ്യാക്ഷര പ്രാസ ഗ്രന്ഥത്തിനുള്ള ദി ബെസ്റ്റ് ഓഫ് ഇന്ത്യ റിക്കാർഡ്, ഇന്ത്യ ബുക്ക് ഓഫ് റിക്കാർഡ്, ഏഷ്യ ബുക്ക് ഓഫ് റിക്കാർഡ് എന്നീ പുരസ്കാരങ്ങളാണ് ജോബിയച്ചന്റെ കൃതി നേടിയത്. ഈ ഗ്രന്ഥത്തിന്റെ പേരിൽ ഏഷ്യൻ ബുക്ക് ഓഫ് റിക്കാർഡ്സിന്റെ ഗ്രാൻഡ് മാസ്റ്റർ പദവിയും ഇദ്ദേഹത്തിന് ലഭിച്ചു. ഫാ. ജോബി കൊച്ചുപുരയിലിന്റെ മലയാളഭാഷയിലെ പ്രാവീണ്യവും വ്യത്യസ്തമായ അവതരണ ശൈലിയും ആദ്യാക്ഷരപ്രാസം ഉപയോഗിക്കുന്നതിലെ നൈപുണ്യവും വ്യക്തമാക്കുന്നതാണ് ഈ ഗ്രന്ഥം.

വർഷത്തിൽ 365 ദിവസത്തേക്കുള്ള വിശിഷ്ട ചിന്തകളാണ് സുകൃത സൂക്തങ്ങളിലൂടെ ഇദ്ദേഹം വായനക്കാരിലേക്ക് പകരുന്നത്. ഓരോ ചിന്തകളും ആറു വാചകങ്ങൾ ഉൾപ്പെടുത്തി ആദ്യാക്ഷര പ്രാസത്തിലാണ് ചിട്ടപ്പെടുത്തിയിട്ടുള്ളത്.

ചെറുപുഴ നവജ്യോതി കോളജിലെ മുൻ വൈസ് പ്രിൻസിപ്പലായിരുന്ന ഫാ. ജോബി പ്രസംഗങ്ങളിലും സന്ദേശങ്ങളിലും ആശംസാ കുറിപ്പുകളിലുമൊക്കെ ആദ്യാക്ഷര പ്രാസം പ്രയോഗിച്ച് നേരത്തേ ശ്രദ്ധേയനായിരുന്നു. മലയാളവും ഇംഗ്ലീഷും പ്രാസഭംഗിയോടെ ഉപയോഗിക്കുന്ന അച്ചന്റെ ക്ലാസുകളും ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു.



തിരുച്ചിറപ്പള്ളി സെന്റ് ജോസഫ്സ് കോളജിൽനിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ റാങ്കോടുകൂടി ബിരുദാനന്തര ബിരുദവും പോണ്ടിച്ചേരി കേന്ദ്ര സർവകലാശാലയിൽ നിന്ന് എം ബി എയും എം എസ് യൂണിവേഴ്സിറ്റിയിൽ നിന്ന് മനഃശാസ്ത്രത്തിൽ ബിരുദാനന്തരബിരുദവും 2020ലെ ബെസ്റ്റ് പിഎച്ച്ഡി റിസർച്ച് സ്കോളർ അവാർഡും നേടിയ ഫാ. ജോബി ഇപ്പോൾ ഭാരതിദാസൻ യൂണിവേഴ്സിറ്റിയിൽ ഇംഗ്ലീഷ് സാഹിത്യത്തിൽ ഗവേഷകനാണ്. തളിപ്പറമ്പ് ബാലേശുഗിരിയിലെ കൊച്ചുപുരയിൽ ജോസഫ് ഗ്രേസി ദമ്പതികളുടെ മകനാണ്

SABS CONGREGATION

# ഇക്വഡോർ മിഷനിലേക്ക് മൂന്ന് SABS സിസ്റ്റർമാർ



ആലുവ: SABS സന്ന്യാസ സഭയിലെ മൂന്ന് സിസ്റ്റർമാർ മിഷൻ ഞായർ ദിനത്തിൽ ഇക്വഡോർ മിഷനിൽ സേവനം ചെയ്യാനായി പുറപ്പെട്ടു. സി. ഡെന്നി റോസ്, സി. ഗ്ലോറി, സി. അന്ന മരിയ എന്നിവരാണ് പുതിയ മിഷണറിമാർ. SABS ജനറലേറ്റിന് കീഴിൽ വിവിധ പ്രോവിൻസുകളിൽ നിന്നായി 12 സിസ്റ്റർമാരാണ് മൂന്നു കോൺവെന്റുകളിലായി ഇപ്പോഴുള്ളത്. നാലാമത്തെ ഭവനം, നിത്യാരാധനാ ഭവനമാക്കി ഉടൻ തുടങ്ങുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. Portoviejeo അതിരൂപതയുടെ ക്ഷണം സ്വീകരിച്ചാണ് പുതിയ ഭവനവും തുടങ്ങുന്നത്.

MMB BROTHERS CONGREGATION

# MMB Brothers' Jubilee Celebration

Mariapuram: The Golden and Silver jubilees of the religious profession of the MMB Brothers were celebrated at Mission Home, Mariapuram, the Mother House of MMB. Rev. Br. Victor Kalampukattu and Br. Jesudas Choodal were celebrated their golden Jubilee and Bros. John Kuttikatt, Amalraj Alappatt, Mariadas Chittilappilly, Jain Vadakkedath, Biju Vettukattil, Prakash Mannarathara & Peterdas Kuzhuppilly were celebrated their silver Jubilee. Four of them, who are serving in North India, were not able to attend the celebration.



Mar Andrews Thazhath, Archbishop of Thrissur, was the main Celebrant in thanks giving Holy Qurbana. Archbishop appreciated the services of the Brothers and expressed his gratitude for the service which Brothers are rendering to the Church.

After the Holy Qurbana, a felicitation programme was conducted to congratulate the jubilerians. Rev. Br. Bastin Karuvelil, superior general welcomed all and applaud the jubilerians. Mar Andrews Thazhath inaugurated the felicitation program. Rev. Br. Jose Chungath, the Provincial Superior, Thrissur Province, Rev. Br. Sojan Paikada, Provincial Superior, Bhopal Province, congratulated the jubilerians and wished them God's blessings. Rev. Sr. Theres Kalampukattu and Rev. Fr. George Edakalathur, the Vicar of Mariapuram, congratulated them. On behalf of Jublerians Br. Victor Kalampukattu and Br. Peterdas Kuzhuppilly expressed their gratitude to all.

SD CONGREGATION

## ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൾട്ടി റീഹാബിലിറ്റേഷൻ ടെക്നോളജി

ചങ്ങനാശ്ശേരി: അഗതികളുടെ സഹോദരിമാരുടെ സന്യാസ സമൂഹത്തിന്റെ (എസ്ഡി) ചങ്ങനാശ്ശേരി സെന്റ് ജോസഫ് പ്രോവിൻസിന് കീഴിൽ കേന്ദ്ര ഗവൺമെന്റ് അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൾട്ടി റീഹാബിലിറ്റേഷൻ ടെക്നോളജി. ഭിന്നശേഷിക്കാരായ മക്കൾക്കായി ചങ്ങനാശ്ശേരി ചെത്തിപ്പുഴയിൽ പ്രവർത്തിക്കുന്ന മേഴ്സി ഹോമിന്റെ തുടർപരിശീലന പരിപാടിയുടെ ഭാഗമാണ് ഈ സംരംഭം.

ഗർഭാവസ്ഥയിൽ സ്ത്രീകൾക്കാവശ്യമായ പോഷകാഹാരം നൽകിയും മുൻകരുതലുകൾ എടുത്തും കുഞ്ഞിന് വൈകല്യമുണ്ടാകാതെ സൂക്ഷിക്കുക, വൈകല്യം നേരത്തേ കണ്ടെത്തി തടയുക, വളർച്ചയിലുണ്ടാകുന്ന തടസ്സങ്ങളെ കണ്ടെത്തി ക്രിയാത്മകമായി ഉത്തേജിപ്പിക്കുക, ആവശ്യമുള്ളവർക്ക് ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, ഒക്യുപ്പേഷൻ തെറാപ്പി എന്നിവ നൽകുക, സെറിബ്രൽ പാൾസി ബാധിച്ച കുഞ്ഞുങ്ങളുടെയും ജനന പ്രശ്നങ്ങളുള്ള ശിശുക്കളുടെയും പരിചരണ രീതി മാതാപിതാക്കളെ പരിശീലിപ്പിക്കുക, മാതാപിതാക്കൾക്ക് കൗൺസിലിങ്ങും, മറ്റ് നിർദ്ദേശങ്ങളും നൽകുക, വൈകല്യത്തെ തടയുന്നതിന് സമൂഹത്തെ ബോധവാന്മാരാക്കുക എന്നിവയാണ് ഇവിടെ നൽകുന്ന പ്രധാന സേവനങ്ങൾ. ശാരീരിക ക്ഷതമോ, തളർച്ചയോ സംഭവിച്ച മുതിർന്നവർക്ക് ആവശ്യമായ തെറാപ്പികളും ഇവിടെ ചെയ്തുവരുന്നുണ്ട്.





ഇതു കൂടാതെ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ സഹായത്തോടെ രണ്ടര വർഷത്തെ ഡിപ്ലോമ ഇൻ റീഹാബിലിറ്റേഷൻ തെറാപ്പി കോഴ്സും, ഓട്ടിസം ബാധിച്ചവരും പഠന വൈകല്യമുള്ളവരുമായ കുട്ടികൾക്കായി പരിശീലന പരിപാടികളും നടത്തി വരുന്നുണ്ട്. ജാതിമത ഭേദമെന്യേ എല്ലാവർക്കും ആവശ്യമായ സേവനങ്ങൾ നൽകിവരുന്നു എന്നതാണ് ഈ സ്ഥാപനത്തിന്റെ പ്രത്യേകത.

എഫ്. എസ്. ഡി
കോൺഗ്രിഗേഷൻ



ഇടുക്കി: കാലവർഷക്കെടുതിയും ഉരുൾപൊട്ടലുമുണ്ടായ പ്രദേശങ്ങളിൽ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന എഫ് എസ് ഡി സിസ്റ്റേഴ്സ്. ഉരുൾപൊട്ടലിൽ അകപ്പെട്ട രണ്ട് കുടുംബങ്ങളെ രക്ഷിക്കാൻ സിസ്റ്റേഴ്സിന് സാധിച്ചു.

## SKD Sisters in Arunachal Pradesh

SISTERS OF KRISTU DASIS

Arunachal: Leaving all the comforts of mother land, Kristudasi Sisters set forth to a land which was alien to them in 2012. Holding the name of Jesus they spread Good News, provided moral and human values, educated and healed the people in Dhonekhona, a remote village in Namsai District of Arunachal Pradesh. The people here are belong to Kamti, Adi, Mishing, Miri, Assamese and Adivasi tribes. They are illiterate and poor. Most of the people are farmers.



In 2011 the Heralds of Good News fathers opened St. Paul School, Dhonekhona with the permission and blessings of bishop Mar George Palliparampil. The very next year, Society of Kristu Dasi sisters joined the mission specially for teaching in the school, and to run a primary health care centre. Two sisters are teaching in the school. Most of the Christian students are given free education in the school. To promote girls' education sisters started hostel for girls. Along with academic studies they provide spiritual, moral, psychological and physical education.



SKD sisters started a village ministry, to work among women and children and to promote girl child education in the area. Mary Matha Health Care Centre is an important concern of the mission in health care. The patients come from 10 surrounded villages even from 20 kms distance. Sisters provide home nursing service, conduct health care awareness programmes, medical camps, distribute medicines, distribute vitamins for children and women.

Sisters find out the poor, homeless, and other people who need special care and attention and help them by collecting money from various people.

### Covid 19 Activities

Special awareness programmes conducted for Asha workers and villagers, distributed sanitizer and mask. Distributed edible and stationary items to the poor villagers and those who were suffering from the pandemic.

## കരുണയുടെ കരങ്ങളുമായി തിരുഹൃദയ സന്യാസിനി സമൂഹം

SH CONGREGATION

മാനന്തവാടി: തിരുഹൃദയ സന്യാസിനി സമൂഹം മാനന്തവാടി നിർമല പ്രൊവിൻസിന്റെ സാമൂഹ്യക്ഷേമ വിഭാഗം നിരവധി ജീവകാരുണ്യ, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളാണ് കോവിഡ് കാലത്ത് നടത്തി വരുന്നത്. പീച്ചങ്കോട് പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് സാമൂഹ്യക്ഷേമ വിഭാഗം കൗൺസിലർ സി. ആനിറ്റയുടെ നേതൃത്വത്തിൽ പി പി ഇ കിറ്റുകൾ വിതരണം ചെയ്തു. മെഡിക്കൽ ഓഫീസർ ഡോ. രാഹുൽ, ഹെൽത്ത് ഇൻസ്പെക്ടർ ബാബുരാജ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ വത്സല കുമാരി എന്നിവർ ചേർന്ന് കിറ്റുകൾ ഏറ്റുവാങ്ങി.

ഡോ. സിസ്റ്റർ ലിസ് മരിയയുടെ നേതൃത്വത്തിൽ മൂലങ്കാവിൽ വെച്ച് സൗജന്യ ഹോമിയോ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. കോവിഡും, കോവിഡാനന്തര ആരോഗ്യ പ്രശ്നങ്ങളും മൂലം ബുദ്ധിമുട്ടുന്നവർക്ക് സൗജന്യ ചികിത്സാ സൗകര്യവും ഒരുക്കിയിരുന്നു. നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിന്റന്റ് ഷീജ സതീഷ് ഉദ്ഘാടനം നിർവഹിച്ചു. ഗ്രാമപഞ്ചായത്തംഗം സണ്ണി തയ്യിൽ അധ്യക്ഷത വ



ഹിച്ചു. മൂലങ്കാവ് ഇടവക വികാരി ഫാ. സെബാസ്റ്റ്യൻ ഉണ്ണിപ്പള്ളി, സിസ്റ്റർ ലിസ് മരിയ എന്നിവർ സംസാരിച്ചു. ഇടവകയ്ക്ക് അകത്തും പുറത്തും നിന്ന് നിരവധി ആളുകളാണ് ഇവിടെ ചികിത്സ തേടിയെത്തിയത്.

സി. എസ്. സി.
കോൺഗ്രിഗേഷൻ

## ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ശ്രാദ്ധാചരണം

തൃശൂർ: ചാരിറ്റി സന്യാസ സമൂഹത്തിന്റെ സ്ഥാപകനായ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനെച്ചന്റെ 65–ാം ശ്രാദ്ധാചരണം ചൊവ്വന്നൂർ സെൻറ് തോമസ് കത്തോലിക്ക പള്ളിയിൽ നടന്നു. ഒക്ടോബർ 13ന് രാവിലെ 6.45ന് നടന്ന അനുസ്മരണ ബലിക്ക് തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ മുഖ്യ കാർമികത്വം വഹിച്ചു. വികാരി ഫാ. ജോജോ എടത്തിരുത്തി, ഫാ. ജിന്റോ കുറ്റിക്കാട് എന്നിവർ സഹകാർമ്മികരായി.

26 വർഷം ചൊവ്വന്നൂർ ഇടവകയുടെ ആത്മീയ ആചാര്യനായിരുന്ന ഊക്കനെച്ചൻ ചൊവ്വന്നൂർ പഞ്ചായത്ത് പ്രസിഡൻറായും പ്രവർത്തിച്ചിട്ടുണ്ട്. 2008ൽ ആണ് അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ നാമകരണ നടപടികൾക്ക് തുടക്കം കുറിച്ചത്.

ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 65-ാം ചരമവാർഷികദിനത്തിൽ (13-10-2021) വത്സലതാതന് മക്കളുടെ പ്രണാമം

- തൃശൂർ അതിരൂപതയിലെ ശ്രേഷ്ഠവൈദികൻ
- ചാരിറ്റി സന്യാസിനീസമൂഹത്തിന്റെ സ്ഥാപകൻ
- ചൊവ്വന്നൂർ ഇടവകയുടെ 26 വർഷത്തെ ആത്മീയാചാര്യൻ
- ചൊവ്വന്നൂർ പ്രദേശത്തിന്റെ അച്ചൻ തമ്പുരാൻ -പഞ്ചായത്ത് പ്രസിഡന്റ്
- കരുണാർദ്ര സ്നേഹത്തിന്റെ പ്രഘോഷകൻ
- എക്യുമനിസത്തിന്റെയും മതസൗഹാർദത്തിന്റെയും പ്രവാചകൻ
- ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ

വിശുദ്ധജീവിതത്തിന്റെ ഓർമ്മക്കുറിപ്പായവൻ



1880-1956
ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ
CSC സന്യാസിനി സമൂഹസ്ഥാപകൻ

മധ്യസ്ഥ പ്രാർത്ഥന

പിതാവായ ദൈവമേ, അങ്ങേ തിരുസുതനെ അനുകരിച്ച് അവശർക്കും ആലംബഹീനർക്കും സ്നേഹസേവനങ്ങൾ നൽകി അവരെ അങ്ങയിലേക്കാനയിക്കുവാൻ തീവ്രമായി യത്നിച്ച ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചനെ മഹത്വപ്പെടുത്തണമെ. അങ്ങേ മഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും ഉപകരിക്കുമെങ്കിൽ അങ്ങയുടെ വിനീതദാസനെ വിശുദ്ധ പദവിയിലേയ്ക്കുയർത്തുവാൻ കൃപയുണ്ടാകണമെ.

പിതാവായ ദൈവമേ, അങ്ങയുടെ പ്രിയ ദാസൻ ഇപ്പോൾ അനുഭവിക്കുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്ന നിത്യ സൗഭാഗ്യത്തിന്റെ അടയാളമായി അദ്ദേഹം വഴി ഞങ്ങൾ യാചിക്കുന്ന ഈ പ്രത്യേക അനുഗ്രഹം.... (ആവശ്യം പറയുക) ഞങ്ങൾക്ക് സാധിച്ചുതരണമെ. ആമേൻ (3 ത്രിത്വ)

Imprimatur
21-12-2018

Mar Andrews Thazhath
Archbishop of Thrissur

The Vice Postulator, John Nivas,
Chowannur P.O, Kunnamkulam
Thrissur 680 517, Off: 8921688872
Mob: 8111940986
e-mail: ajucause@gmail.com, Website: www.ajukken.in

NB: അനുഗ്രഹം ലഭിക്കുന്നവർ വിവരം വിശദമായി എഴുതി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സുപ്പീരിയർ ജനറൽ
കോൺഗ്രിഗേഷൻ ഓഫ് ദ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി
മരിയഭവൻ ജനറലേറ്റ് കോലഴി, തൃശൂർ-680010
Website: www.cscmariabhavangeneralate.org. e-mail: mariabhavan09@gmail.com

**LST**
CONGREGATION

# Seminar, Annual Retreat, and Courses

### Annual retreat

Gorakhpur: Annual retreat for the first batch of sisters was organised from 12th to17th October 2021 at LST generalate. 32 Sisters from various communities were participated in the retreat. Rev. Fr. Vijay CMI guided the retreat.





### Feast of St.Therese

LST sisters celebrated the feast of their heavenly patroness St.Therese on 1st October 2021. All the Sisters renewed their vows. Bishop of Gorakhpur, Mar Thomas Thuruthimattam offered Holy Qurbana at the Generalate Chapel.



### 'Called to be Companions' Program

A program was conducted at LST Generalate for the sisters on the theme 'Called to be companions' on 27th and 28th August 2021. It was emphasized on community living. The sessions were guided by Rev. Fr. Alwin Vaz SJ. Many of the sisters from different communities participated and benefitted from the seminar.

**FCC**
CONGREGATION

# എഫ് സി സി തൂത്തുക്കുടി മിഷൻ

തൂത്തുക്കുടി: എഫ് സി സി സന്യാസ സഭയുടെ തൂത്തുക്കുടി മിഷൻ സീറോമലബാർ സഭയിലെ തക്കല രൂപതയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. കയത്താർ ടൗണിൽ നിന്നും 6 കിലോമീറ്ററോളം അകലെയുള്ള തലയാൽ നടന്താൻകുളം (റ്റി. എൻ. കുളം) ആസ്ഥാനമായാണ് മിഷന്റെ പ്രവർത്തനം. കൂലിപ്പണിയും കൃഷിയും ആടുമാടു വളർത്തലുമാണ് ഇവിടത്തെ കുടുംബങ്ങളുടെ ജീവിതമാർഗ്ഗം.

സീറോമലബാർ സഭാ ശുശ്രൂഷകൾ വിശാലമാക്കുന്നതിന്റെ ഭാഗമായി തക്കല ബിഷപ് മാർ ജോർജ് രാജേന്ദ്രനാണ് തുത്തൂക്കുടി മിഷൻ ശുശ്രൂഷയ്ക്കായി എഫ് സി സി സമൂഹാംഗങ്ങളെ ക്ഷണിച്ചത്. തുടർന്ന് തക്കല സാൻജോ പ്രോവിൻസിൽ നിന്നും സി. ലിൻസിയും സി. ലൈസയും മിഷൻ ശുശ്രൂഷയ്ക്കായി 2019ൽ തൂത്തുക്കുടിയിൽ എത്തി.

ഗ്രാമത്തിലെ കുട്ടികൾക്കായി 2019 ജൂലൈയിൽ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഫ്രീ ട്യൂഷൻ ആരംഭിച്ച് 60 കുട്ടികൾക്ക് പഠനാവസരം ഒരുക്കി. 2 സിസ്റ്റേഴ്സും 3 അദ്ധ്യാപകരും ഇതിന് നേതൃത്വം നൽകുന്നു. 12 ക്ലാസ്സുവരെയുള്ള കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. പഠന സാമഗ്രികൾ സൗജന്യമായി നല്കിയും നല്ല മാർക്കു വാങ്ങി വിജയിക്കുന്ന കുട്ടികളെ സമ്മാനങ്ങൾ നൽകിയും പ്രോത്സാഹിപ്പിക്കുന്നു.



അവധി ദിവസങ്ങളിൽ ഡാൻസ്, ബൈബിൾ കഥകൾ, ചിത്രരചന, വചന പഠനം എന്നിവയിൽ പരിശീലനം നൽകുന്നു. ഭവനസന്ദർശനം നടത്തി കുട്ടികളുടെ കുടുംബങ്ങളിലെ യഥാർത്ഥ സ്ഥിതിയും മനസിലാക്കുന്നു. സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും, കിടപ്പുരോഗികൾ, സ്ട്രോക്ക് വന്നവർ, മരണാസന്നർ, പ്രമേഹരോഗികൾ തുടങ്ങിയവർക്ക് ആവശ്യമായ ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നു. അത്യാവശ്യ സന്ദർഭങ്ങളിൽ തിരുനെൽവേലി പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ സഹായവും തേടുന്നുണ്ട്.

**MLF**
CONGREGATION

# സൺഡേ സ്കൂൾ കുട്ടികൾക്കായി പ്രസംഗമത്സരം നടത്തി



തൃശൂർ: വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാളിനോടനുബന്ധിച്ച് എം എൽ എഫ് സന്യാസിനി സമൂഹത്തിന്റെ നേതൃത്വത്തിൽ സൺഡേ സ്കൂൾ കുട്ടികൾക്കായി പ്രസംഗമത്സരം സംഘടിപ്പിച്ചു. 'ഫ്ലവറേറ്റ് 2K21' എന്ന പേരിൽ നടത്തിയ പ്രസംഗമത്സരത്തിൽ വിവിധ രൂപതകളിൽ നിന്നുള്ള മതബോധന വിദ്യാർത്ഥികൾ പങ്കെടുത്തു. വിജയികൾക്ക് ക്യാഷ് അവാർഡും പ്രോത്സാഹന സമ്മാനങ്ങളും വിതരണം ചെയ്തു.

**സി. എം. സി.**
കോൺഗ്രിഗേഷൻ

# അവാർഡ് ദാനവും കോൺവൊക്കേഷനും



പാലക്കാട്: ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ആൻഡ് സയൻസിലെ തിയോളജി കോഴ്സിന്റെ കോൺവൊക്കേഷനും അവാർഡ് ദാനവും പാലക്കാട് സി എം സി ജയ് ക്രിസ്റ്റോ പ്രൊവിൻഷ്യൽ ഹൗസിൽ നടന്നു. മാർ ജോസഫ് പാംബ്ലാനി പിതാവിന്റെ നേതൃത്വത്തിലാണ് ബിരുദദാനവും അവാർഡ് ദാനവും നടന്നത്. പാലക്കാട് സി എം സി ജയ് ക്രിസ്റ്റോ പ്രൊവിൻസിലെ 28 സിസ്റ്റേഴ്സും പാലക്കാട് മരിയൻ ഹോളിഫാമിലി പ്രോവിൻസിൽനിന്നും 7 സിസ്റ്റേഴ്സുമാണ് ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ആൻഡ് സയൻസിൽ നിന്നും തിയോളജിയിൽ ബിരുദപഠനം (B.Th) പൂർത്തിയാക്കിയത്.




# Benziger Home – A Shelter for the Sick

**OCD**
CONGREGATION

Thiruvananthapuram: 'The Benziger Home' Project in Thiruvananthapuram, by Malabar Province OCD, is a shelter for the sick. The Home gives free accommodation, free food, and free ambulance service to the patients, who receive treatment at the Regional Cancer Centre. It will benefit hundreds of cancer patients who desperately seek for a shelter during the time of their treatment at Thiruvananthapuram RCC.

Because of Covid-19 pandemic and restrictions, the patients and their families experience a lot of difficulties in their travel and also in finding accommodation outside. Benziger home becomes a shelter for them in every sense at this time. Benziger Home Project is designed as a three storied structure encompassing with




24 Patient.

This home is not just a place where they find shelter and food, but a place of true comfort, solace, prayer and healing. Malabar Province OCD request the cooperation of everyone to support the deserving brothers and sisters.

The Malabar Province OCD is deeply proud and honoured to name this shelter after the Servant of God, Archbishop Aloysius Maria Benziger OCD, a great Carmelite missionary in India. He was a great champion of social and charity during his 31 years of service as Bishop of Quilon. It is indeed the most fitting tribute to honour his legacy as a champion of social transformation especially in the realm of healthcare.

# നിഷ്കപക്ഷനായ യഥാർഥ ക്രിസ്തുശിഷ്യനാണ് മാർ ഞറളക്കാട്ട്: കർദിനാൾ മാർ ജോർജ് ആലഞ്ചേരി

തലശ്ശേരി: നിഷ്കപക്ഷനായ ഒരു യഥാർഥ ക്രിസ്തു ശിഷ്യനാണ് തലശ്ശേരി ആർച്ച്ബിഷപ് മാർ ജോർജ് ഞറളക്കാട്ട് എന്നു സീറോമലബാർ സഭാധ്യക്ഷൻ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പറഞ്ഞു. തലശ്ശേരി ആർച്ച്ബിഷപ് മാർ ജോർജ് ഞറളക്കാട്ടിന്റെ സുവർണ ജൂബിലി ഉദ്ഘാടന ചടങ്ങിൽ അധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു മാർ ആലഞ്ചേരി.

കോവിഡ് പ്രോട്ടോക്കോൾ പാലിച്ചു കൊണ്ടുള്ള പ്രൗഢ ഗംഭീര സദസ്സിൽ സഭാശ്രേഷ്ഠർ ഉൾപ്പെടെ പൗരപ്രമുഖരെയും അല്മായ - സാസ്കാരിക - രാഷ്ട്രീയ പ്രതിനിധികളെയും സാക്ഷികളാക്കി, മാർ ജോർജ് ഞറളക്കാട്ടിന്റെ സുവർണ ജൂബിലി ആഘോഷം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. പൗരോഹിത്യത്തിന്റെ സുവർണ ജൂബിലി ആഘോഷിക്കുന്ന മാർ ജോർജ് ഞറളക്കാട്ട് ഒരേ സമയം ആത്മീയവും ഭൗതികവുമായ മേഖലകളിൽ നേതൃത്വം നൽകുകയും കർഷകരുടെയും ദുരിതം അനുഭവിക്കുന്നവരുടെയും ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുകയും ചെയ്ത മാതൃകാ വ്യക്തിത്വം ആയിരുന്നെന്ന് ഉദ്ഘാടനം ചെയ്ത മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഉറച്ച നിലപാടുകളോടെ സഭാസേവനം നടത്തിയ പിതാവാണ് മാർ ഞറളക്കാട്ട്. സിബിസിഐയുടെ വൈസ് പ്രസിഡന്റ് എന്ന നിലയിൽ ഉൾപ്പെടെ സഭാ നേതൃത്വത്തിലും മികവുറ്റ സാന്നിധ്യമായ മാർ ജോർജ് ഞറളക്കാട്ട് അജപാലകർക്ക് ഉത്തമ മാതൃകയാണെന്നും കർദിനാൾ പറഞ്ഞു.





മാർ ജോർജ് ഞറളക്കാട്ടിന്റെ പൗരോഹിത്യ സുവർണ ജൂബിലി ആഘോഷം ദൈവകൃപ ആനന്ദമഴയായി പെയ്തിറങ്ങിയ അപൂർവ മുഹൂർത്തമായിരുന്നു. അര നൂറ്റാണ്ടിന്റെ പൗരോഹിത്യ ജീവിത്തിൽ നൽകിയ അനുഗ്രഹങ്ങൾക്കു നന്ദി പറഞ്ഞു മാർ ജോർജ് ഞറളക്കാട്ടിന്റെ നേതൃത്വത്തിൽ കത്തീഡ്രൽ പള്ളിയിൽ ജൂബിലി വി. കുർബാന അർപ്പിച്ചായിരുന്നു തുടക്കം. സീറോമലബർ സഭാ തലവൻ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉൾപ്പെടെ 14 ബിഷപ്പുമാർ ചേർന്നു അർപ്പിച്ച വി. കുർബാനയിൽ അതിരൂപതയെ പ്രതിനിധാനം ചെയ്തു 70 വൈദീകരും സഹകാർമികരായിരുന്നു. തൃശൂർ ആർച്ച്ബിഷപ് എമിരിറ്റസ് മാർ ജേക്കബ് തൂങ്കുഴി വചനസന്ദേശം നൽകി. ബെൽത്തങ്ങാടി ബിഷപ്മാർ ലോറൻസ് മുക്കുഴി ആമുഖം പറഞ്ഞു. തലശ്ശേരി ആർച്ച്ബിഷപ് എമിരിറ്റസ് മാർ ജോർജ് വലിയമറ്റം, ബിഷപ്പുമാരായ മാർ ജോസ് പൊരുന്നോടം (മാനന്തവാടി), മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ (താമരശ്ശേരി), മാർ ലോറൻസ് മുക്കുഴി (ബൽത്തങ്ങാടി), മാർ ജോസഫ് അരുമച്ചാടത്ത് (ഭദ്രാവതി), ഡോ. വർഗീസ് ചക്കാലയ്ക്കൽ (കോഴിക്കോട്), റൈറ്റ് റവ. ഡോ. അലക്സ് വടക്കുംതല (കണ്ണൂർ), റൈറ്റ് റവ. ഡോ. ജോസഫ് മാർ തോമസ് (ബത്തേരി), സഹായമെത്രാൻമാരായ മാർ ജോസഫ് പാംപ്ലാനി (തലശേരി അതിരൂപത), മാർ ജോസഫ് പണ്ടാരശ്ശേരി (കോട്ടയം അതിരൂപത) എന്നിവരും കാർമികരായിരുന്നു.

# പ്രളയദുരന്തം: റെയിൻബോ പദ്ധതിയുമായി കാഞ്ഞിരപ്പള്ളി രൂപത

കാഞ്ഞിരപ്പള്ളി: പ്രളയദുരന്തത്തിൽ തലമുറകളുടെ അധ്വാനവും കരുതലും ഒഴുകിപ്പോയ കോട്ടയം, ഇടുക്കി ജില്ലകളിലെ വിവിധ പ്രദേശങ്ങളുടെ പുനരധിവാസത്തിനും പുനർനിർമാണത്തിനും സഹായ സമാശ്വാസ പദ്ധതികളുമായി കാഞ്ഞിരപ്പള്ളി രൂപത.

രൂപതയുടെയും ഇടവകകളുടെയും സ്ഥലങ്ങളിൽ അനുയോജ്യമായവ കണ്ടെത്തിയും സുമനസുകളുടെ സ്ഥലങ്ങൾ സംഭാവനയായി സ്വീകരിച്ചും പുനരധിവാസ ഭവന നിർമാണ പദ്ധതിക്കായി രൂപത ഭൂനിധി രൂപീകരിക്കും.

ഉരുൾപൊട്ടലിലും മിന്നൽപ്രളയത്തിലും വീട് നഷ്ടപ്പെട്ടവരെ പുനരധിവാസിപ്പിക്കാനും നഷ്ടങ്ങളുണ്ടായവരെ ജീവിതത്തിലേക്ക് തിരികെയെത്തിക്കാനും വിവിധ സാമൂഹികക്ഷേമ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. പുനരധിവാസ പദ്ധതിയുടെ രൂപരേഖ കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ പത്രസമ്മേളനത്തിൽ അവതരിപ്പിച്ചു. കാഞ്ഞിരപ്പള്ളി രൂപത വിഭാവനം ചെയ്യുന്ന ഭവന നിർമാണ പുനരധിവാസപദ്ധതിയിൽ സ്ഥലം, സാമഗ്രികൾ, സാമ്പത്തികം ഉൾപ്പെടെ ആവുന്ന സഹായങ്ങൾ നൽകി റെയിൻബോ പദ്ധതിയിൽ സ ഹകരിക്കുവാൻ വിശ്വാസിസമൂഹത്തോട് മാർ ജോസ് പുളിക്കൽ ആഹ്വാനംചെയ്തു.

### കോടികളുടെ നഷ്ടം

കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകൾ അതിരിടുന്ന കാഞ്ഞിരപ്പള്ളി രൂപതയിലെ കൊക്കയാർ, അഴങ്ങാട്, മേലോരം, മുക്കുളം, വടക്കേമല, ഏന്തയാർ, മുണ്ടക്കയം, പാലൂർക്കാവ്, തെക്കേമല, കാഞ്ഞിരപ്പളി, അഞ്ചിലിപ്പ, പഴയിടം, ചേനപ്പാടി, കൊരട്ടി, ആനക്കല്ല്, കപ്പാട്, എരുമേലി, ചെറുവള്ളി തുടങ്ങിയ ഗ്രാമീണ പ്രദേശങ്ങളിലാണ് പ്രളയത്തിലും ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും കോടികളുടെ നാശനഷ്ടങ്ങൾ സംഭവിച്ചിരിക്കുന്നത്.

മണ്ണിടിഞ്ഞും റോഡുകൾ മുറിഞ്ഞും ഒറ്റപ്പെട്ടുപോയ അഴങ്ങാട്, മുക്കുളം, വടക്കേമല മലയോരഗ്രാമങ്ങളിലെ കുടിയേറ്റ കർഷകർക്കുണ്ടായ വൻ കഷ്ടനഷ്ടങ്ങൾ തുടക്കത്തിൽ പുറംലോകം അറിഞ്ഞിരുന്നില്ല. കുടുംബത്തിനോ ഗ്രാമത്തിനോ പ്രദേശത്തിനോ അവരുടെ തനിച്ചുള്ള അധ്വാനത്തിലും സംഭാവനയിലും നാടിനെയും വീടിനെയും തിരികെപ്പിടിക്കാൻ സാധിക്കില്ലാത്ത സാഹചര്യമാണുള്ളത്.



### ദുരിതാശ്വാസപ്രവർത്തനം

പ്രളയം പിൻവാങ്ങിയ മണിക്കൂറുകളിൽ തന്നെ മാർ ജോസ് പുളിക്കലിന്റെ അധ്യക്ഷതയിൽ വിവിധ അജപാലന സമിതികളും സാമൂഹിക സേവന വിഭാഗങ്ങളും അടിയന്തര യോഗങ്ങൾ ചേർന്ന് ദുരിതാശ്വാസപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾക്കു രൂപം നൽകിയിരുന്നു. വിവിധദേശക്കാരായ യാത്രക്കാർ, ശബരിമല തീർഥാടകർ തുടങ്ങിയവർക്കും ദുരിതത്തിൽ അകപ്പെട്ടവർക്കും കുട്ടിക്കാനം മരിയൻ കോളജ്, കൂവപ്പള്ളി അമൽജ്യോതി എൻജിനീയറിംഗ് കോളജ് എന്നിവിടങ്ങളിലും വിവിധ ഇടവകളിലെ പാരീഷ് ഹാളുകളിലും സ്കൂൾകെട്ടിടങ്ങളിലും ഭക്ഷണവും സുരക്ഷിത താമസവും ക്രമീകരിച്ചിരുന്നു. സീറോമലബാർ യൂത്ത് മൂവ്മെൻറ് ആരംഭിച്ച ഹെൽപ് ഡെസ്ക് എല്ലാം നഷ്ടപ്പെട്ടവർക്ക് ആശ്വാസമായിരുന്നു.

വൈദികരുടെയും സന്യസ്തരുടെയും അത്മായ സന്നദ്ധ പ്രവർത്തകരുടെയും നേതൃത്വത്തിൽ പ്രളയ ബാധിത മേഖലകളിൽ ശുചീകരണം, ദുരിതാശ്വാസ പ്രവർത്തനങ്ങൾ, യുവദീപ്തി - എസ്എംവൈഎം, എകെസിസി, പിതൃവേദി, മാതൃവേദി, ജീസസ് യൂത്ത്, വിൻസെന്റ് ഡിപോൾ, മിഷൻലീഗ് എന്നിവ തുടർന്നു വരികയാണ്.

രൂപതയുടെ സാമൂഹ്യസേവന വിഭാഗങ്ങളായ മലനാട് ഡെവലപ്മെന്റ് സൊസൈറ്റി, പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി എന്നിവയിലൂടെ സഹായങ്ങൾ ആവശ്യമായ സ്ഥലങ്ങളിൽ അവശ്യവസ്തുക്കൾ എത്തിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. അടിയന്തര ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കാൻ രൂപതയുടെ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.

### സർക്കാർ പാക്കേജ് വേണം

രൂപതയുടെ താമസയോഗ്യമായ സ്ഥലങ്ങൾ കണ്ടെത്തി വീടുകൾ വച്ചുനൽകുന്നതിനൊപ്പം സർക്കാരിന്റെ പ്രത്യേക പാക്കേജ് ഉണ്ടാകണമെന്നു മാർ ജോസ് പുളിക്കൽ ആവശ്യപ്പെട്ടു. ഈ വിഷയത്തിൽ സർക്കാരിന്റെ അടിയന്തരശ്രദ്ധ വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സർക്കാരിനൊപ്പം ചേർന്നു പ്രവർത്തിച്ച് സമൂഹത്തിൽ ആരുമില്ലാത്തവരെ കൈപിടിച്ചുയർത്താനാണു തീരുമാനം.

### എല്ലാം നഷ്ടപ്പെട്ടവർക്കൊപ്പം

പ്രളയത്തിൽ എല്ലാം നഷ്ടമായവർക്ക് ആശ്വാസവും സഹായവുമായി രൂപതയിലെ സന്യാസസമൂഹങ്ങളും അത്മായസംഘടനകളും ഇടവകകളും സ്ഥാപനങ്ങളും വ്യക്തികളും ഇതിനകം പങ്കാളികളായിട്ടുണ്ട്.

ഓരോ വർഷവും കാഞ്ഞിരപ്പള്ളി രൂപത 20 കോടിയോളം രൂപ രൂപതയുടെ സാമൂഹ്യസേവന വിഭാഗങ്ങളായ മലനാട് ഡെവലപ്മെന്റ് സൊസൈറ്റി, പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി, ജീവൻ ദശാംശ പദ്ധതി തുടങ്ങിയവ വഴി ചെലവഴിക്കുന്നുണ്ട്. ഈ ദിവസങ്ങളിൽ മാർ ജോസ് പുളിക്കൽ ദുരിതബാധിതമേഖലകളിൽ തുടർച്ചയായി സന്ദർശനം നടത്തി ദുരിതാശ്വാസപ്രവർത്തനങ്ങൾക്കു വേണ്ട മാർഗനിർദേശങ്ങൾ നല്കുന്നു.

പത്രസമ്മേളനത്തിൽ വികാരി ജനറാൾ ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ, പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി റവ. ഡോ. തോമസ് പൂവത്താനിക്കുന്നേൽ, മലനാട് ഡെവല്മെന്റ് സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് മറ്റമുണ്ടയിൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഷെവ. വി.സി. സെബാസ്റ്റ്യൻ, ഫിനാൻസ് കൗൺസിൽ സെക്രട്ടറി സോണി തോമസ് പുരയിടത്തിൽ എന്നിവരും പങ്കെടുത്തു.


Disclaimer: The views and opinions in various articles expressed in this newsletter are solely those of the authors alone.